# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 28, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--405]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 3867 മുതൽ 4012 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 4013 മുതൽ 4134 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 4135 മുതൽ 4165 വരെ |
| തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി | : 4166 മുതൽ 4271 വരെ |

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ നവകേരള സദസ്സ്</u>**

3867 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള സദസ്സുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ആകെ എത്ര പരാതികൾ/ അപേക്ഷകൾ ലഭിച്ചു എന്നും അതിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നും ഇനി എത്രയെണ്ണം തീർപ്പാക്കാൻ ഉണ്ടെന്നും വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ?

**<u>നവകേരള സദസ്സിൽ ലഭിച്ച പരാതികൾ പരിഹരിക്കാൻ നടപടി</u>**

3868 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ലഭിച്ച പരാതികളിൽ പൊതുസ്വഭാവം ഉള്ള പരാതികൾ പരിഹരിക്കാൻ നിലവിലുള്ള ഉത്തരവുകളിലോ ചട്ടങ്ങളിലോ ഭേദഗതികൾ ആവശ്യമാണെന്നിരിക്കെ നാളിതുവരെ എത്ര ഉത്തരവുകൾ/ചട്ടങ്ങൾ ഇതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഭേദഗതി ചെയ്ത ഉത്തരവുകളുടെയും ചട്ടങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

**<u>കാസർഗോഡ് ജില്ലയിൽ എയിംസ് സ്ഥാപിക്കാൻ നടപടി</u>**

3869 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യം സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ കത്തിന്റെയും കേന്ദ്ര സർക്കാരിന്റെ മറുപടിയുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) എയിംസ് സ്ഥാപിക്കാൻ എത്ര ഏക്കർ സ്ഥലം വേണമെന്ന് നിബന്ധനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് എയിംസ് ഏതെങ്കിലും പ്രത്യേക സ്ഥലത്ത് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ എയിംസ് സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്നതിനുള്ള നടപടി</u>

3870 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാനും, ഗവേഷണമുൾപ്പെടെയുള്ള സാധ്യതകൾ വർദ്ധിപ്പിക്കാനും സഹായിക്കുന്ന എയിംസ്, കേരളത്തിനു മാത്രം അനുവദിക്കാതെ വിവേചനം കാട്ടുന്ന കേന്ദ്ര സർക്കാർ സമീപനത്തിനെതിരെ പ്രതിപക്ഷ സഹകരണത്തോടെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ;

(ബി) എയിംസ് അനുവദിച്ച് കിട്ടുന്നതിനായി സംസ്ഥാന സർക്കാർ ഇത് വരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി</u>

3871 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ച തുകയെത്രയെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## <u>കൊടുങ്ങല്ലൂർ മണ്ഡലത്തിലെ നവകേരള സദസ്സ്</u>

3872 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് കൊടുങ്ങല്ലൂർ മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര എണ്ണം തീർപ്പാക്കിയെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ?

## <u>നവകേരള സദസ്സ്</u>

3873 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി ജോയി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭ ഒന്നാകെ ജനമധ്യത്തിലേയ്ക്ക് ഇറങ്ങിചെല്ലുകയും അവരുമായി സംവദിക്കുകയും ചെയ്തതിലൂടെ നവകേരള സദസ്സ് ഒരു ചരിത്രസംഭവമായി മാറിയതായി വിലയിരുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നവകേരള സദസുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആശയങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അവയിൽ നൂതനമായ ഏതെങ്കിലും ആശയങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ഡി) വ്യത്യസ്തവും അതിനൂതനവുമായ ആശയങ്ങളും മറ്റും നവകേരള നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

## <u>കുന്നംകുളം മണ്ഡലത്തിലെ നവകേരള സദസ്</u>

3874 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി കുന്നംകുളം മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻ നടപടി</u>

3875 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഓഫീസ് സംവിധാനം എല്ലാ ഓഫീസുകളിലും നടപ്പാക്കിയിട്ടും ചിലർ ബോധപൂർവം ഫയലുകൾ താമസിപ്പിക്കുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പരാതികളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിൽ സമയപരിധി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതി</u>

3876 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ കണ്ടിജൻസി ചാർജ്ജിനത്തിലും ലാൻഡ് അക്വിസിഷൻ തുകയിനത്തിലും കണക്കാക്കിയ തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് കൈക്കൂലി

3877 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ടുകൾക്ക് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ കൈക്കൂലി തിരികെ ആവശ്യപ്പെട്ട് ഒരു വിഭാഗം ബോട്ട് ഉടമകൾ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രിയുടെ ഓഫീസിൽ എത്തി ബഹളമുണ്ടാക്കിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മന്ത്രിയുടെ ആരോപണ വിധേയരായ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളെ പുറത്താക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് കൈക്കൂലി നൽകിയതുമായി ബന്ധപ്പെട്ട് ബോട്ട് ഉടമകൾ മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന നിലപാട് സ്വീകരിച്ച മന്ത്രിയെ മന്ത്രിസഭയിൽ നിന്നും മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ ശിക്ഷാനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## ഡി.പി.സി ചേരാത്ത സാഹചര്യത്തിൽ താൽകാലിക പ്രൊമോഷന് നടപടി

3878 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ യഥാസമയം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരാത്തത് മൂലം ജീവനക്കാർക്ക് കൃത്യമായി പ്രൊമോഷൻ കിട്ടാതെ വിരമിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എല്ലാ വകുപ്പുകളിലും നിശ്ചിത സമയത്ത് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികയിൽ ഒഴിവ് വരുന്ന ദിവസം പ്രൊമേഷൻ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ചില വകുപ്പുകളിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യഥാസമയം ചേരാത്ത അവസരങ്ങളിൽ ജീവനക്കാർ വിരമിക്കേണ്ട സാഹചര്യം ഉണ്ടായാൽ പ്രസ്തുത ജീവനക്കാർക്ക് താൽകാലിക പ്രൊമേഷൻ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം

3879 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു എന്നറിയിക്കാമോ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര; നിലവിൽ എത്ര സർക്കാർ ജീവനക്കാരുണ്ട്; വിശദമാക്കാമോ;

(ബി) ജീവനക്കാർക്കും അധ്യാപകർക്കും ശമ്പള പരിഷ്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഏത് കാലഘട്ടം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പെൻഷൻകാർക്ക് കൊടുത്തു തീർക്കാനുള്ള കഴിഞ്ഞ ശമ്പള പരിഷ്കരണ കാലഘട്ടത്തിലെ ആനുകൂല്യങ്ങൾ മുഴുവനും നൽകി തീർത്തോ; വിശദാംശങ്ങൾ അറിയിക്കാമോ?

## വി.ആർ.എസ്-ന് അപേക്ഷിച്ച സർക്കാർ ജീവനക്കാരും അദ്ധ്യാപകരും

3880 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ എത്ര സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും വി.ആർ.എസ്-ന് അപേക്ഷിച്ചിട്ടുണ്ട്; വർഷം, വകുപ്പ്, തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ; മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപേക്ഷകരിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാരിലും അധ്യാപകരിലും എത്ര പേർ ശമ്പളമില്ലാത്ത 5 വർഷത്തെ അവധിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വർഷം, വകുപ്പ്, തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും തങ്ങളുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപത്തിൽ നിന്നും വായ്പയായി വാങ്ങിയ തുക എത്രയാണ്; ഇതിൽ ടെമ്പററി അഡ്വാൻസ് / നോൺ റീഫണ്ടബിൾ അഡ്വാൻസ് എന്നിവ പ്രത്യേകം ലഭ്യമാക്കാമോ; ഇതിൽ മുൻ കാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരിക്കുന്ന വർദ്ധനവ് എത്ര ശതമാനമാണ് എന്നറിയിക്കാമോ?

## സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം

3881 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങളുടെ അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എല്ലാ ഓഫീസുകളിലും ത്രീ ഡേയ്സ് റൂൾസ്, ഫൈവ് ഡേയ്സ് റൂൾസ് എന്നിവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തിയിട്ടും ഫയൽ നീക്കത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## താലൂക്ക്/ബ്ലോക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടി

3882 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക്/ബ്ലോക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ മന്ത്രിമാരുടെ ഒരു ടീമിനെ അധികാരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) മുൻ കാലങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തിയപ്പോൾ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടെയുള്ള കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ സാധിച്ചിരുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

## സെക്രട്ടറി/ഡയറക്ടർ തലത്തിൽ തീർപ്പാക്കാനുള്ള ഫയലുകൾ

3883 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10.06.2024 വരെ സെക്രട്ടറിയേറ്റിലെ വിവിധ സെക്രട്ടറിമാരുടെ പക്കലും വിവിധ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ വകുപ്പ് അദ്ധ്യക്ഷൻമാർ/ ഡയറക്ടർമാരുടെ പക്കലും തീർപ്പാക്കാനുള്ള ഫയലുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

## ആശ്രിത നിയമന പദ്ധതിക്ക് പകരം സമാശ്വാസ ധനസഹായം

3884 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലുള്ള ജീവനക്കാർ മരണപ്പെടുമ്പോൾ അവരുടെ ആശ്രിതർക്ക് നൽകി വരുന്ന ആശ്രിത നിയമന പദ്ധതിക്ക് പകരം സമാശ്വാസ ധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജീവനക്കാരുടെ മരണ സമയത്ത് 13 വയസ് തികഞ്ഞ ആശ്രിതർക്ക് മാത്രമേ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുന്നതിന് അർഹതയുള്ളൂവെന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ആശ്രിത നിയമനത്തിന്റെ ഘടന മാറ്റുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ നവകേരള സദസ്സ്

3885 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്ന് എത്ര പരാതികൾ ലഭിച്ചുവെന്ന വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പരാതികളിൽ എത്രയെണ്ണം തീർപ്പാക്കിയെന്ന വിവരം പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ തിരിച്ച് അറിയിക്കാമോ;

(സി) ശേഷിക്കുന്നവ തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഏതെങ്കിലും പരാതികൾ നിരസിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ അഭാവം നികത്താൻ നടപടി

3886 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരു വകുപ്പ് മേധാവിയ്ക്ക് പല വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ അഖിലേന്ത്യാ സർവ്വീസിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## പത്തനംതിട്ട ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്

3887 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഗ്രേഡ് 2 സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റിന്റെ പത്തനംതിട്ട ജില്ലയിലെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ ഈ തസ്തികയിൽ നിലവിൽ ദിവസ വേതനം, കരാർ, ഡെപ്യൂട്ടേഷൻ എന്നീ വ്യവസ്ഥകളിൽ ആരെങ്കിലും ജോലി ചെയ്തുവരുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി

3888 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് , സി.എം.എൽ.ആർ.ആർ.പി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. പദ്ധതികൾ**

3889 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, സിഎംഎൽആർആർപി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ;

(ബി) മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് , സിഎംഎൽആർആർപി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാത്തവ ഏതെല്ലാമെന്നും അതിന്റെ കാരണങ്ങളും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മണലൂർ മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

3890 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നതിന്റെ വിശദാംശം നൽകാമോ?

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികൾ**

3891 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ?

**കെ ഡിസ്കിന്റെ പ്രവർത്തനം**

3892 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് 1955 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണോ കെ- ഡിസ്ക് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സൊസൈറ്റി രജിസ്റ്റർ ചെയ്യുമ്പോൾ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണം എത്ര; നിലവിൽ പ്രസ്തുത സൊസൈറ്റിയിലുള്ള അംഗങ്ങളുടെ എണ്ണവും ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരുടെ എണ്ണവും അറിയിക്കാമോ;

(സി) കെ ഡിസ്കിന്റെ നിലവിലെ ശരാശരി പ്രതിമാസ പ്രവർത്തന ചെലവ് എത്ര രൂപയാണ്; ശമ്പളം, മറ്റിനങ്ങളിലെ ചെലവുകൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ കെ ഡിസ്ക് മുഖേന തൊഴിൽ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ആയതിന് കെ ഡിസ്ക് വഹിച്ച പങ്ക് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി മുഖേന ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് ഓരോ സ്ഥാപനവും തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) 2026 ന മുൻപ് കെ ഡിസ്ക് മുഖേന ആകെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത് ഏതൊക്കെ വിഭാഗങ്ങളിൽ എത്ര വീതം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ആണ് ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ ലഭ്യമാക്കുന്നു?

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സയൻസ് സെന്റർ ഇന്നോവേഷൻ ഹബ് പ്ലാനറ്റേറിയം

3893 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സയൻസ് സെന്റർ ഇന്നോവേഷൻ ഹബ് പ്ലാനറ്റേറിയം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പ് ആധുനിക ലാബുകൾ സ്ഥാപിക്കുന്നതിനായി തളിപ്പറമ്പ് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്; ആയതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## സ്കിൽ ഗ്യാപ് അസ്സെസ്സ്മെന്റ് പദ്ധതി

3894 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരള നോളജ് ഇക്കണോമി മിഷൻ നടത്തുന്ന സ്കിൽ ഗ്യാപ് അസ്സെസ്സ്മെന്റ് (നൈപുണ്യ വിടവ് വിശകലനം) പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; സ്കിൽ ഗ്യാപ് ഉള്ളവർക്കായി ഏതെല്ലാം ഏജൻസികളിലൂടെയാണ് സ്കിൽ കോഴ്സുകൾ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

## കാർബൺ ന്യൂട്രൽ പദ്ധതി

3895 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ തീരുമാനിച്ച എസ്റ്റേറ്റുകളും ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

3896 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള സയന്റിഫിക് സ്റ്റാഫിന്റെയും ടെക്നിക്കൽ സ്റ്റാഫിന്റെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണെന്ന് സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡനിൽ ജീവനക്കാരുടെ പ്രമോഷൻ അസസ്മെന്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) അസസ്മെന്റ് നടത്തുമ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിൽ എന്തെങ്കിലും മുൻഗണന ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പിന്നാക്ക സംവരണ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ആയതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ജി) പ്രമോഷൻ അസസ്മെന്റ് നടത്തുമ്പോൾ പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളുടെ സംവരണ റൊട്ടേഷൻ</u>**

3897 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളുടെ സംവരണ റൊട്ടേഷനിൽ മുസ്ലിം ജനവിഭാഗങ്ങൾക്കായി നിശ്ചയിച്ചിരുന്ന ടേൺ മറ്റേതെങ്കിലും വിഭാഗത്തിന് നിയമനം നൽകാനുള്ള ടേണായി നിശ്ചയിച്ച് നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം ടേൺ പുന:ക്രമീകരിച്ചതിലൂടെ മുസ്ലിം വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സംവരണത്തോത് കുറയുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുസ്ലിം ജനവിഭാഗങ്ങൾക്ക് നൽകിയിരുന്ന ടേണുകളിൽ ചിലത് ഭിന്നശേഷിക്കാർക്ക് നൽകാൻ തീരുമാനിച്ചത് മൂലം നിലവിലുള്ള സംവരണമനുസരിച്ച് മുസ്ലിം ജനവിഭാഗങ്ങൾക്ക് കിട്ടേണ്ട നിയമനങ്ങളുടെ എണ്ണത്തിൽ കുറവു വരുന്നത് ഒഴിവാക്കാൻ എന്തു പരിഹാരമാണുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) ഭിന്നശേഷി നിയമനത്തിനു പുറമേ ആശ്രിത നിയമനത്തിനായും മുസ്ലിം വിഭാഗത്തിന്റെ ടേൺ എടുക്കാൻ ഉള്ള പ്രോപ്പോസൽ നിലവിൽ സർക്കാരിനോ പി.എസ്.സിയ്ക്കോ മുൻപിലുണ്ടോ;

(ഇ) മുസ്ലിം വിഭാഗത്തിന്റേതല്ലാതെ മറ്റേതെങ്കിലും വിഭാഗത്തിന്റെ സംവരണ ടേൺ ഇപ്രകാരം മറ്റു വിഭാഗങ്ങൾക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കേരളാ പബ്ലിക് സർവീസ് കമ്മീഷൻ നിയമന നടപടികൾ</u>

3898 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്ന നിയമന പ്രക്രിയയുടെ ഘട്ടങ്ങൾ വിശദമാക്കാമോ;

(ബി) 2023-24 വർഷത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എത്ര തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും തസ്തികയിലേക്ക് കമ്മീഷൻ പുറത്തിറക്കുന്ന വിജ്ഞാപനത്തിന് ഒരു അപേക്ഷ മാത്രം ലഭിക്കുന്ന പക്ഷം അത്തരം ഉദ്യോഗാർത്ഥിക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ നിയമന ശിപാർശ നൽകാൻ വ്യവസ്ഥയുണ്ടോ;

(ഡി) നേരിട്ട് നിയമന പ്രക്രിയ നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെ വിജ്ഞാപന പ്രകാരം ഏതെങ്കിലുമൊരു തസ്തികയിലേക്ക് ഒരു ഉദ്യോഗാർത്ഥി മാത്രം അപേക്ഷ നൽകിയാൽ റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാതെ നിയമനം നൽകാൻ അനുവാദമുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പി.എസ്.സി. നിയമനം</u>

3899 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. കാറ്റഗറി നമ്പർ 026/2022 പ്രകാരമുള്ള കെഎസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്കുള്ള നിയമനത്തിന്റെ ഭാഗമായി ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമന നടപടികൾ തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്</u>

3900 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്( കാറ്റഗറി നമ്പർ 537/2022) എന്നാണ് നിലവിൽ വന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർഥികൾക്ക് ഇതുവരെ നിയമനം നൽകി; വ്യക്തമാക്കാമോ;

(സി) കാലാവധി അവസാനിക്കാൻ പത്ത് മാസം മാത്രം ശേഷിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർഥികൾക്ക് നിയമനം

നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

3901 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും നാളിതുവരെയായി എത്ര പേർക്കാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ വരുന്ന ഒഴിവുകളിലേക്കാണ് നിയമന ശിപാർശ നൽകുന്നതെന്ന വിവരം ലഭ്യമാക്കാമോ;

(സി) കമ്പനി/കോർപ്പറേഷൻ/ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിലവിൽ പ്രസ്തുത തസ്തികയിൽ ദിവസവേതനം, കരാർ, ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാരുള്ളതെന്ന് വിശദമാക്കാമോ?

## ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയ ഉത്തരവും എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റും

3902 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയ ഉത്തരവിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയ്ക്ക് സ്കൂളുകളിലെ ബാച്ചുകൾ അനുസരിച്ച് വേണ്ട പിരീഡുകൾ എത്രയാണെന്ന് വിശദമാക്കുമോ;

(ബി) 2017-ൽ മേൽപ്പറഞ്ഞ ഉത്തരവിലെ ഭേദഗതിയിൽ മിനിമം പിരീഡ് മൂന്നിൽ നിന്ന് ആറിലേയ്ക്ക് ഫിക്സ് ചെയ്യുന്നതിന് പകരം ഏഴിലേയ്ക്ക് ഫിക്സ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(സി) പി.എസ്.സി. കാറ്റഗറി നമ്പർ 246/2017 റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമനങ്ങൾ മേൽപ്പറഞ്ഞ 2022 ലെ സർക്കാർ ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണോ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

3903 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലാവധി ദീർഘിപ്പിച്ചതുകൊണ്ടുമാത്രം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ?

## മലപ്പുറം ജില്ലയിലെ പി.എസ്.സി. നിയമനം

3904 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നിലവിൽ വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ നിലവിൽ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളും പ്രസിദ്ധീകരിക്കാനുള്ള പുതിയ റാങ്ക് ലിസ്റ്റുകളും ഏതെല്ലാം; റാങ്ക് ലിസ്റ്റുകൾ സമയ ബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

## <u>സർവ്വകലാശാല അസിസ്റ്റന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

3905 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല അസിസ്റ്റന്റ് മുൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചശേഷം എത്ര ഒഴിവുകളാണ് പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽ പ്രതീക്ഷിത ഒഴിവുകളുണ്ടോയെന്നും സർവ്വകലാശാലകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) കാറ്റഗറി നമ്പർ 486/2022 സർവ്വകലാശാല അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് അത് പ്രാബല്യത്തിൽ വന്നതെന്നും വിവിധ കാറ്റഗറികളിൽ ആകെ എത്ര പേരാണ് ലിസ്റ്റിലുള്ളതെന്നും പട്ടിക തിരിച്ച് വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര വർഷമാണെന്ന് അറിയിക്കാമോ;

(സി) മേൽ റാങ്ക് പട്ടികയിൽ നിന്നും എത്ര നിയമന ശിപാർശകൾ അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ നിയമനശിപാർശകൾ അയക്കാൻ വൈകുന്നതിന്റെ കാരണം അറിയിക്കാമോ; എന്നത്തേക്ക് നിയമനശിപാർശകൾ അയക്കുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റാങ്ക് പട്ടികയിൽ ഉൾപ്പെട്ട നാലാം കാറ്റഗറി ഭിന്നശേഷിക്കാരുടെ ഡിസെബിലിറ്റി പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇവരുടെ പരിശോധന എന്നു മുതലാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും അറിയിക്കാമോ; ഇക്കാര്യത്തിൽ കാലതാമസമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഗവ. സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ</u>

3906 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മെയ് മാസത്തിൽ ഗവ. സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിൽ നിന്നും സെക്ഷൻ ഓഫീസർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള

തസ്തികകളിൽ നിന്നും എത്ര പേർ വിരമിച്ചുവെന്ന് വിശദമാക്കാമോ;

(ബി) 2024 മെയ് 31 വരെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് അർഹമായ പെൻഷൻ ആനുകൂല്യം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിരമിക്കലിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള അസിസ്റ്റന്റ് തസ്തികയിലേക്കുള്ള എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ</u>

3907 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി പ്രകാരം ഇതുവരെ എത്ര സൗജന്യ കണക്ഷനുകൾ നൽകിയെന്നു വ്യക്തമാക്കാമോ;

(ബി) പൊതു വിഭാഗത്തിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൻപ്രകാരം എത്ര കെ-ഫോൺ കണക്ഷൻ നൽകിയെന്നും അറിയിക്കാമോ;

(സി) മണ്ഡലത്തിലെ എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയെന്ന് അറിയിക്കാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി</u>

3908 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>വിവരസാങ്കേതിക വിദ്യാരംഗത്തെ നൂതന സംരംഭങ്ങൾ</u>

3909 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതിക വിദ്യാരംഗത്തെ നൂതന സാധ്യതകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ബ്ലോക്ക്ചെയിൻ ടെക്നോളജി, ഡിജിറ്റൽ കംപ്യൂട്ടിംഗ്, 5 ജി തുടങ്ങിയവ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഓരോ രംഗത്തും എത്ര തുക വീതം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

## <u>കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിക്ക് അനുയോജ്യമായ ഭൂമി</u>

3910 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള അനുബന്ധ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## കെ-ഡിസ്ക് മുഖേന സ്കിൽ കോഴ്സ് പദ്ധതി

3911 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലും ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ കെ-ഡിസ്കുമായി സഹകരിച്ച് സ്കിൽ കോഴ്സ് ആരംഭിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഓരോ മണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കെ-ഫോൺ പദ്ധതി

3912 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെ-ഫോൺ പദ്ധതി പ്രകാരം എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അക്ഷയ സെന്ററുകൾ

3913 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അക്ഷയ സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് അക്ഷയ സെന്ററുകൾ അനുവദിച്ച് പൊതുജനങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

3914 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ അക്ഷയ കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങൾ ആണ് ലഭ്യമാക്കുന്നതെന്നും പ്രസ്തുത സേവനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ?

## പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

3915 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ നഗരസഭയിൽ നിലവിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം വാർഡുകളുടെ പരിധിയിലാണെന്നും അവയുടെ മേൽവിലാസവും ലഭ്യമാക്കാമോ;

(സി) അനുവദിക്കപ്പെട്ട വാർഡുകൾക്ക് പുറത്ത് ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;സംസ്ഥാനത്തെ തൊഴിലന്വേഷകരേയും തൊഴിൽ ദാതാക്കളെയും കോർത്തിണക്കുന്നതിനായി നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നല്കിയിട്ടുണ്ടോ;

(ഡി) പ്രദേശവാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് വേണ്ടി ഓരോ വാർഡുകളിലുമുള്ള അക്ഷയ കേന്ദ്രങ്ങൾ പ്രസ്തുത വാർഡുകളുടെ മധ്യഭാഗത്ത് സ്ഥാപിക്കുന്നത് കൂടുതൽ സൗകര്യപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ അവ പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

## ഇരവിപുരം മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

3916 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഇരവിപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് കോർപ്പറേഷൻ/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## സ്റ്റാർട്ട്അപ്പ് മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

3917 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ദേശീയ സ്റ്റാർട്ട്അപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമറായി ഉയരുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്റ്റാർട്ട്അപ്പ് ആവാസ വ്യവസ്ഥയുടെ ആകെ മൂല്യം എത്രയാണ്; സ്റ്റാർട്ട്അപ്പ് മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) എൻ.ആർ.ഐ.കൾക്ക് സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുവാൻ സഹായകമായി സ്റ്റാർട്ട്അപ്പ് ഇൻഫിനിറ്റി രൂപീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ?

## ആലപ്പുഴ മണ്ഡലത്തിൽ പൊതു ഇടങ്ങളിൽ ഇന്റർനെറ്റ് സംവിധാന പദ്ധതി

3918 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ഇടങ്ങളിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ വൈ-ഫൈ ഹോട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ കെ-ഫൈ പദ്ധതി പ്രകാരം ഏതൊക്കെ സ്ഥാപനങ്ങളിലാണ് വൈ-ഫൈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മൊബൈൽ ഗവേണൻസ്

3919 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മൊബൈൽ ഗവേണനൻസിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഏതെല്ലാം പുതിയ സേവനങ്ങളാണ് മൊബൈൽ ഗവേണൻസിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ സേവനം നൽകി വരുന്ന കമ്പനി ഏതാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കമ്പനിയുമായുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യം

3920 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ മൂല്യത്തിന്റെ വർദ്ധന സംബന്ധിച്ച് ആഗോള സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ സ്റ്റാർട്ട് അപ്പ് ആവാസ വ്യവസ്ഥയുടെ ആകെ മൂല്യം എത്രയാണ്; ഈ മേഖലയിൽ നേടിയിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അനിമേഷൻ, ഗെയിമിംഗ് രംഗത്ത് എ.വി.ജി.സി.-എക്സ്.ആർ. മേഖലയിൽ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരട് നയം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ ലക്ഷ്യമിടുന്ന പുരോഗതി വിശദമാക്കുമോ?

## ഐ.ടി. മിഷനും സൈബർ സുരക്ഷയും

3921 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സഹായകരമായ രീതിയിൽ സംസ്ഥാന നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം

3922 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് കുന്നത്തുനാട് മണ്ഡലത്തിലെ എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ ഈ ഇനത്തിൽ ധനസഹായമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

3923 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം മുതൽ 2023-24 വരെയുള്ള കാലയളവിൽ കൽപ്പറ്റ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും ആകെ എത്ര രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദ വിവരം ലഭ്യമാക്കാമോ?

## 2016 -ലെ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നൽകിയ ധനസഹായം

3924 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -ലെ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്നും ഇത് എത്ര പേർക്കാണ്

നൽകിയതെന്നും വ്യക്തമാക്കാമോ?

**<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിലേക്ക് അരൂർ മണ്ഡലത്തിലെ അപേക്ഷകൾ</u>**

3925 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അരൂർ മണ്ഡലത്തിലെ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വില്ലേജടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയ അപേക്ഷകൾ വില്ലേജാഫീസുകളിലും താലൂക്ക് ഓഫീസുകളിലും കളക്ടേറ്റുകളിലും കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>അർബുദ രോഗികൾക്കുള്ള പെൻഷൻ കുടിശ്ശിക</u>**

3926 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ രോഗികൾക്ക് നൽകിവരുന്ന പെൻഷൻ നിലവിൽ എത്ര ഗഡുക്കൾ കുടിശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് താലൂക്കിൽ കൊടിയത്തൂർ വില്ലേജിലെ നഫീസ എടക്കണ്ടി എന്നയാൾക്ക് ഈ പദ്ധതി പ്രകാരം എത്ര ഗഡുക്കൾ കുടിശികയുണ്ടെന്നും ഇത് നൽകാത്തതിന്റെ കാരണവും വിശദമാക്കാമോ;

(സി) പ്രസ്തുത കുടിശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ദുരന്ത നിവാരണ പ്രവർത്തനങ്ങൾ</u>**

3927 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്രവാതച്ചുഴി മൂലമുള്ള അതിതീവ്രമഴയും കാലവർഷവും കാരണം വെള്ളപ്പൊക്ക ഭീഷണി നേരിടാൻ ഇടയുള്ള സംസ്ഥാനത്ത് ദുരന്ത നിവാരണ വകുപ്പ് സ്വീകരിച്ചതും സ്വീകരിച്ചു വരുന്നതുമായ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ചക്രവാതച്ചുഴി, കാലവർഷം ഇവ സംബന്ധിച്ച അറിയിപ്പ് ലഭിച്ചതെന്നാണെന്നും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച പ്രധാന നടപടികൾ തീയതികൾ സഹിതം വെളിപ്പെടുത്താമോ;

(സി) ഇപ്പോഴുണ്ടായ അതിതീവ്രമഴയിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളെല്ലാം വെള്ളക്കെട്ടിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു കാരണമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

**<u>മിന്നലേറ്റ് പശു മരണപ്പെട്ടതിന് നഷ്ടപരിഹാരം</u>**

3928 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിന്നലേറ്റ് പശു മരണപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് താമരശ്ശേരി സ്വദേശി ശ്രീ. ചക്കിങ്ങൽ കുഞ്ഞാലിക്കുട്ടിയുടെ അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**തവനൂർ മണ്ഡലത്തിൽ തിരൂർ പൊന്നാനി പുഴയിലെ വാടിക്കൽ തൂക്കുപാലം**

3929 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽ ദുരന്ത നിവാരണ ഫണ്ടുപയോഗിച്ച് നിർമ്മിച്ച തിരൂർ പൊന്നാനി പുഴയിലെ വാടിക്കൽ തൂക്കുപാലം അറ്റകുറ്റ പണികൾ നടത്താതെ ഒരു വർഷമായി അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അറ്റകുറ്റ പണികൾ നടത്തി തുറന്നു കൊടുക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മിച്ചതിനു ശേഷം ഏതെങ്കിലും അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഫണ്ട് ഉപയോഗിച്ചാണ് നടത്തിയതെന്നും എന്നാണ് നടത്തിയതെന്നും വ്യക്തമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

3930 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ 19.08.2023 തീയതിയിലെ 517/2023/ ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റോഡ് പ്രവൃത്തി തുടങ്ങാൻ വൈകിയതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാകുമോ?

**പ്രകൃതി ദുരന്ത നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം**

3931 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽ വീടും കെട്ടിടങ്ങളും തകർന്നതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തകർച്ചയുടെ വ്യാപ്തിക്കനുസരിച്ച് വിവിധ സ്ലാബുകളാക്കി നഷ്ടപരിഹാരം നൽകുന്ന രീതി മാറ്റി പൂർണ്ണമായും തകർന്നത്, ഭാഗമായി തകർന്നത് എന്ന രണ്ട് വിഭാഗം മാത്രമായി മാറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പുതിയ പരിഷ്കാരം മൂലം നഷ്ടപരിഹാരത്തുക കുറയുന്ന സാഹചര്യത്തിൽ പഴയ രീതി പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പ്രകൃതി ദുരന്തത്തിൽ വീട് തകർന്നതിനുള്ള നഷ്ടപരിഹാരം

3932 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തത്തിൽ വീട് തകർന്ന പയ്യന്നൂർ താലൂക്കിൽ വയക്കര വില്ലേജിലെ ശ്രീ. ജോയ് വിളക്കുന്നേൽ സെബാസ്റ്റ്യൻ എന്നയാൾക്ക് പ്രഖ്യാപിച്ചിരുന്ന നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലെ തുടർനടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഏത് വകുപ്പിന്റെ ഏത് ഓഫീസിലാണുള്ളതെന്നും ആയതിന്റെ നമ്പർ എത്രയാണെന്നും അറിയിക്കാമോ;

(സി) നഷ്ടപരിഹാരം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഫ്ലഡ് വർക്കുകൾ

3933 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് വർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

## കൊല്ലം മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരന്ത നിവാരണ സ്കീമിൽ ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ

3934 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരന്ത നിവാരണ സ്കീമിൽ ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡുകൾ

3935 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ 2023-24 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കപ്പെട്ട റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## മുല്ലപ്പെരിയാർ മേൽനോട്ട സമിതി

3936 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുല്ലപ്പെരിയാർ അടക്കമുള്ള വൃഷ്ടിപ്രദേശം അതിതീവ്ര മഴമൂലം എന്തെങ്കിലും സുരക്ഷാ ഭീഷണി നേരിടുന്നുണ്ടോയെന്നറിയിക്കാമോ;

(ബി) മുല്ലപ്പെരിയാർ കേസുമായി ബന്ധപ്പെട്ട് സുപ്രീംകോടതി നിയോഗിച്ച മേൽനോട്ട സമിതിയുടെ അണക്കെട്ട് സന്ദർശനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേൽനോട്ട സമിതിയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സമിതി പ്രധാന അണക്കെട്ട്, ബേബിഡാം സ്പിൽവേ എന്നിവയുടെ കാര്യക്ഷമതയും സീപേജ് വാട്ടറിന്റെ അളവും പരിശോധിച്ചിട്ടുണ്ടോ;

(ഇ) അണക്കെട്ട് നിരീക്ഷണത്തിനും പരിപാലനത്തിനുമായി 2014-ൽ സുപ്രീംകോടതി നിയോഗിച്ച മൂന്നംഗ സമിതിയുടെ നിഗമനങ്ങളും നിരീക്ഷണങ്ങളും എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) കേരളത്തിന് സുരക്ഷയും തമിഴ്നാടിന് ജലവുമെന്ന സംസ്ഥാനത്തിന്റെ പ്രഖ്യാപിത നിലപാടിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

## കൊല്ലം മണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ പ്രവൃത്തികൾ

3937 **ശ്രീ എം മുകേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കൊല്ലം നിയോജക മണ്ഡല പരിധിയിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതമുള്ള വിശദവിവരം ലഭ്യമാക്കുമോ?

## തിരുരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്റർ

3938 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്ററിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ റെഗുലേറ്ററിന്റെ കാലപ്പഴക്കത്തിനാലും, അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ഉണ്ടായിട്ടുള്ള ചോർച്ച കാരണം വണ്ടൂർ മുതൽ, പരപ്പനങ്ങാടി വരെയുള്ള ശുദ്ധ ജലം

കടലുണ്ടിപ്പുഴയിലൂടെ അറബിക്കടലിൽ എത്തി ഉപയോഗശൂന്യമാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കാമോ ;

(സി) പ്രസ്തുത റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ പുതുക്കിപ്പണിയുന്നതിനോ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വെളിപ്പെടുത്താമോ?

## കനോലി കനാൽ വികസനം

3939 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാൽ വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കാൻ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പദ്ധതി നടത്തിപ്പ് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

## കോവളം-ബേക്കൽ ജലപാത നിർമ്മാണം

3940 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ജലപാത നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ് സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയുടെ ഭാഗമായ പനത്തുറ, പുത്തൻപാലം സ്റ്റീൽ പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ ഭാഗമായ പാർവതി പുത്തനാർ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിയെന്നും ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; വെസ്റ്റ്

കോസ്റ്റ് കനാൽ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് എത്ര സമയമെടുക്കുമെന്നും എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നും അറിയിക്കാമോ;

(ജി) ജലപാത നിലവാരത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പാർവതി പുത്തനാർ നവീകരിക്കുന്നതിനും സംരക്ഷണ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ ദേശീയ ജലപാത നിർമ്മാണം</u>

3941 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജില്ലയിൽ എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വില്ലേജുകൾ തിരിച്ച് കണക്കുകൾ വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കലിനായി പ്രഖ്യാപിച്ച ഭൂ ഉടമകൾക്കുള്ള പാക്കേജ് സംബന്ധിച്ച് വിശദാംശം നൽകാമോ?

## <u>ദേശീയ ജലപാതാ പദ്ധതിയിൽ ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പാലം</u>

3942 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതാ പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ പാലം പൊളിച്ച പശ്ചാത്തലത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രതിസന്ധികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊളിച്ചുമാറ്റിയ പഴയ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിന്റെ നിർവ്വഹണ ചുമതല ഏത് ഏജൻസി/വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ഇതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പുതിയ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>ഇ-ഓഫീസ് സംവിധാനം</u>

3943 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനം പുനഃക്രമീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇ-ഓഫീസ് സംവിധാനത്തിന്റെ പോരായ്മ മൂലം ഫയലുകളുടെയും പെറ്റീഷനുകളുടെയും ഓൺലൈൻ നീക്കം സ്തംഭിച്ചത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കളക്ടറേറ്റുകളിലും മറ്റ് സർക്കാർ ഓഫീസുകളിലും ഫയലുകളും പരാതികളും കെട്ടികിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) ഇ-ഓഫീസ് പരിഷ്കരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിന്റെ സഹായം ലഭിച്ചിട്ടുണ്ടോയെന്നും ഇത് കേന്ദ്ര സോഫ്റ്റ്‌വെയർ മുഖേനയാണോ പരിഷ്കരിക്കുന്നത് എന്നും അറിയിക്കാമോ;

(ഇ) ഇ-ഓഫീസ് പരിഷ്കരിക്കുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇ-ഫയലിംഗ് നടപ്പിലാക്കിയതിന് ശേഷം അതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇത് നടപ്പിലാക്കിയതിന് ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ജി) ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

## പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി

3944 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പത്രപ്രവർത്തകേതര (നോൺ ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയവരിൽ ഇനി എത്ര പേർക്കാണ് അംഗത്വം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അംഗത്വം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ഡി) അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് പെൻഷൻ അനുവദിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പരസ്യത്തിനായി ചെലവഴിച്ച തുക

3945 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം പരസ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈയിനത്തിൽ ഏതെല്ലാം ഏജൻസികൾക്ക് ഇനിയും തുക നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) പരസ്യം നൽകുന്നതിനായി സ്ഥിരമായി ഏതെങ്കിലും എജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പ്രവാസി ഭദ്രത പദ്ധതി

3946 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഭദ്രത പദ്ധതി പ്രകാരം 2023-24 കാലഘട്ടത്തിൽ ആരംഭിച്ച സ്വയം തൊഴിൽ പദ്ധതികളുടെ വിശദാംശം ജില്ല തിരിച്ചുള്ള പട്ടികയായി ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതി പ്രകാരം വ്യവസായം, കൃഷി, കച്ചവടം, സേവനം തുടങ്ങിയ മേഖലകളിൽ ആരംഭിച്ച സംരംഭങ്ങൾ സംബന്ധിച്ച വിവരം ജില്ല തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ?

## സാന്ത്വന പദ്ധതി

3947 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുളള പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

## പാസ്പോർട്ട് നേരിട്ട് ലഭ്യമാക്കുന്നതിന് നടപടി

3948 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ടിന് അപേക്ഷിച്ചവർക്ക് അവർ നേരിട്ട് പാസ്പോർട്ട് ഓഫീസിൽ ചെന്നാൽ പാസ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## സാന്ത്വനം പദ്ധതി

3949 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബത്തിന് സഹായം നൽകുന്നതിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്തുനിന്ന് മടങ്ങിവരുന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച സാന്ത്വനം പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) 2023-24 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുക വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) കുവൈറ്റ് തീപിടിത്ത ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിദേശത്ത് ജോലിചെയ്യുന്ന മലയാളികളുടെ ലേബർ ക്യാമ്പിലെ സൗകര്യങ്ങളും സുരക്ഷയും വിലയിരുത്തുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ നടപടികൾക്ക് നിർദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

## പ്രവാസികാര്യ വകുപ്പിനായി വകയിരുത്തിയ തുക

3950 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രവാസികാര്യ വകുപ്പിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2011 മുതൽ 2016 വരെ എന്തു തുകയാണ് വകയിരുത്തിയിരുന്നതെന്ന് വർഷം തിരിച്ച് വിശദമാക്കുമോ?

## നോർക്ക റൂട്ട്സിന്റെ ലക്ഷ്യങ്ങൾ

3951 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലും വിദേശ രാജ്യത്തും താമസിക്കുന്നവരും ജോലിചെയ്യുന്നവരുമായ കേരളീയരുടെ വിവിധങ്ങളായ പ്രശ്നങ്ങളിൽ നോർക്ക സാധ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്ന വിലയിരുത്തൽ സർക്കാരിനുണ്ടോ; വിശദമാക്കാമോ;

(ബി) പ്രവാസി കേരളീയകാര്യ വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ലക്ഷ്യങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിന് നോർക്ക റൂട്ട്സ് നടത്തി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ രാജ്യാന്തര റിക്രൂട്ട്മെന്റ് ലൈസൻസുള്ള ഏജൻസി എന്ന നിലയിൽ നോർക്ക റൂട്ട്സ് ആരംഭിച്ചിട്ടുള്ള നൈപുണ്യ വികസനവും വിദേശഭാഷാ പരിശീലനവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## നാലാം ലോക കേരള സഭ

3952 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം മുകേഷ്**
**ശ്രീമതി ദെലീമ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ സാഹചര്യത്തിലും പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആവുന്നത്ര കാര്യങ്ങൾ പരിഹരിക്കുന്നതിനുമായി നാലാം കേരള സഭയുടെ സംഘാടനത്തിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ തനത് കലകളും സംസ്കാരവും വിദേശരാജ്യങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനും കഴിയത്തക്കവിധം കേരള

കലാമണ്ഡലത്തിന്റെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽ പരിപാടി അവതരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ ലോക കേരള സഭയിൽ ഉയർന്നുവന്നിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

## പോലീസ് സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയും സ്വയം വിരമിക്കലും

3953 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും ആത്മഹത്യ ചെയ്ത പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയെന്നും ഏതെല്ലാം തസ്തികയിൽ ഉള്ളവരാണ് ആത്മഹത്യ ചെയ്തതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും സ്വയം വിരമിച്ച എത്ര പോലീസ് സേനാംഗങ്ങൾ ഉണ്ടെന്നും എത്രപേർ സ്വയം വിരമിക്കലിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) മേലുദ്യോഗസ്ഥരിൽ നിന്നുള്ള സമ്മർദ്ദവും അമിത ജോലിഭാരവുമാണ് ആത്മഹത്യക്കും സ്വയം വിരമിക്കലിനും കാരണമാകുന്നത് എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സേനാംഗങ്ങൾക്ക് സമ്മർദ്ദരഹിതമായും ആത്മവിശ്വാസത്തോടെയും ജോലി ചെയ്യാനുള്ള സാഹചര്യം പോലീസ് സേനയിൽ ഉണ്ടാക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## ഗുണ്ടാ പോലീസ് ബന്ധം

3954 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ പോലീസ് ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്തതായി 01-02-2023 ലെ നിയമസഭ ചോദ്യത്തിനുള്ള മറുപടിയിൽ പരാമർശിച്ചിരുന്ന 14 പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്

3955 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ പൊട്ടൽ കണ്ടെത്തിയ സംഭവത്തിലെ എഫ്.ഐ.ആറി.ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസിലെ പോലീസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## പണിഷ്മെന്റ് റോൾ തീർപ്പാക്കൽ

3956 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ദീർഘകാലം ജോലി ചെയ്തതിന് ശേഷം പണിഷ്മെന്റ് റോൾ മിനിറ്റ്സ് തീർപ്പാക്കാത്ത കാരണത്താൽ പ്രമോഷൻ ലഭിക്കാതെ ഉദ്യോഗസ്ഥർ ജോലിയിൽ നിന്ന് റിട്ടയർ ചെയ്യേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം വിഷയങ്ങളിൽ പ്രശ്നപരിഹാരത്തിനായി ഡി.വൈ.എസ്.പി. മുതൽ മേൽത്തട്ടിലുള്ള ഉദ്യോഗസ്ഥർ ആരെയാണ് സമീപിക്കേണ്ടത് എന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് കൃത്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് വകുപ്പിൽ പണിഷ്മെന്റ് റോൾ മിനിറ്റ്സ് സംബന്ധിച്ച ഫയലുകൾ ആഭ്യന്തര വകുപ്പിൽ അകാരണമായി തടഞ്ഞു വച്ചിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇക്കാലയളവിൽ പണിഷ്മെന്റ് റോൾ മിനിറ്റ്സ് ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്ത എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഗ്ലാസ് ബ്രിഡ്ജ് പൊട്ടിയ സംഭവത്തിൽ പരാതി

3957 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ പൊട്ടൽ കണ്ടെത്തിയ സംഭവത്തിൽ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

## ലോക് സഭാ തെരഞ്ഞെടുപ്പിനിടെ രജിസ്റ്റർ ചെയ്ത കേസുകൾ

3958 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ലെ ലോക് സഭാ തെരഞ്ഞെടുപ്പിലെ ആഹ്ലാദപ്രകടനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആർക്കെങ്കിലും എതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2024 ലെ ലോക് സഭാ തെരഞ്ഞെടുപ്പിലെ കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ആർക്കെങ്കിലും എതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

3959 **ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. പി. ബാലചന്ദ്രൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുതാര്യവും നീതിയുക്തവുമായി നിയമം നടപ്പാക്കി പൗരാവകാശങ്ങൾ, വ്യക്തി മഹത്വം എന്നിവ സംരക്ഷിച്ചുകൊണ്ട് ക്രമസമാധാനപാലനം നടത്തുവാൻ പ്രതിജ്ഞാബദ്ധമായ സംവിധാനമായി സംസ്ഥാന പോലീസിനെ മാറ്റിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മികച്ച രീതിയിൽ സംസ്ഥാനത്ത് ക്രമസമാധാനം നിലനിൽക്കുമ്പോൾ പോലീസിന്റെ ജനോപകാര പ്രവർത്തനങ്ങൾ മൂടിവച്ച് ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പൊതുജനങ്ങൾക്കിടയിൽ പോലീസിന് അവമതിപ്പുണ്ടാക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജനങ്ങളും പോലീസും തമ്മിൽ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി ശക്തമായ മീഡിയ പ്ലാറ്റ്ഫോം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെ ആഭിമുഖ്യത്തിൽ അത്യാധുനികമായ പബ്ലിക് റിലേഷൻസ് വിഭാഗം രൂപീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കുമോ;

(ഡി) പോലീസ് സംവിധാനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി സാമൂഹ്യ മാധ്യമ വിശകലന ലാബ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>പോലീസ് ഉദ്യോഗസ്ഥർക്കിടയിലെ ആത്മഹത്യ പ്രവണത</u>

3960 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) അമിത ജോലിഭാരവും അനാവശ്യ രാഷ്ട്രീയ സമ്മർദവും പോലീസ് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ പ്രവണത സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പോലീസ് ഉദ്യോഗസ്ഥരുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനും കുടുംബജീവിതത്തിനുകൂടി പ്രാധാന്യം നൽകുവാൻ കഴിയുന്ന രീതിയിലും ജോലിഭാരം ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഇ) രാഷ്ട്രീയ സമ്മർദങ്ങൾ ഇല്ലാതെ സുതാര്യവും സ്വതന്ത്രവും നീതിയുക്തവുമായി കർത്തവ്യനിർവഹണം നടത്തുവാനുള്ള സാഹചര്യം സംസ്ഥാന പോലീസ്

ഉദ്യോഗസ്ഥർക്ക് ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ഡ്യൂട്ടിക്ക് പോകുന്ന യാത്രാ മദ്ധ്യേ സംഭവിക്കുന്ന അപകടം**

3961 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായുള്ള യാത്രാമദ്ധ്യേ പോലീസ് ഉദ്യോഗസ്ഥർക്ക് സംഭവിക്കുന്ന അപകടങ്ങളെ തുടർന്നുള്ള ചികിൽസക്ക് കെ.എസ്.ആർ റൂൾ 103 അനുസരിച്ചുള്ള ഹോസ്പിറ്റൽ ലീവ് അനുവദിക്കുന്നതിൽ പല ജില്ലകളിലും പല തരത്തിലുള്ള നിലപാടുകളും ജില്ലാ പോലീസ് മേധാവികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളിൽ നീതിപൂർവ്വമായ സമീപനം സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുമോ;

(ബി) ഇത്തരത്തിൽ അപേക്ഷ നൽകിയ പോലീസ് ഉദ്യോഗസ്ഥയുടെ അവധി അപേക്ഷ എറണാകുളം സിറ്റി പോലീസ് കമ്മീഷണർ നിരസിച്ചതിനെ തുടർന്ന് പ്രസ്തുത ഉദ്യോഗസ്ഥ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ ഇ.കെ.എം 1911/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ് ഫയൽ ചെയ്തു എന്ന കാരണത്താൽ പ്രസ്തുത ഉദ്യോഗസ്ഥയുടെ 2022 സെപ്റ്റംബർ മാസത്തെ ശമ്പളവും ആനുകൂല്യങ്ങളും കൊച്ചി സിറ്റി പോലീസ് കമ്മീഷണർ തടഞ്ഞുവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കമ്മീഷണറുടെ നടപടി പുനപരിശോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്ന് സമർപ്പിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് സമർപ്പിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

**അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റത്തിലെ പോലീസ് നടപടി**

3962 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റം സംബന്ധിച്ച് സംസ്ഥാന പോലീസ് വകുപ്പിന് ലഭിച്ചിട്ടുള്ള ആകെ പരാതികൾ എത്രയെണ്ണമാണെന്നും ഇതിൽ ഏതൊക്കെ പരാതികളിലാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ആകെ എത്ര പരാതികളാണ് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര പരാതികളിലാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ; റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ആദിവാസി ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വാർത്തകൾ റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ;

വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം മാധ്യമ പ്രവർത്തകർക്ക് എതിരായി ആകെ എത്ര കേസുകളാണ് എടുത്തിട്ടുള്ളതെന്നും ഏതൊക്കെ കുറ്റകൃത്യങ്ങൾ ചുമത്തിയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കുമോ?

## പിൻവലിച്ച ക്രിമിനൽ കേസുകൾ

3963 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ക്രിമിനൽകേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ എത്ര കേസുകൾ പിൻവലിച്ചതായി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ

3964 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇതേവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പണം തിരികെ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സ്പെഷ്യൽ പോലീസ് ഓഫീസർമാരുടെ വേതനം

3965 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് മുഖേന 2024 ലോക്സഭ ഇലക്ഷൻ ഡ്യൂട്ടിക്ക് നിയമിച്ച സ്പെഷ്യൽ പോലീസ് ഓഫീസർ(എസ്.പി.ഒ) മാർക്ക് പ്രതിഫലം പൂർണമായും നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ;

(ബി) എത്ര പേരെ സ്പെഷ്യൽ പോലീസ് ഓഫീസർ(എസ്.പി.ഒ) ആയി നിയമിച്ചുവെന്ന് ജില്ലാ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ; അതിൽ എത്രപേർക്ക് പ്രതിഫലം ലഭ്യമാക്കി എന്ന് അറിയിക്കാമോ?

## പോലീസ് ക്യാന്റീൻ സൗകര്യം

3966 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർദ്ധ സൈനിക വിഭാഗങ്ങൾക്കുള്ള സെൻട്രൽ പോലീസ് ക്യാന്റീൻ സൗകര്യം ആഭ്യന്തര വകുപ്പിന് കീഴിലുള്ള പോലീസ്, ജയിൽ, ഫയർ ഫോഴ്സ് , വിജിലൻസ് വിഭാഗങ്ങൾക്ക് കൂടി ലഭിച്ചിരുന്നത് ഇപ്പോൾ പോലീസ് വിഭാഗത്തിന് മാത്രമാക്കി ഉത്തരവിറങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾക്കുകൂടി ക്യാന്റീൻ സൗകര്യം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## <u>മദ്യനയം മാറ്റുന്നതിന് പണപ്പിരിവ്</u>

3967 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയം മാറ്റുന്നതിന്റെ പേരിൽ മുഖ്യമന്ത്രിയുടെയും മറ്റും പേരുപറഞ്ഞ് ബാറുടമകളുടെ സംഘടന പണപ്പിരിവ് നടത്തുന്നതായി ഒരു വിഭാഗം ബാറുടമകൾ മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പരാതി ലഭിച്ചത് എന്നാണ്; പരാതിയിൽ തുടർനടപടികൾ സ്വീകരിച്ചത് എന്നാണ്; എന്തൊക്കെ തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ് അന്വേഷണത്തിന് നിർദേശം നൽകിയത്; ഇത് സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; അന്വേഷണത്തിൽ എന്തൊക്കെ കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്; ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## <u>വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് തകർന്നതിൽ അന്വേഷണം</u>

3968 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് തകർന്ന് നിരവധി പേർക്ക് പരിക്കേറ്റ സംഭവത്തിൽ പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ?

## <u>തിരഞ്ഞെടുപ്പ് സമയത്ത് പണം നൽകാത്തവർക്കതിരെ എക്സൈസ് കേസെടുക്കുന്നതായ പരാതി</u>

3969 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പ് സമയത്ത് പണം നൽകാത്തവരുടെ പേരിൽ എക്സൈസ് കേസെടുക്കുന്നതായി ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ

പരാതിപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന പ്രസ്തുത പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു കേസ് എടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഭീഷണിപ്പെടുത്തി പണപ്പിരിവ് നടത്തിയെന്ന പരാതിയിന്മേൽ നടപടി

3970 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും പാർട്ടിയുടെയും എക്സൈസ്, ടൂറിസം മന്ത്രിമാരുടെയും പേര് പറഞ്ഞ് ഭീഷണിപ്പെടുത്തി ബാർ ഉടമകളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ പിരിവു നടത്തുകയാണെന്നുള്ള സംഘടനയുടെ ജില്ലാ ഘടകങ്ങളിലെ പരാതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## സ്കൂളുകളിലെ ലഹരി മാഫിയ പ്രവർത്തനം തടയുന്നതിന് സ്റ്റുഡന്റ് പോലീസ്

3971 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിനു വേണ്ടി സ്റ്റുഡന്റ് പോലീസ് സംവിധാനത്തെ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഇടപെടലുകളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

## പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥന്റെ മരണം

3972 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി കോളേജിലെ സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; മരണത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അന്വേഷണം പൂർത്തിയായോ;

(ബി) സി.ബി.ഐ. അന്വേഷണം സംബന്ധിച്ച സർക്കാർ ഫയൽ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർക്ക് കുറ്റപത്രം നൽകാതെ അവരെ സർവീസിൽ തുടരാനും അതിൽ ചിലർക്ക് ഉദ്യോഗ കയറ്റം നൽകാനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മരണപ്പെട്ട വിദ്യാർത്ഥിയുടെ രക്ഷകർത്താക്കൾക്ക് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ;

(ഡി) പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ ആത്മഹത്യ ചെയ്തതായി അറിയുന്ന ജെ. എസ്. സിദ്ധാർഥ് എന്ന വിദ്യാർഥി ആത്മഹത്യയ്ക്ക് ഉപയോഗിച്ചതായി പറയുന്ന വസ്തു പോലീസ് കണ്ടെത്തിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട് സാധിച്ചില്ല എന്ന് വ്യക്തമാക്കാമോ?

## മനുഷ്യക്കടത്ത് തടയാൻ നടപടി

3973 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും സാധാരണക്കാരായ വ്യക്തികളെ വിദേശരാജ്യങ്ങളിലേക്ക് എത്തിച്ച അവയവക്കടത്ത്/അവയവദാനം നടത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അവയവക്കടത്ത് നടത്തുന്നതിനായി അതിഥി തൊഴിലാളികളെ എത്തിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ സൈബർ കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും

3974 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 2023 ജനുവരി 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിൽ ഇരുപത്തിയഞ്ച് വയസ്സിന് താഴെയുള്ള എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും ഇതിൽ മയക്കുമരുന്ന്, സൈബർ കുറ്റകൃത്യം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസുകളുണ്ടെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ വിദ്യാർത്ഥികളിൽ മയക്കുമരുന്ന് ഉപയോഗവുമായോ വില്പനയുമായോ ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിലെ സ്കൂളും പരിസര പ്രദേശങ്ങളിലും വച്ച് കുട്ടികൾ മയക്കുമരുന്ന് വില്പന നടത്തിയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

## ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ

3975 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിൽ ഈ വർഷം നാളിതുവരെ കൊല്ലം സിറ്റി സൈബർ പോലീസ് സ്റ്റേഷനിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആയതിൽ എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് കേസുകൾ ഏറി വരുന്നതിനാൽ ആയത് പ്രതിരോധിക്കാൻ എന്തൊക്കെ നടപടികളാണ് സൈബർ പോലീസ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**<u>വടകര ലോക്സഭാ മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രചരിച്ച പോസ്റ്റർ</u>**

3976 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ലോക്സഭാ മണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ പ്രചരിച്ച കാഫിർ പോസ്റ്റർ, ആരോപിതനായ പ്രമുഖ പ്രതിപക്ഷ യുവജനസംഘടനയുടെ നേതാവാണ് നിർമ്മിച്ചത് എന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന് സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വർഗീയമായി ചേരിതിരിവുണ്ടാക്കി തിരഞ്ഞെടുപ്പിനെ അട്ടിമറിക്കാൻ വ്യാജ പോസ്റ്റർ ഉണ്ടാക്കിയ വ്യക്തിയെ കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) പ്രസ്തുത പോസ്റ്റർ ആദ്യം പ്രത്യക്ഷപ്പെട്ടത് ഭരണകക്ഷി അനുകൂല സൈബർ പേജിൽ ആയിരുന്നോ;

(ഡി) പ്രസ്തുത പോസ്റ്റർ ആദ്യം പ്രത്യക്ഷപ്പെട്ട ഫേസ്ബുക്ക് പേജിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>യുവജന സംഘടനയുടെ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ</u>**

3977 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മാധ്യമം വഴി പ്രമുഖ പ്രതിപക്ഷ യുവജന സംഘടനയുടെ നേതാവിന്റെ പേരിൽ വ്യാജ പോസ്റ്റർ നിർമ്മിച്ചു കൊണ്ട് വർഗീയ ചേരിതിരിവുണ്ടാക്കാൻ ശ്രമിച്ചവർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ?

**<u>മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

3978 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം പോലീസ് സ്റ്റേഷന് പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ പോലീസ് ആസ്ഥാനത്തു നിന്നും ലഭ്യമാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി പോലീസ് സ്റ്റേഷൻ നിർമ്മാണ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം

3979 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭരണാനുമതി പല ഘട്ടങ്ങളായി നൽകുന്നത് പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബാക്കിയുള്ള പ്രവൃത്തികൾ ഒറ്റഘട്ടമായി ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്നും ആയതിൻ പ്രകാരം സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

## കോഴിക്കോട് മെഡിക്കൽ കോളേജ്, വെള്ളയിൽ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം

3980 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വെള്ളയിൽ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## മാറനല്ലൂർ, വിളപ്പിൽ പോലീസ് സ്റ്റേഷനുകളുടെ പുനർനിർമ്മാണം

3981 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ, വിളപ്പിൽ പോലീസ് സ്റ്റേഷനുകൾ പുനർനിർമ്മിക്കുന്നതിനായി അനുമതി ലഭ്യമായ വർഷവും അനുവദിച്ച തുകയും പൂർത്തീകരിച്ച തീയതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

3982 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ലഹരി വർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; തീരപ്രദേശങ്ങളിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടേയും സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുടേയും മക്കൾ പഠിക്കുന്ന തീരദേശ സ്കൂളുകളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>വടക്കേക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

3983 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ വടക്കേക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>അരൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു സ്ഥലം ലഭ്യമാക്കുന്നതിനായി നടപടി</u>

3984 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ പാതയോട് ചേർന്ന അരൂർ വില്ലേജ് ഓഫീസിനു സമീപം അരൂർ പോലീസ് സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം എന്ത് കൊണ്ടാണ് സ്റ്റേഷൻ നിർമ്മാണത്തിന് ഉപയോഗിക്കാത്തതെന്ന് വിശദമാക്കാമോ;

(സി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നാളിതുവരെ കണ്ടെത്തിയ സ്ഥലങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

## <u>പെരിങ്ങോം പോലീസ് സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ്, ചുറ്റുമതിൽ നിർമ്മാണം</u>

3985 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ പെരിങ്ങോം പോലീസ് സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് പൊളിച്ചു മാറ്റി പുതിയത് നിർമ്മിക്കുന്നതിനും ചുറ്റുമതിൽ ഇല്ലാത്ത സ്റ്റേഷന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിൽ പെരുമ്പിലാവ് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ**

3986 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ കുന്നംകുളം മണ്ഡലത്തിൽ പെരുമ്പിലാവ് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തുടർനടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും നിരീക്ഷിക്കുന്നതിന് നടപടി**

3987 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ പ്രവർത്തനങ്ങളും കുറ്റകൃത്യങ്ങളും നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് വിപണനത്തിന് അതിഥി തൊഴിലാളികൾ വഹിക്കുന്ന പങ്കിനെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ക്രമസമാധാന പാലനത്തിൽ അതിഥി തൊഴിലാളികൾ മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ അക്രഡിറ്റഡ് ട്രെയിനർമാരുടെ പട്ടികയ്ക്ക് അനുമതി**

3988 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോക്ക് ലൈസൻസ് ലഭിക്കുന്നതിന് മുന്നോടിയായി ലൈസൻസ് ആവശ്യമുള്ളവർക്ക് പരിശീലനം നൽകുന്നതിനായി അക്രഡിറ്റഡ് ട്രെയിനർമാരുടെ പട്ടിക കോഴിക്കോട് ജില്ലയിൽ നിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടികയ്ക്ക് അനുമതി നൽകുന്നതിനും പരിശീലനം ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ നിയമനം**

3989 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് ലബോറട്ടറിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 2024 മെയ് 31 വരെയുള്ള കാലയളവിൽ എത്ര സാമ്പിളുകൾ രാസപരിശോധനക്കായി പ്രസ്തുത ലബോറട്ടറിയിൽ കെട്ടിക്കിടക്കുന്നു എന്ന് കുറ്റകൃത്യങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) സാമ്പിളുകളിൽ രാസ പരിശോധന നടത്താൻ കഴിയാത്തത് മൂലം ഇരകൾക്ക് നീതി നിഷേധിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ലബോറട്ടറിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കാകത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഇ) പി.എസ്.സി. റാങ്ക ലിസ്റ്റ് നിലവിൽ വന്ന ശേഷം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ എത്ര സയന്റിഫിക്ക് ഓഫീസർ നിയമനമാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

3990 **ശ്രീ. കെ. പി. എ. മജീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിചാരണ കോടതികളിലെ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വീഴ്ചമൂലം പോക്സോ കേസുകളിൽ ഉൾപ്പെട്ട പ്രതികൾ വരെ ശിക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനത്തിൽ കഴിവിന് പകരം രാഷ്ട്രീയ താല്പര്യത്തിന് മുൻതൂക്കം നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയ്ക്ക് മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ കേസുകൾ കൈകാര്യം ചെയ്യാൻ കഴിവും പ്രാപ്തിയുമുള്ള അഭിഭാഷകരെ പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഭൂമി തരംമാറ്റത്തിലെ ക്രമക്കേട്

3991 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിൽ സ്വകാര്യ ഏജൻസികളുടെ ഇടപെടലുകളും മറ്റു ക്രമക്കേടും നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി

3992 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾ, ആർ.ടി. ഓഫീസുകൾ, റവന്യൂ ഓഫീസുകൾ ഉൾപ്പെടെ വിവിധ സർക്കാർ സ്ഥാപനങ്ങളിലെയും കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി തുടങ്ങി ജനങ്ങൾക്ക് എപ്പോഴും ആശ്രയിക്കേണ്ട സ്ഥാപനങ്ങളിലെയും ചില ഉദ്യോഗസ്ഥർ നടത്തുന്ന അഴിമതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മേഖലയിലെ അഴിമതിയും കൈക്കൂലിയും നിർമ്മാർജ്ജനം ചെയ്യുവാനും അഴിമതിക്കാരെയും കൈക്കൂലിക്കാരെയും സർവ്വീസിൽ തുടരുവാൻ അനുവദിക്കാതിരിക്കാനും സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽ എത്ര പേർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു തുടർ നടപടി സ്വീകരിച്ചുവെന്നും എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കിയെന്നും ഓരോ വിഭാഗവും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി

3993 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി തുടങ്ങുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

## പുതിയ കോടതികൾ

3994 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പുതിയ കോടതികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പുതിയ കോടതികൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാം എന്നും ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ ?

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

3995 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആരംഭിച്ചതു മുതൽ 31.05.2024 വരെ എത്ര കേസുകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ബി) എന്നുമുതലുള്ള കേസുകളാണ് തീർപ്പാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) സർക്കാർ മറുപടി ഫയൽ ചെയ്യാത്തത് കാരണം തീർപ്പാക്കാൻ സാധിക്കാത്ത കേസുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) തീർപ്പാക്കാനുള്ള കേസുകളിൽ ഏതൊക്കെ വകുപ്പുകളാണ് മറുപടി ഫയൽ ചെയ്യാത്തതെന്ന് വിശദീകരിക്കുമോ?

**ജുഡീഷ്യൽ ഓഫീസർമാരുടെ നിയമനം**

3996 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസിഫ് മജിസ്ട്രേറ്റുമാരുടെയും, ജില്ലാ ജഡ്ജിമാരുടെയും നിയമനങ്ങളിൽ സംവരണതത്വം ഫലപ്രദമായി പാലിക്കാറുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

3997 **ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീപിടിത്തവും വൻ നാശനഷ്ടവും ഉണ്ടാകുന്ന സാഹചര്യത്തിൽ അഗ്നിശമന സേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ;

(ബി) അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ഏർപ്പെടുത്തിയ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതുമായ കെട്ടിടങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**വൻകിട കെട്ടിടങ്ങളിലെ അഗ്നി സുരക്ഷാ സംവിധാനങ്ങൾ**

3998 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ലാറ്റ് സമുച്ചയങ്ങളടക്കമുള്ള വൻകിട കെട്ടിടങ്ങളിൽ മതിയായ അറ്റകുറ്റപ്പണികൾ നടത്തി വർഷംതോറും അഗ്നിരക്ഷാസേനയുടെ നിരാക്ഷേപ പത്രം കരസ്ഥമാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള പരിശോധനകൾ നടത്തി നിബന്ധനകൾ പാലിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികൾ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഇതിൽ കണ്ടെത്തിയ കുറവുകളും അവ പരിഹരിച്ചതിന്റെ വിശദാംശങ്ങളും അറിയിക്കാമോ;

(സി) ഫ്ലാറ്റ് സമുച്ചയങ്ങളടക്കമുള്ള വൻകിട കെട്ടിടങ്ങളിലും സർക്കാർ ഓഫീസ് സമുച്ചയങ്ങളിലും സർക്കാർ മെഡിക്കൽ കോളേജുകൾ അടക്കമുള്ള വലിയ ആശുപത്രി കെട്ടിട സമുച്ചയങ്ങളിലും മതിയായ അഗ്നി സുരക്ഷാ സംവിധാനങ്ങളും അത്യാഹിതമുണ്ടാകുന്ന വേളയിൽ രക്ഷപ്പെടുന്നതിനായുള്ള മാർഗ്ഗങ്ങളും കൃത്യമായി പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് നിലവിൽ എന്ത്

സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

**<u>അഗ്നി സുരക്ഷാ വകുപ്പിന്റെ പ്രവർത്തനം</u>**

3999 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീപിടിത്തങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അഗ്നിസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ഫലപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇടുങ്ങിയ റോഡുകളിൽ ഭാരമേറിയ അഗ്നിശമന വാഹനങ്ങൾ കൊണ്ടു പോകാൻ ഉപയോഗിക്കുന്ന ബദൽ ഉപകരണങ്ങൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>പരവൂർ അഗ്നി രക്ഷാ നിലയത്തിന്റെ നിർമ്മാണം</u>**

4000 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ അഗ്നി രക്ഷാ നിലയത്തിന്റെ നിർമ്മാണത്തിനായി അഞ്ച് കോടി രൂപക്കുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഫയർ ആൻഡ് സേഫ്റ്റി റെസ്ക്യൂ വിഭാഗത്തിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പരവൂർ അഗ്നി രക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കി കെട്ടിട നിർമ്മാണം വേഗത്തിൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>**

4001 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി നഗരസഭ കേന്ദ്രീകരിച്ച് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>മാവൂർ ഫയർ സ്റ്റേഷൻെറ പ്രവർത്തനം</u>**

4002 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച മാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ബി) സർക്കാർ നിഷ്കർഷിച്ച കെട്ടിട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ മാവൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## കൊടുവള്ളി മണ്ഡലത്തിൽ നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണം

4003 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിൽ നരിക്കുനിയിലെ ഫയർസ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമാക്കാനുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ അഞ്ചുതെങ്ങ് ഫയർ സ്റ്റേഷൻ

4004 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## ജയിലുകളിലെ സുരക്ഷാ വീഴ്ച

4005 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തുടർച്ചയായി സുരക്ഷാ വീഴ്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) തടവുകാരുടെ മൊബൈൽ ഫോൺ, ലഹരി ഉപയോഗം എന്നിവ തടയുന്നതിൽ ഉദ്യോഗസ്ഥർ പരാജയപ്പെടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ജയിലുകളിൽ തടവുകാർ തമ്മിലുള്ള സംഘർഷങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജയിലുകളിലെ സുരക്ഷാ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദീകരിക്കുമോ?

## ജയിൽ വകുപ്പിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി

4006 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജയിൽ വകുപ്പിൽ അന്തേവാസി - ഉദ്യോഗസ്ഥ അനുപാതം എത്രയാണ്; അതു പ്രകാരമുള്ള ഉദ്യോഗസ്ഥർ നിലവിലുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് ജില്ലാ ജയിൽ മാറ്റി സ്ഥാപിക്കൽ

4007 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ജില്ലാ ജയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

## സർക്കാർ പ്രസ്സുകളുടെ നവീകരണം

4008 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിന് 2016-21 ലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## അച്ചടി വകുപ്പിന്റെ ആധുനികീകരണം

4009 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിന്റെ ആധുനികീകരണം സംബന്ധിച്ച് വിശദ പഠനം നടത്തിയ ഡോ.രാജേന്ദ്രകുമാർ ആനയത്ത് അധ്യക്ഷനായുള്ള കമ്മിറ്റിയുടെ ശിപാർശ നടപ്പിലാക്കാൻ കിഫ്ബി മുഖാന്തരം വകയിരുത്തിയിട്ടുള്ള നൂറ് കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ആധുനികീകരണത്തിനായി മെസ്സേഴ്സ് നാപ്കോസ് ലിമിറ്റഡ് സമർപ്പിച്ച ഡീറ്റെയിൽഡ് പോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## നിയമസഭാ സമാജികരുടെ ഓഫീസ് സ്റ്റേഷനറി വിതരണം

4010 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമാജികർക്ക് അനുവദിക്കുന്ന ഓഫീസ് സ്റ്റേഷനറികൾ എം.എൽ.എ. ഹോസ്റ്റലിലോ, നിയമസഭ മന്ദിരത്തിനുള്ളിലോ അനിയോജ്യമായ സ്ഥലത്ത് കൗണ്ടർ സ്ഥാപിച്ച് അതിലൂടെ വർഷത്തിൽ കുറഞ്ഞത് മൂന്ന് തവണയായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കാമോ;

(ബി) നിലവിൽ സ്റ്റേഷനറി വിതരണം ചെയ്യുന്ന സെക്രട്ടറിയേറ്റ് അനക്സിലെ സ്ഥല പരിമിതി, വാഹന പാർക്കിംഗ് ബുദ്ധിമുട്ട് എന്നിവ ഒഴിവാക്കാനുതകുന്ന ഈ

സംവിധാനം താമസംവിനാ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

## വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

4011 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## മഞ്ചേശ്വരം ഹൊസങ്കടിയിലെ റെസ്റ്റ് സ്റ്റോപ്പ് പദ്ധതി

4012 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഹൊസങ്കടിയിൽ ഓവർസീസ് കേരളൈറ്റ്സ് ഇൻവസ്റ്റ്മെന്റ് ആന്റ് ഹോൾഡിംഗ് കമ്പനിയ്ക്ക് നിർമ്മാണ പരിപാലന ചുമതലയുള്ള റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കൊണ്ടുള്ള ഭൗതിക, സാമ്പത്തിക നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ, നിർവ്വഹണ രീതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സർക്കാർ ഭൂമിയാണ് ഉപയോഗപ്പെടുത്തുന്നതെന്നും പ്രസ്തുത ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

4013 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുതുക്കിയ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയാത്തതിനാൽ പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളേയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കാസ്പിൽ പുതിയ രജിസ്ട്രേഷൻ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റും കാരുണ്യ പദ്ധതി വഴിയുള്ള ഇൻഷുറൻസ് തുക അനുവദിക്കാത്തതിനാൽ നിർദ്ധനരായ രോഗികൾക്ക് ആവശ്യമായ ചികിൽസയോ സർജറിക്കുള്ള ചെലവോ ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) സർക്കാർ ആശുപത്രികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം നൽകുവാനുള്ള കുടിശിക തുക എപ്പോൾ നൽകുമെന്ന് അറിയിക്കുമോ?

## 'കനിവ്' പദ്ധതിയിലെ ആംബുലൻസുകൾ

4014 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കനിവ്' പദ്ധതിയുടെ കീഴിൽ ആധുനിക ജീവൻരക്ഷാ സംവിധാനങ്ങളോടുകൂടിയ എത്ര ആംബുലൻസുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; ഓരോ ജില്ലയിലും എത്ര വീതം ആംബുലൻസുകൾ ഉണ്ടെന്ന് വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പദ്ധതികൾ

4015 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## കനിവ് 108 ആംബുലൻസ് സർവീസ്

4016 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കനിവ് 108 ആംബുലൻസ് സർവീസ് നടത്തുന്ന ജീവനക്കാർക്ക് ശമ്പള വിതരണം വൈകുന്നതായ വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏറെ പ്രധാന്യമേറിയ ജീവൻ രക്ഷാ സേവനം നടത്തുന്ന പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൃത്യസമയത്ത് മുടക്കം കൂടാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## ചികിത്സാധനസഹായത്തിലെ കുടിശിക

4017 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ചികിത്സയും ചികിത്സാധനസഹായവും നൽകുന്ന എത്ര സർക്കാർ പദ്ധതികളാണുള്ളത്; നിലവിൽ രോഗികൾക്കും ചികിത്സ നൽകിയ ആശുപത്രികൾക്കും കുടിശിക തുക നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെ പേരും കുടിശികയുടെ വിശദാംശവും പണം ലഭിക്കാനുള്ള ആശുപത്രികൾ ഏതാണെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ വിഹിതം ലഭിക്കാത്തതിനാൽ കുടിശിക ആയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ പദ്ധതികളാണ് സംസ്ഥാന സർക്കാർ വിഹിതം കൈമാറാനുള്ളതെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ഇ-ഹെൽത്ത് പദ്ധതി

4018 **ശ്രീ ഡി കെ മുരളി**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെയും കമ്പ്യൂട്ടർവൽക്കരിക്കുകയും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃഖലയുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഇ-ഹെൽത്ത് പദ്ധതി ഒരു ബൃഹത്ത് സംരംഭമായി മാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇ-ഹെൽത്ത് കേരള പോലുള്ള സമഗ്രമായ പദ്ധതി രാജ്യത്ത് എവിടെയെങ്കിലും ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എന്ന് മുതലാണ് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചത്; പ്രസ്തുത പദ്ധതിയുടെ ഈ സർക്കാരിന്റെ കാലത്തെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഓൺലൈൻ ഒ. പി. ടിക്കറ്റ് സംവിധാനം എവിടെയെല്ലാം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഓൺലൈൻ ഒ. പി. ടിക്കറ്റ് സംവിധാനത്തിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ന്യൂനത പരിഹരിച്ച് പദ്ധതി കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ശ്രുതി തരംഗം പദ്ധതി

4019 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതി തരംഗം പദ്ധതിയുടെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ കുട്ടികളുടെ തുടർപരിപാലനത്തിനായി വകുപ്പ് സൗകര്യങ്ങൾ നൽകുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷന്റെ ഭാഗമായി ഘടിപ്പിച്ച ഉപകരണങ്ങളുടെ അപ്ഡേഷനുകൾക്കും പരിപാലനത്തിനുമായി നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

## ഹൃദ്യം പദ്ധതി

4020 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്യം പദ്ധതി ഏതൊക്കെ ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ നിലവിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഹൃദ്യം പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും പണം ലഭിക്കാനുള്ള എത്ര ആശുപത്രികൾ ഉണ്ടെന്നും ഏതൊക്കെ ആശുപത്രികൾക്ക് എത്ര തുക വീതമാണ് ലഭിക്കാൻ ഉള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഹൃദ്യം പദ്ധതി തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; പദ്ധതിയുടെ എം.ഒ.യു. പുതുക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ; ഈ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് പ്രസ്തുത ആശുപത്രിക്ക് കുടിശ്ശിക തുക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ ഹൃദ്യം പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം നൽകുമോ?

## ആർദ്രം പദ്ധതി

4021 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതി പ്രകാരം ആശുപത്രികളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ; ഇപ്പോൾ ജീവനക്കാരെ നിയമിക്കുന്നതിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണ് നേരിടുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആർദ്രം പദ്ധതിയിൽ പ്രഖ്യാപിച്ച പ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) ഉച്ചയ്ക്ക് ശേഷം കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

## പൈക പി.എച്ച്.സി.

4022 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ പൈക പി.എച്ച്.സി.ക്ക് ആവശ്യമായ സ്ഥലം സംഭാവന നൽകിയ മാത്തച്ചൻ കുരുവിനാൽ കുന്നേലിന്റെ പേര് പ്രസ്തുത പി.എച്ച്.സി.ക്ക് ഇടുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നൂറനാട് ലെപ്രസി സാനിട്ടോറിയം ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി

4023 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ രണ്ടാംഘട്ട നവീകരണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; ആയതിന് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## മഞ്ഞപ്പിത്തം, പകർച്ച വ്യാധികൾ എന്നിവയ്ക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ വിവരം

4024 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് മഞ്ഞപ്പിത്തവും മാരക പകർച്ചവ്യാധികളും കാരണം സർക്കാർ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സ തേടിയ രോഗികളുടെ എണ്ണം എത്രയാണ്; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ഇത്തരത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവർക്ക് നൽകാൻ ആവശ്യത്തിന് മരുന്നും മറ്റും ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന ആക്ഷേപങ്ങൾക്ക് വകുപ്പ് തലത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ടുകൾക്ക് ആസ്പദമായ സംഭവങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകാമോ?

## കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം

4025 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്; ഇവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ പ്രവർത്തിക്കാനായി ഓരോ കുടുംബാരോഗ്യകേന്ദ്രത്തിലും ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് തുടങ്ങിയ ജീവനക്കാർ എത്രപേർ വീതം വേണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നഴ്സ് തസ്തികകൾ ആകെ എത്രവീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബാരോഗ്യകേന്ദ്രങ്ങളിലെ ഫാർമസിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് കൂടുതൽ തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) പുതിയ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കാനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത തസ്തികകൾ അനുവദിച്ച് മരുന്ന് വിതരണം സുഗമമാക്കുമോ; വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾ

4026 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഒരു വർഷം മുൻപ് പ്രഖ്യാപിച്ച മലപ്പുറം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(സി) മലപ്പുറം ജില്ലാ ആസ്ഥാനത്തുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം യാഥാർഥ്യമാക്കാൻ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ആവശ്യമുണ്ടോയെന്നുള്ള വിശദവിവരം നൽകുമോ;

(ഡി) എങ്കിൽ പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാനും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

## ഐസൊലേഷൻ വാർഡ് പ്രവർത്തനക്ഷമമാക്കുന്നത്

4027 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്ത ഐസൊലേഷൻ വാർഡ് ഇനിയും പ്രവർത്തനക്ഷമമാക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) 1.76 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച പ്രസ്തുത വാർഡ് എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മാനസികാരോഗ്യ ചികിത്സ

4028 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ താലൂക്ക് ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമാണ് മാനസികാരോഗ്യത്തിന് ചികിത്സയുള്ളതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് ഏതൊക്കെ ജില്ലയിലാണ് നിത്യവും കഴിക്കേണ്ട മരുന്നുകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## കോട്ടക്കൽ നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐ.പി. സൗകര്യം അനുവദിക്കാൻ നടപടി

4029 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭയുടെ പരിധിയിൽ വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിൽസാ സൗകര്യം

ഇല്ലാത്തതിനാൽ രോഗികൾ ഏറെ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; അതിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ കിടത്തി ചികിൽസയ്ക്കായി അകലെയുള്ള ആശുപത്രികളെ സമീപിക്കേണ്ടിവരുന്ന അവസ്ഥ കണക്കിലെടുത്ത് കോട്ടക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഐ.പി. സൗകര്യങ്ങളോടു കൂടിയ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

## <u>സ്ഥിരം ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം</u>

4030 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധവും രോഗ വ്യാപന നിയന്ത്രണവും അതിവേഗ ചികിത്സയും ഉറപ്പാക്കുന്നതിന് സ്ഥിരം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇപ്രകാരം എത്ര ഐസൊലേഷൻ വാർഡുകൾ നിർമ്മാണം പൂർത്തിയാക്കിയെന്ന് വിശദമാക്കാമോ; അത് എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

## <u>തെന്നല ഫാമിലി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ</u>

4031 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല ഫാമിലി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറെ മാറ്റി പകരം മറ്റൊരു മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്കും (27-12-2023) ആരോഗ്യവകുപ്പ് ഡയറക്ടർക്കും ആരോഗ്യവകുപ്പ് സെക്രട്ടറിക്കും ആരോഗ്യവകുപ്പ് മന്ത്രിക്കും തെന്നല പഞ്ചായത്ത് പ്രസിഡന്റ് നിവേദനങ്ങൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും അത് പ്രകാരം ബന്ധപ്പെട്ടവർക്ക് കത്ത് നൽകുകയും ചെയ്തിട്ടും പ്രസ്തുത മെഡിക്കൽ ഓഫീസറെ ഇതുവരെ മാറ്റി നിയമിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) പഞ്ചായത്ത് ഭരണസമിതി ഇത്തരത്തിൽ തീരുമാനം എടുക്കുന്നതിനുള്ള കാരണങ്ങൾ കണക്കിലെടുത്ത് മെഡിക്കൽ ഓഫീസറെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ വികസനം</u>

4032 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയ്ക്കായി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

**<u>മേലാറ്റൂർ സി.എച്ച്.സിയിൽ കിടത്തി ചികിത്സ</u>**

4033 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ മേലാറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ കിടത്തി ചികിത്സയുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഈ ആശുപത്രിയിൽ നിലവിലുള്ള ബെഡ് സ്റ്റ്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പ്രസവം, സിസേറിയൻ എന്നിവ നടത്തുന്നതിന് നിലവിൽ സൗകര്യമുണ്ടോ;

(ഡി) ഈ ആശുപത്രിയിൽ ആഴ്ചയിൽ ശരാശരി എത്ര പ്രസവം,സിസേറിയൻ എന്നിവ നടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഇ) മേലാറ്റൂർ ആശുപത്രിയിൽ പ്രതിദിനം ശരാശരി എത്ര ഗർഭിണികൾ ചികിത്സയ്ക്കായി ഒ.പി.യിൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) മേലാറ്റൂർ സി.എച്ച്.സി.യിൽ 2023 ജനുവരി 1 മുതൽ 2024 മെയ് 30 വരെയുള്ള കാലയളവിൽ എത്ര പേരെ കിടത്തി ചികിത്സിച്ചിട്ടുണ്ടെന്നും ഈ കാലയളവിൽ എത്ര പ്രസവം, സിസേറിയൻ എന്നിവ നടന്നിട്ടുണ്ടെന്നും വിശദമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുള്ള തസ്തികകൾ</u>**

4034 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയെന്നും അവയിൽ നിയമനങ്ങൾക്കായി സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഗവ: ആയുർവേദ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ എതൊക്കെയെന്നും, ടി തസ്തികകളിൽ നിയമനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ വ്യക്തമാക്കാമോ?

**<u>കോവളം മണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രം</u>**

4035 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ കിടക്കകൾ ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും ഡോക്ടറുടെ സേവനം പകൽ സമയം മാത്രമേ ലഭ്യമാകുന്നുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫുകളെ നിയമിച്ച് കിടത്തി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## കായംകുളം കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന സബ് സെന്ററുകൾ

4036 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന സബ് സെന്ററുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം

4037 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിഫ്ബി ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) 2021 മുതൽ പ്രസ്തുത ആശുപത്രിയിൽ പുതിയതായി ആരംഭിച്ച ചികിത്സാ വിഭാഗങ്ങൾ, തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളുടെ പാറ്റേണിലുള്ള തസ്തികകൾ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

## പെരിങ്ങോം താലൂക്ക് ആശുപത്രി നിർമ്മാണം

4038 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം താലൂക്ക് ആശുപത്രി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

## കുടുംബാരോഗ്യ കേന്ദ്രം

4039 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് ഇപ്പോൾ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജനസംഖ്യ മാനദണ്ഡമാക്കിയാണോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതെന്ന് അറിയിക്കുമോ;

(സി) കോഴിക്കോട് ചെറൂപ്പ ആരോഗ്യകേന്ദ്രം ഏത് വിഭാഗത്തിലുൾപ്പെടുമെന്ന് വ്യക്തമാക്കാമോ?

## മഞ്ചേശ്വരം എഫ്.എച്ച്.സി. യിലെ വികസന പ്രവർത്തനങ്ങൾ

4040 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം എഫ്.എച്ച്.സി. യിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

## ആരോഗ്യ സബ് സെന്റർ

4041 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല ഗ്രാമപഞ്ചായത്തിലെ അറയ്ക്കൽ ആരോഗ്യ സബ് സെന്റർ കെട്ടിട നിർമ്മാണത്തിന് ആരോഗ്യ വകുപ്പ് അനുവദിച്ച തുക പഞ്ചായത്ത് ഭരണ സമിതി ശിപാർശ ചെയ്ത വാളക്കുളം ആരോഗ്യ സബ് സെന്ററിന് മാറ്റി അനുവദിക്കുന്നതിനായി 03-10-2023-ൽ തെന്നല ഗ്രാമപഞ്ചായത്ത് സെക്രട്ടറി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) തെന്നല ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്ത വാളക്കുളം ആരോഗ്യ സബ് സെന്ററിന് പകരം അറയ്ക്കൽ ആരോഗ്യ സബ് സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനായി സർക്കാർ ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അറയ്ക്കൽ ആരോഗ്യ സബ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പഞ്ചായത്ത് ഭരണസമിതി ശിപാർശ ചെയ്ത പ്രകാരം വാളക്കുളം ആരോഗ്യ സബ് സെന്ററിന് പകരം അറയ്ക്കൽ സബ് സെന്ററിന് അനുവദിച്ച ആരോഗ്യവകുപ്പിന്റെ ഗ്രാന്റ് വാളക്കുളം ആരോഗ്യ സബ് സെന്ററിനായി മാറ്റിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

## പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി-യുടെ പ്രവർത്തനം

4042 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററായ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിലെ ആരോഗ്യ പ്രവർത്തകരുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രത്തിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കാട്ടായിക്കോണം, കഴക്കൂട്ടം, ചന്തവിള എന്നീ നഗരസഭ വാർഡുകൾ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി -യുടെ കീഴിലാക്കണമെന്ന ആവശ്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കായംകുളം താലൂക്കാശുപത്രി കെട്ടിട നിർമ്മാണം

4043 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിക്കായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ഇ.കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണം

4044 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്ങാട്ടുപറമ്പ ഇ.കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പുതിയ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഐ.വി.എഫ് ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഐ.വി.എഫ് ക്ലിനിക്ക് പൂർണമായും പ്രവർത്തന സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ് ഉൾപ്പെടെ കൂടുതൽ ഡോക്ടർമാരെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ മതിയായ എണ്ണം മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ?

## പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണം

4045 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പട്ടാമ്പി താലൂക്ക് ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

## <u>പേരാമ്പ്ര താലൂക്ക് ആശുപത്രി നിർമ്മാണം</u>

4046 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയ്ക്ക് സി. കെ. ജി. കോളേജിന്റെ ഭൂമി വിട്ടു കിട്ടുന്നതിന്റെ നടപടി ഏത് ഘട്ടത്തിലാണ്;

(സി) ആശുപത്രി കെട്ടിടം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

## <u>തില്ലങ്കേരി കുടുംബാരോഗ്യ കേന്ദ്രം</u>

4047 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ തില്ലങ്കേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനായി വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## <u>ആലുവ ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം</u>

4048 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജില്ലാ ആശുപത്രിയിലെ ബ്ലഡ് ബാങ്കിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന (ഫയൽ നമ്പർ E/7708798/23/M (H,W&CD) അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ റിപ്പോർട്ടുകളെന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആലുവ ജില്ലാ ആശുപത്രിയിൽ ന്യൂക്ലിക്ക് ആസിഡ് ടെസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ;

ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകൾ**

4049 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി ഉയർത്തിയ സബ് സെന്ററുകളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്റുകളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ?

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക**

4050 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആവശ്യമായി വരുന്നതും പ്രസ്തുത തസ്തിക ഇല്ലാത്തതുമായ മണ്ഡലത്തിലെ മറ്റ് ആശുപത്രികളിൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

4051 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം**

4052 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിനായി 2016 മുതൽ വിവിധ പദ്ധതികൾ പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**അരുവിക്കര മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിലെ പദ്ധതികൾ**

4053 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും പദ്ധതികളുടെ വിശദാംശവും ആശുപത്രി തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ ഐസോലേഷൻ വാർഡ് നിർമ്മാണം</u>**

4054 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പോലുള്ള പകർച്ച വ്യാധികൾ നിയന്ത്രണ വിധേയമാക്കി ചികിൽസ നൽകുന്നതിന് ഒരു നിയോജക മണ്ഡലത്തിൽ ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>ഇരിക്കൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>**

4055 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

**<u>നിലമ്പൂർ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം</u>**

4056 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് തെരെഞ്ഞെടുത്തതെന്ന് അറിയിക്കാമോ; നിലമ്പൂർ എം.എൽ.എ. യുടെ 2021-22 വർഷത്ത ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര രൂപയാണ് ഇതിനായി വക മാറ്റിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം ആരാണ് നിർവഹിക്കുന്നതെന്നും എത്ര തുകയാണ് ഇതിനായി ചെലവഴിക്കുന്നതെന്നും നിർമ്മാണ പുരോഗതിയും അറിയിക്കാമോ; നിർമ്മാണം പൂർത്തീകരിച്ച വാർഡുകൾ പ്രവർത്തനസജ്ജമാണോയെന്ന് അറിയിക്കാമോ; പ്രസ്തുത ഐസൊലേഷൻ

വാർഡുകൾ ഇപ്പോൾ ആശുപത്രികളിലെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഐസൊലേഷൻ വാർഡുകളുടെ ഉപയോഗത്തെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

4057 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് അംഗത്വ പദ്ധതിയിൽ പുതുതായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ നേരത്തെ അപേക്ഷിക്കാൻ കഴിയാത്ത, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ

4058 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യവും ക്യാൻസർ ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യവും പരിഗണിച്ച് പ്രസ്തുത രോഗികൾക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## ആരോഗ്യകേന്ദ്രങ്ങളിലെ ചികിത്സ പിഴവുകൾ

4059 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ എത്ര ചികിത്സ പിഴവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതുമൂലം എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ചികിത്സ പിഴവുകൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്മേൽ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ സാമ്പത്തിക ക്രമക്കേടുകൾ

4060 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ വെയർഹൗസ് ബിൽഡിംഗുകൾ വാടകയ്ക്ക് എടുത്ത വകയിൽ ഏകദേശം പത്ത് ലക്ഷത്തോളം രൂപ സാമ്പത്തിക ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത ക്രമക്കേട് നടത്തിയ ജീവനക്കാരിക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ഉൾപ്പെടുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ജീവനക്കാരി കോർപ്പറേഷനിൽ തുക തിരിച്ച് ഒടുക്കിയ രേഖയുടെ പകർപ്പ് നൽകുമോ;

(ബി) വർഷാവർഷം കെ.എം.എസ്.സി.എൽ. ധനകാര്യവിഭാഗം ഓഡിറ്റ് നടത്തിയിട്ടും പ്രസ്തുത ജീവനക്കാരി നടത്തിയ തട്ടിപ്പ് കണ്ടുപിടിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ ഈ തട്ടിപ്പിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ഉൾപ്പെടുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക തട്ടിപ്പ് നാളിതുവരെ വിജിലൻസിൽ അറിയിക്കുകയോ മറ്റ് നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരി കഴിഞ്ഞ പതിനാല് വർഷമായി നടത്തിയ സമാനമായ തട്ടിപ്പുകൾ കണ്ടുപിടിക്കാനും നിയമനടപടികൾ സ്വീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ജീവനക്കാരിയെ സ്ഥിരപ്പെടുത്തിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകാമോ; ഈ സാമ്പത്തിക തട്ടിപ്പിന് കോർപ്പറേഷനിലെ മറ്റു ജീവനക്കാർ കൂട്ടുനിന്നിട്ടുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

## അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള സഹായം

4061 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രസ്തുത ശസ്ത്രക്രിയകൾക്ക് സഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികളുണ്ടോ; വിശദമാക്കാമോ?

## അവയവദാന വ്യവസ്ഥകൾ

4062 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര അവയവദാന ചട്ടപ്രകാരം നിലവിലുള്ള അവയവദാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അവയവം ദാനം ചെയ്യുന്നതിനും സ്വീകരിക്കുന്നതിനും എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത വ്യവസ്ഥകളനുസരിച്ച് നിലവിലുള്ളത്;

(സി) സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനുള്ള സർക്കാർ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) അവയവദാനവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടത്തിൽ എന്തെങ്കിലും ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്നും ചട്ടം പരിഷ്കരിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും നിയമ നടപടി സ്വീകരിക്കാൻ കഴിയുമോയെന്നും വിശദമാക്കാമോ?

## കെ.എം.എസ്.സി.എല്ലിലെ കരാർ/ദിവസവേതന ജീവനക്കാർ

4063 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കുന്നതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അംഗീകൃത നിയമങ്ങളോ പ്രത്യേക നിയമങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കിയ തീയതി വ്യക്തമാക്കുമോ; പ്രസ്തുത നിയമത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെ.എം.എസ്.സി.എല്ലിൽ നാളിതുവരെ നടന്ന ഏതെങ്കിലും നിയമനങ്ങളിൽ ഭരണഘടനാ ലംഘനവും നിയമന നിയമലംഘനവും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള 28.02.1992-ലെ നടപടിക്രമമായ 14896/ബി.പി.ഇ.2/91/ പ്ലാനിങ് നമ്പർ സർക്കുലർ കെ.എം.എസ്.സി.എല്ലിൽ 2008 മുതൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം എത്ര ജീവനക്കാർ നിലവിൽ കെ.എം.എസ്.സി.എല്ലിൽ ജോലിചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ;

(ഡി) സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ സാമുദായിക സംവരണം, വിദ്യാഭ്യാസ യോഗ്യത എന്നിവ കൃത്യമായി പാലിക്കപ്പെടണമെന്നുള്ള കേരള സബോർഡിനേറ്റ് സർവീസ് റൂൾസ്, കെ.എം.എസ്.സി.എല്ലിൽ 2008 മുതൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

## <u>സ്വകാര്യ ആശുപത്രികളിലെ ഡയാലിസിസിന്റെ നിരക്ക് ഏകീകരിക്കാൻ നടപടി</u>

4064 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; പ്രതിദിനം ഡയാലിസിസിന് വിധേയരാക്കുന്നവരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ വകുപ്പിന് ലഭ്യമാകുന്നുണ്ടോ; സ്വകാര്യ ആശുപത്രികളിലെ ഡയാലിസിസ് ചികിത്സയുടെ നിരക്ക് ഏകീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ മരുന്ന് സംഭരണം</u>

4065 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ മരുന്ന് സംഭരണം സുതാര്യമാക്കുവാനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടി സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ;

(ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഔട്ട്ലെറ്റുകൾ, മരുന്ന് സംഭരണ, വിതരണ വിഭാഗങ്ങൾ എന്നിവിടങ്ങളിലായി ഒരേ വിഭാഗത്തിൽ തന്നെ <u>പത്തു</u> വർഷത്തിലേറെയായി ജോലി ചെയുന്ന എത്ര ഫാർമസിസ്റ്റുമാരുണ്ടെന്ന വിവരം ലഭ്യമാക്കാമോ; കാലാകാലങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ മരുന്ന് സംഭരണത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതികൾക്ക് പ്രസ്തുത ജീവനക്കാർക്ക് പങ്കുണ്ടോ എന്നത് അന്വേഷിക്കപ്പെടാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മരുന്ന് സംഭരണത്തിലെ ഇത്തരത്തിലുള്ള ക്രമക്കേടുകൾ നിയന്ത്രിക്കുവാനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ?

## പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ

4066 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിപ്പനി ആവർത്തിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ആരോഗ്യ വകുപ്പ് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് മനുഷ്യനിലോ സസ്തനികളിലോ നാളിതുവരെ പക്ഷിപ്പനി സ്ഥിതീകരിച്ചിട്ടുണ്ടോ;

(സി) പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിനായി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## അവകാശാധിഷ്ഠിത സാന്ത്വന പരിചരണം

4067 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗങ്ങൾമൂലം ശാരീരിക-മാനസിക-സാമൂഹ്യ ബുദ്ധിമുട്ടുകൾ നേരിടുന്ന രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമഗ്ര സമീപനമായാണ് പാലിയേറ്റീവ് കെയറിനെ ലോകാരോഗ്യ സംഘടന നിർവചിച്ചിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രാഥമിക തലത്തിൽ സമ്പൂർണ പാലിയേറ്റീവ് കെയർ എന്ന ആശയം നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് വിജയം കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉറ്റവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും (ഗ്രീഫ് ആൻഡ് ബെറീവ്മെന്റ്) ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ബെറീവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) രോഗാവസ്ഥയിലും ജീവിതത്തിന്റെ അവസാന ഘട്ടത്തിലും കരുണാർദ്രവും മാന്യവുമായ പരിചരണം മനുഷ്യന്റെ മൗലികാവകാശമാണെന്നിരിക്കെ

അവകാശാധിഷ്ഠിത സാന്ത്വന പരിചരണത്തിന്റെ മാതൃകകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കെ.എം.എസ്.സി.എല്ലിലെ താല്ക്കാലിക നിയമനങ്ങൾ

4068 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ട് പത്രത്തിലോ വെബ്സൈറ്റിലോ വിജ്ഞാപനം പ്രസിദ്ധീകരിക്കാതെ എത്ര ജീവനക്കാരെ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ നാളിതുവരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്രപേർ നിലവിൽ ജോലിചെയ്യുന്നുണ്ട്; കെ.എം.എസ്.സി.എൽ നേരിട്ട് വിജ്ഞാപനം നടത്താതെ എങ്ങനെയാണ് ജീവനക്കാരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 7.3.2024-ലെ സ.ഉ.(കൈ)നം.52/2024/ എച്ച്&എഫ്.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം കെ.എം.എസ്.സി.എൽ ലെ 77 ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചതിൽ, ഏപ്രിൽ 2024 മുതൽ പ്രസ്തുത ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത എത്ര ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അനധികൃതമായി വർദ്ധിപ്പിച്ച ശമ്പളം നൽകി; ഇത്തരം നിയമലംഘനം നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളബിൽ സർക്കാരിൽ സമർപ്പിച്ചതിൽ കെ.എം.എസ്.സി.എല്ലിന് അപാകത പറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശമ്പളബിൽ തയ്യാറാക്കിയ ജീവനക്കാരുടെമേൽ നാളിതുവരെ എന്തെങ്കിലും നടപടി കെ.എം.എസ്.സി.എൽ. എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

## ഹൃദയ ശസ്ത്രക്രിയകൾ പഴയപടി പുനഃസ്ഥാപിക്കാൻ നടപടി

4069 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ഹൃദയശസ്ത്രക്രിയകൾ കാരുണ്യ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ചുരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഹൃദയ ശസ്ത്രക്രിയകൾ പഴയപടി പുനഃസ്ഥാപിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ആശുപത്രികളിലെ ഒഴിവുകൾ നികത്താൻ നടപടി

4070 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ അപര്യാപ്തത മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിവിധ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ബി) ആശുപത്രികളിലെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇപ്രകാരം പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) സാധാരണക്കാരായ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കെ.എം.എസ്.സി.എല്ലിലെ കരാർ/ദിവസവേതന ജീവനക്കാർ</u>

4071 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കുന്നതിൽ തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 25.10.2004-ലെ സർക്കാർ ഉത്തരവ് (സ.ഉ. നം.11887/ജി2/03/തൊഴിൽ) പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എം.എസ്.സി.എല്ലിൽ നിയമന ഉത്തരവുകൾ ഇല്ലാതെ നിലവിൽ എത്ര ജീവനക്കാർ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട്; പ്രസ്തുത നിയമനങ്ങൾ നടത്തിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; കരാർ ജീവനക്കാർ എത്ര; ദിവസവേതന ജീവനക്കാർ എത്ര; വ്യക്തമാക്കാമോ;

(സി) കെ.എം.എസ്.സി.എല്ലിൽ എത്ര ജീവനക്കാർക്ക് നിയമന ഉത്തരവില്ലാതെ ജോലിയിൽ പ്രവേശിച്ചശേഷം പിന്നീട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; പ്രസ്തുത ജീവനക്കാർക്ക് നിയമന ഉത്തരവ് നൽകിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

## <u>108 ആംബുലൻസ് സർവീസ്</u>

4072 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 108 ആംബുലൻസ് സർവീസിന്റെ ഭാഗമായി നിലവിൽ എത്ര ആംബുലൻസുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത എത്ര 108 ആംബുലൻസുകളുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആംബുലൻസുകൾ ആരോഗ്യവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആംബുലൻസ് ഡ്രൈവർമാരുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ആംബുലൻസ് ഡ്രൈവർമാരുടെ നിയമനം നടത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) 108 ആംബുലൻസ് ഡ്രൈവർമാരുടെ സേവന വേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വിശദമാക്കാമോ?

**ജനസംഖ്യാനുപാതികമായി ആരോഗ്യ സേവന സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി**

4073 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ സേവനസംവിധാനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ജനസംഖ്യാനുപാതികമായി ആരോഗ്യ സേവന സംവിധാനങ്ങളും സൗകര്യങ്ങളും വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മലബാർ മേഖലയിൽ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർധിപ്പിക്കുന്നതിനും ആയതിന് ആനുപാതികമായി ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗിയെ ആക്രമിച്ച സംഭവം**

4074 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2024 മേയ് 26-ന് അപസ്മാര രോഗിയെ ചീഫ് സെക്യൂരിറ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) നിലവിലെ സെക്യൂരിറ്റി ഓഫീസർ ചുമതല ഏറ്റ ശേഷമാണ് പ്രസ്തുത ആശുപത്രിയിൽ രോഗികളെ ആക്രമിക്കുന്നതും മോഷണം വർദ്ധിക്കുന്നതും എന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) അപസ്മാര രോഗിയെ ആക്രമിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്**

4075 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നടന്നു വരുന്ന പ്രധാന

നിർമ്മാണപ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ പ്രധാന നിർമ്മാണപ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻഷിയേറ്റീവ് പദ്ധതി

4076 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇൻഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ 2021 മുതൽ നാളിതുവരെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## കാസർകോട് സർക്കാർ മെഡിക്കൽ കോളേജ്

4077 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി. വിഭാഗം എത്ര കാലമായി പ്രവർത്തിച്ചുവരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒ.പി. പ്രവർത്തനം തുടങ്ങിയതു മുതൽ നാളിതു വരെ എത്ര രോഗികൾ പരിശോധനയ്ക്കായി വന്നിട്ടുണ്ടെന്നും ഒ.പി. വിഭാഗത്തിൽ ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഇവിടെയുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ വിശദാംശം നൽകാമോ; കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ആശുപത്രിയിൽ ഐ.പി. വിഭാഗം പ്രവർത്തനം തുടങ്ങാൻ ആലോചനയുണ്ടോ; എങ്കിൽ എപ്പോഴാണെന്ന് വിശദമാക്കാമോ?

## അപകടത്തിൽ പരിക്കേറ്റ കുട്ടിയ്ക്ക് ചികിത്സ വൈകിയതുകാരണം മരണപ്പെട്ടു എന്ന പരാതി

4078 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽ പരിക്കേറ്റ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാതൃശിശു കേന്ദ്രത്തിൽ 16.02.2024-ന് പ്രവേശിപ്പിച്ച കൊണ്ടോട്ടി മുണ്ടക്കുളം മഞ്ഞനിക്കര സൈനുദ്ദീന്റെയും ആമിനാബിയുടെയും മകൻ മുഹമ്മദ് ശമ്മാസ് എന്ന പതിനൊന്നുകാരന് മതിയായ ചികിത്സ ലഭ്യമാകാത്തത് കാരണം മരണപ്പെട്ടുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 16.02.2024-ന് വൈകിട്ട് ആറ് മണിക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടിയെ ജനറൽ വാർഡിലേക്ക് മാറ്റുകയും രാത്രി വൈകിമാത്രം എക്സ്റേ എടുക്കുകയും മറ്റ്

പരിശോധനകൾ നടത്തുകയും ചെയ്തിട്ടുള്ളവെന്ന ബന്ധുക്കളുടെ ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആരുടെയെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

**<u>മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ജീവനക്കാരുടെ യോഗ്യത</u>**

4079 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ യോഗ്യത എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഓരോ തസ്തികയിലും നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥ രുടെ യോഗ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജീവനക്കാർ വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ടോ; വ്യാജ സർട്ടിഫിക്കറ്റ് പ്രകാരം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കോർപ്പറേഷൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിയമിച്ചിരിക്കുന്ന ജീവനക്കാർക്ക് മതിയായ യോഗ്യതയുണ്ടോയെന്നും സംവരണം, വിദ്യാഭ്യാസ യോഗ്യത എന്നിവ പരിഗണിച്ചാണോ അവരുടെ നിയമനം നടത്തിയിട്ടുള്ളതെന്നും ഓരോ ജീവനക്കാരുടെയും തസ്തിക തിരിച്ച് വിവരിക്കാമോ?

**<u>സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത തസ്തികകൾ</u>**

4080 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഏതെല്ലാം തസ്തികകൾക്കാണ് സ്പെഷ്യൽ റൂൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതും ജനറൽ എക്സിക്യൂട്ടീവ് ഓർഡർ നിലനിൽക്കുന്നതുമായ തസ്തികകൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) ജനറൽ എക്സിക്യൂട്ടീവ് ഓർഡർ നിലനിൽക്കുന്ന തസ്തികകളിൽ സ്പെഷ്യൽ റൂൾ കൊണ്ടുവരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിലെ എം.സി.എച്ച്. ഓഫീസർ, ഡി.പി.എച്ച്.എൻ. എന്നീ തസ്തികകളുടെ നിലവിലുള്ള ജനറൽ എക്സിക്യൂട്ടീവ് ഓർഡർ പുന:ക്രമീകരിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാകുമോ;

(ഇ) ആരോഗ്യ വകുപ്പിലെ എം.സി.എച്ച്. ഓഫീസർ, ഡി.പി.എച്ച്.എൻ. സീനിയർ ബയോളജിസ്റ്റ്, ബയോളജിസ്റ്റ്,ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ

ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി/ഫൈലേറിയ)എന്നീ തസ്തികകളുടെ നിലവിലുള്ള ജനറൽ എക്സിക്യൂട്ടീവ് ഓർഡർ പുന:ക്രമീകരിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം**

4081 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന ഉത്തരവ് നൽകിയതിൽ ഇനി നിയമനം നൽകാനുള്ളവരുടെ എണ്ണവും ഇതിൽ ക്ലറിക്കൽ തസ്തികയിലേയ്ക്ക് നിയമനം നൽകാനുള്ളവരുടെ എണ്ണവും അറിയിക്കാമോ;

(ബി) ഒരോ വർഷവും ആശ്രിത നിയമനത്തിലൂടെ ക്ലറിക്കൽ തസ്തികയിൽ ജോലി ലഭിക്കുന്നവരുടെ എണ്ണം അറിയിക്കാമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലെ നിയമനം**

4082 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ അസിസ്റ്റന്റ്/ ക്യാഷിയർ തസ്തികയിൽ 2010 മുതൽ ജോലി ചെയ്യുന്ന എട്ട് സ്ഥിരം ജീവനക്കാരുടെ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകാൻ പാടില്ല എന്ന് കാണിച്ച് വിജിലൻസ് ഡയറക്ടർ 26.10.2017-ന് സമർപ്പിച്ച റിപ്പോർട്ട് നമ്പർ ഇ19(ക്യ.വി31/16എസ്.ഐ.യൂ-1)22405/16 പ്രകാരം സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

**ആരോഗ്യ വകുപ്പിലെ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക**

4083 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് അയച്ച പ്രൊപ്പോസലുകളിൽ തുടർനടപടി എന്തായെന്ന് വിശദമാക്കാമോ;

(സി) കാറ്റഗറി നമ്പർ 128 / 2018 ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിയ്ക്കാനിരിക്കുന്നതിനാൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള അൻപത്തിയാറ് തസ്തികയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസലിൽ ധനവകുപ്പിന്റെ അംഗീകാരം വേഗത്തിലാക്കാൻ വകുപ്പ് നടപടി സ്വീകരിക്കാമോ;

(ഡി) സർക്കാർ ഇ.സി.ജി. ടെക്നീഷ്യൻ കോഴ്സ് നിർത്തലാക്കിയതിനാൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക്

ഇനിയൊരു പരീക്ഷ എഴുതാൻ സാധിക്കുകയില്ല എന്നതിനാൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിൽ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

4084 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഓരോ സ്ഥാപനത്തിന്റെ പേരും അവിടെ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകളും നിലവിലുള്ള ഒഴിവുകളുടെ എണ്ണവും വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി അസിസ്റ്റന്റ് സർജൻ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**എറണാകുളം ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - ഗ്രേഡ് II റാങ്ക് ലിസ്റ്റ്**

4085 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - ഗ്രേഡ് II റാങ്ക് ലിസ്റ്റ് ( കാറ്റഗറി നമ്പർ 421/2019, റാങ്ക് ലിസ്റ്റ് നമ്പർ 345/2021/ഡി.ഒ,ഇ) നിലവിൽ വന്നതെന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട മുഴുവൻ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) 2024 നവംബർ 4-ാം തീയതി കാലാവധി അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പരമാവധി ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കെ.എം.എസ്.സി.എൽ. ലെ ശമ്പളം**

4086 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ മുതൽ പ്രസന്റ് പേ ഇനത്തിൽ ഉൾക്കൊള്ളാത്ത കെ.എം.എസ്.സി.എൽ. ലെ 77 ജീവനക്കാർക്ക് ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 07.03.2024 ലെ സ.ഉ.(കൈ) നം.52/2024 ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം അനധികൃതമായി വർദ്ധിപ്പിച്ച ശമ്പളം നൽകിയ സാഹചര്യവും മാനദണ്ഡവും വ്യക്തമാക്കുമോ; പ്രസ്തുത നടപടികളുടെ രേഖകളുടെ പകർപ്പ് നൽകുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളും സംവരണവും പാലിക്കാതെ നിയമിച്ച 77 ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് പ്രകാരം ശമ്പളം നൽകിയ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം അനധികൃതമായി ശമ്പളം നൽകിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും നൽകുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് എതിരെ നാളിതുവരെ വകുപ്പുതല നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ ശമ്പള ബിൽ സർക്കാരിൽ സമർപ്പിച്ചതിൽ കെ.എം.എസ്.സി.എൽ. ന് അപാകതയുണ്ടായിരുന്നിട്ടും ശമ്പളബിൽ തയ്യാറാക്കിയ ജീവനക്കാരുടെ മേൽ നാളിതുവരെ വകുപ്പുതല നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; ശമ്പള ഫയൽ തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും നൽകുമോ;

(ഇ) ശമ്പള അവലോകന സമിതി കോർപ്പറേഷൻ രൂപീകരിച്ചതിന് ശേഷമുള്ള സമിതിയുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത സമിതി ജീവനക്കാരുടെ നിയമനങ്ങളെ കുറിച്ച് കണ്ടെത്തിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയർ സൊസൈറ്റിയിലെ നിയമനം

4087 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫയർ സൊസൈറ്റിയിൽ മുൻ സർക്കാരിന്റെ കാലത്ത് നിരവധി അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്നും ആയത് ധനകാര്യ വിഭാഗം അന്വേഷണം നടത്തി കണ്ടെത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ സർവീസിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്താം എന്നിരിക്കെ അനധികൃത നിയമനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സൊസൈറ്റിയിൽ നിലവിലുള്ള ഒഴിവുകളിൽ ഡെപ്യൂട്ടേഷന് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കെ.എം.എസ്.സി.എൽ.ലെ നിയമനം

4088 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പിന്റെ 15.12.2022-ലെ സ. ഉ. (കൈ) 285/2022/ എച്ച് &എഫ്. ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ (കെ.എം.എസ്.സി.എൽ.) 615 കരാർ ജീവനക്കാർക്കും 40 ദിവസവേതന ജീവനക്കാർക്കും ശമ്പളം നൽകിയ മാനദണ്ഡം വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെ എത്ര രൂപ ശമ്പളമായി കെ.എം.എസ്.സി.എൽ. നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കെ.എം.എസ്.സി.എൽ.ൽ സംവരണ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നിയമനം നടത്തിയ

ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടി എന്താണെന്നും അതിന്റെ രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

## ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തികകൾ

4089 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എതെല്ലാം ആരോഗ്യസ്ഥാപനങ്ങളിലാണ് ഇ.സി.ജി ടെക്നീഷ്യന്മാരുടെ തസ്തികകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.സി.ജി ടെക്നീഷ്യന്മാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരളത്തിന്റെ ആരോഗ്യമേഖല

4090 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ വി ശശി**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ആരോഗ്യമേഖലയെ ദേശീയ ശ്രദ്ധയിൽ എത്തിച്ചത് ഗ്രാമതലംവരെ വ്യാപിച്ചുകിടക്കുന്ന സർക്കാർ ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളുമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടപ്പാക്കിയ നിരവധി നൂതന പദ്ധതികളും നയപരമായ തീരുമാനങ്ങളും ആരോഗ്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള അതിസങ്കീർണമായ അവയവമാറ്റ ശസ്ത്രക്രിയകൾ വരെ നടത്താവുന്ന രീതിയിൽ സർക്കാർ ആശുപത്രികളെ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജനങ്ങളുടെ ആരോഗ്യവും ജീവനും സംരക്ഷിക്കുന്നതിന് നിലവിലെ സർക്കാർ നടത്തുന്ന ഇടപെടലുകളും നിയമനിർമ്മാണവും ദേശീയതലത്തിൽ പ്രശംസിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## അവയവമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ആശുപത്രി

4091 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആരംഭിക്കാനുദ്ദേശിക്കുന്ന അവയവമാറ്റ ശസ്ത്രക്രിയകൾക്കു മാത്രമായ ആശുപത്രി പൂർണ്ണസജ്ജമായി എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആരോഗ്യവകുപ്പ് പദ്ധതികൾ

4092 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മെയ് മുതൽ നാളിതുവരെ ആരോഗ്യ വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങളും ലഭ്യമാക്കിയ സൗകര്യങ്ങളും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കെ.എം.എസ്.സി.എൽ.-ൽ ബ്ലീച്ചിങ് പൗഡർ ടെൻഡർ ഇല്ലാതെ വാങ്ങിയ നടപടി

4093 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി.എൽ.-ൽ ബ്ലീച്ചിങ് പൗഡർ ടെൻഡർ മുഖേന വാങ്ങിട്ടുണ്ടോ; ഈ കാലയളവിൽ ടെൻഡർ മുഖേന അല്ലാതെ ബ്ലീച്ചിങ് പൗഡർ വാങ്ങിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; പ്രസ്തുത നടപടി രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 2023-2024 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി.എൽ.-ൽ ബ്ലീച്ചിങ് പൗഡർ വാങ്ങിയത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ടി ബ്ലീച്ചിങ് പൗഡർ വിതരണം ചെയ്യുന്നതുനായിയുള്ള സപ്ലയേർസ് ആരൊക്കെയാണെന്നും അവരുടെ നിരക്ക് എത്രയാണെന്നും പ്രസ്തുത നിരക്ക് കെ.എം.എസ്.സി.എൽ-ൽ ഏത് മാനദണ്ഡ പ്രകാരമാണ് അംഗീകരിച്ചതെന്നും നിരക്ക് നിശ്ചയിച്ചത് എത്ര അളവിനനുസരിച്ചാണെന്നും വ്യക്തമാക്കാമോ; രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) 2024-2025 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി.എൽ.-ൽ ബ്ലീച്ചിങ് പൗഡർ സംഭരിക്കാൻ എന്തുകൊണ്ട് ടെൻഡർ നടപടികൾ സ്വീകരിച്ചില്ല എന്ന് വ്യക്തമാക്കാമോ; പ്രസ്തുത നടപടി രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ സാമ്പത്തിക ക്രമക്കേട്

4094 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി തീപിടിച്ച് കത്തി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീപിടുത്തത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫാർമസിയിലെ ജീവനക്കാർ സാമ്പത്തിക ക്രമക്കേട് നടത്തിയത് കണ്ടെത്തിയിട്ടും ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതിനുള്ള കാരണം അറിയിക്കാമോ; സാമ്പത്തിക ക്രമക്കേട് നടത്തിയ പ്രസ്തുത ഫാർമസിയിലെ ഇൻചാർജിന് എതിരായി സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ

4095 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കേൾവിക്കുറവുള്ള എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയിട്ടുണ്ടെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞ ചിലർക്ക് വച്ചു പിടിപ്പിച്ച ശ്രവണ സഹായിയുടെ മോഡലുകൾ കമ്പനികൾ നിർത്തിയതോടെ ശസ്ത്രക്രിയക്ക് വിധേയരായവർ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്വന്തം നിലയിൽ ശ്രവണ സഹായി അപ്ഗ്രേഡ് ചെയ്യാൻ നാലു ലക്ഷം രൂപ വേണമെന്നിരിക്കെ സർക്കാർ ഇവരെ എങ്ങനെ സഹായിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശസ്ത്രക്രിയക്ക് വിധേയമായ ഓരോ കുട്ടിയുടെയും പേരിൽ അൻപതിനായിരം രൂപാ വീതം സാമൂഹിക സുരക്ഷാ പദ്ധതിയിൽ ഒടുക്കിയിരുന്നു എന്നത് വസ്തുതയാണോ;

(എഫ്) എങ്കിൽ പ്രസ്തുത തുക ഏത് ഏജൻസിക്കാണ് കൈമാറിയതെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ഏജൻസികൾ വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കെ.എം.എസ്.സി.എൽ.

4096 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ 2024 മെയ് മാസം ജീവനക്കാരുടെ നിയമന ഉത്തരവുകളും വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകളും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; നിലവിൽ നിയമന ഉത്തരവ് ഇല്ലാതെയും മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാതെയും ജോലിചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കാമോ;

(സി) സർക്കാർ നിയമങ്ങളോ സംവരണ നിയമങ്ങളോ പാലിക്കാതെ നിയമിച്ച എത്ര ജീവനക്കാർ നിലവിൽ കെ.എം.എസ്.സി.എൽ.-ൽ ജോലി ചെയ്തു വരുന്നു; പ്രസ്തുത ജീവനക്കാരെ നിയമിച്ച മാനദണ്ഡം വ്യക്തമാക്കുമോ; അനധികൃതമായി നിയമിച്ച ഈ ജീവനക്കാർക്ക് നാളിതുവരെ എത്ര രൂപ ശമ്പളമായി കെ.എം.എസ്.സി.എൽ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

## ബ്ലീച്ചിങ് പൗഡർ ടെൻഡർ നടപടികളിലൂടെയല്ലാതെ വാങ്ങിയ നടപടി

4097 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ (കെ.എം.എസ്.സി.എൽ.) 2024 ൽ ബ്ലീച്ചിംഗ് പൗഡർ ടെൻഡർ നടപടികൾ മുഖേന അല്ലാതെ വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ;

(ബി) സ്റ്റോർ പർച്ചെയ്സ് മാനുവൽ പ്രകാരം ടെൻഡർ നടപടികളിലൂടെ മാത്രമേ സാമഗ്രികൾ വാങ്ങാൻ പാടുള്ളു എന്ന് നിഷ്കർഷിക്കുന്നില്ലേയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ടെൻഡർ നടപടികളിലൂടെയല്ലാതെ ബ്ലീച്ചിംഗ് പൗഡർ വാങ്ങിയത് സ്റ്റോർ പർച്ചെയ്സ് മാന്വലിന്റെ ലംഘനമല്ലേയെന്ന് അറിയിക്കാമോ?

## ഹൗസ് സർജൻമാരുടെ രാത്രികാല ഡ്യൂട്ടി

4098 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് സർജൻമാരെ മാത്രമായി ആശുപത്രികളിൽ രാത്രികാല ഡ്യൂട്ടിക്ക് നിയമിക്കുന്നത് ഹൈക്കോടതി വിധിയിലൂടെ നിർത്തേണ്ടി വന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ കോളേജുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായ ആരോഗ്യകേന്ദ്രങ്ങളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററുകളിലെ ക്വാർട്ടേർസുകൾ ഉപയോഗിക്കാത്തത് മൂലം നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കെ.എം.എസ്.സി.എൽ-ൽ കരാർ/ദിവസ വേതന നിയമനങ്ങൾ

4099 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ.- ൽ മാനദണ്ഡമോ സർക്കാർ ഉത്തരവുകളോ പാലിക്കാതെ എത്ര ജീവനക്കാർക്ക് കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നാളിതു വരെ നിയമനം നൽകിയിട്ടുണ്ടെന്ന് തരം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് 2008 മുതൽ നാളിതുവരെ ആകെ എത്ര രൂപ കെ.എം.എസ്.സി.എൽ. ശമ്പളമായി നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ?

## ഐസൊലേഷൻ വാർഡ് നിർമ്മാണം

4100 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ്

ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നത്; വിശദമാക്കാമോ;

(ബി) ഇതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; എത്ര വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു. പീഡനക്കേസ്

4101 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു. പീഡനക്കേസിലെ അതിജീവിത ഡോക്ടർമാർക്കെതിരെ നടപടി ആവശ്യപ്പെട്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## അവയവ മാഫിയ

4102 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഉയർന്ന് വന്നിട്ടുള്ള അവയവ മാഫിയയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയവ മാഫിയയുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും സർക്കാർ ആശുപത്രികളോ സ്ഥാപനങ്ങളോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള മനുഷ്യത്വരഹിതവും അധാർമ്മികവുമായ പ്രവൃത്തികൾ ഇല്ലാതാക്കി ആരോഗ്യ മേഖലയെ ശുദ്ധീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## ബ്ലീച്ചിങ് പൗഡർ വാങ്ങിയതിലെ ക്രമക്കേട്

4103 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 - 2025 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി.എൽ. ടെൻഡർ നടപടികൾ പൂർത്തീകരിച്ചപ്പോൾ എന്തുകൊണ്ട് ബ്ലീച്ചിങ് പൗഡർ ടി പട്ടികയിൽ ഉൾപ്പെടുത്തിയില്ല എന്ന് വ്യക്തമാക്കുമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ; കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2024-2025 സാമ്പത്തിക വർഷത്തിൽ കെ.എം.എസ്.സി.എൽ-ൽ ബ്ലീച്ചിങ് പൗഡർ സംഭരിക്കാൻ പർച്ചെയ്സ് ഓർഡർ നൽകിയത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ കെ.എം.എസ്.സി.എൽ.-ന് ബ്ലീച്ചിങ് പൗഡർ വിതരണം ചെയ്യുന്ന സപ്ലയേഴ്സ് ഉണ്ടായിട്ടും ക്വട്ടേഷനോ ടെൻഡർ നടപടികളോ നടത്താതെ ചട്ടവിരുദ്ധമായി ബ്ലീച്ചിങ് പൗഡർ സംഭരിക്കാൻ കെ.എസ്.ഡി.പി.ക്ക് പർച്ചെയ്സ്

ഓർഡർ നൽകാനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇടനിലക്കാരില്ലാതെ നേരിട്ട് ഉല്പാദകരിൽ നിന്നും ടെൻഡർ മുഖേന ബ്ലീച്ചിങ് പൗഡർ വാങ്ങാനുള്ള സംവിധാനം നിലവിലുള്ളപ്പോൾ ടെൻഡർ നടപടികളിൽ നിന്നും ബ്ലീച്ചിങ് പൗഡറിനെ ഒഴിവാക്കിയത് എന്തുകൊണ്ടെന്നും ടെൻഡർ മുഖേനെയല്ലാതെ കെ.എസ്.ഡി.പി.-യിൽ നിന്നും ബ്ലീച്ചിങ് പൌഡർ സംഭരിക്കാൻ പർച്ചെയ്സ് ഓർഡർ നൽകിയത് എന്തിനെന്നും വ്യക്തമാക്കുമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ ബ്ലീച്ചിങ് പൗഡർ സംഭരിക്കാൻ സപ്ലയേർസുമാരുടെ കുറഞ്ഞ റേറ്റ് കെ.എം.എസ്.സി.എൽ- ലിൽ നിലവിലിരിക്കെ കൂടിയ വിലയ്ക്ക് കെ.എസ്.ഡി.പി.-ൽ നിന്നും ബ്ലീച്ചിങ് പൗഡർ വാങ്ങിയ മാനദണ്ഡം വ്യക്തമാക്കുമോ; കെ.എസ്.ഡി.പി.എൽ നിന്നും ബ്ലീച്ചിങ് പൗഡർ സംഭരിക്കാൻ പർച്ചെയ്സ് ഓർഡർ നൽകിയ നിരക്ക് കണ്ടെത്തിയ മാനദണ്ഡത്തിന്റെയും തുടർന്ന് സ്വീകരിച്ച നടപടികളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ബ്ലീച്ചിങ് പൗഡർ സംഭരിക്കാനായി നിശ്ചയിച്ചിരുന്ന അളവിന് ക്വട്ടേഷൻ വിളിച്ച് വില ഉറപ്പിച്ച ശേഷം ഫെബ്രുവരി 2023- ൽ കൂടുതൽ അളവിന് പർച്ചെയ്സ് ഓർഡർ നൽകിയ മാനദണ്ഡം വ്യക്തമാക്കുമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സർക്കാർ ചികിത്സാ പദ്ധതികളിലെ കുടിശ്ശിക</u>

4104 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സൗജന്യ ചികിത്സാ പദ്ധതികളിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക വർദ്ധിച്ചതിനാൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കാൻ സ്വകാര്യ ആശുപത്രി മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ചതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ സൗജന്യ ചികിത്സ പദ്ധതികളിൽ ആകെ എത്ര രൂപയാണ് നിലവിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി നൽകാനുള്ളതെന്ന് അറിയിക്കാമോ; പദ്ധതികളും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ചികിത്സ പദ്ധതികളിലെ ഗുണഭോക്താക്കളുടെ ആകെ എണ്ണം എത്രയാണെന്നും ഓരോ പദ്ധതിയിലും ഉൾപ്പെട്ടിട്ടുള്ള എ.പി.എൽ., ബി.പി.എൽ. ,സ്ത്രീ,പുരുഷൻ എന്നിങ്ങനെ ഗുണഭോക്താക്കളുടെ തരം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര വിഹിതം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര വിഹിതമുള്ള പദ്ധതികളുടെ നാളിതുവരെയുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് കേന്ദ്ര വിഹിതം

ലഭിക്കാനുള്ളതെന്നും ലഭിക്കാനുള്ള തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ആശുപത്രികൾ സാധാരണക്കാരന് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കുന്നതിന് കുടിശ്ശിക തുകകൾ അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

## ഹരിപ്പാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിലെ സാമ്പത്തിക ക്രമക്കേട്

4105 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ ജീവനക്കാരൻ 2017 മുതൽ ടി ഫാർമസിയുടെ വിറ്റുവരവിൽ നിന്നും ഏകദേശം ഇരുപത് ലക്ഷത്തോളം രൂപ സാമ്പത്തിക ക്രമക്കേട് നടത്തിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ ഇതിന്മേൽ ഒരു നടപടിയും സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരൻ ഈ തുക കോർപ്പറേഷനിൽ തിരിച്ച് ഒടുക്കിയ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ; വർഷാവർഷം കാരുണ്യ ഫാർമസികളിൽ ധനകാര്യ വിഭാഗം ഓഡിറ്റ് നടത്തിയിട്ടും 2017 മുതൽ നടന്ന ഈ തട്ടിപ്പ് സംബന്ധിച്ച വിവരങ്ങൾ പുറത്തുവിടാത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(സി) നാളിതുവരെ പ്രസ്തുത തട്ടിപ്പിനെതിരെ സ്വീകരിച്ച നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സാമ്പത്തിക തട്ടിപ്പ് വിജിലൻസിൽ അറിയിക്കുകയോ മറ്റ് നിയമ നടപടികൾ നാളിതുവരെ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മറ്റ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ സമാനമായ സാമ്പത്തിക തട്ടിപ്പ് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണ്ടുപിടിക്കാനും നിയമ നടപടി സ്വീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന് കൂട്ടുനിന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ അന്നത്തെ മേലധികാരികൂടിയായ ജനറൽ മാനേജർക്ക് എതിരെ എന്തുകൊണ്ട് നടപടികൾ നാളിതുവരെ സ്വീകരിച്ചില്ലെന്നും വ്യക്തമാക്കാമോ?

## കോവിഡാനന്തര രോഗങ്ങളെക്കുറിച്ചുള്ള പഠനം

4106 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച നിരവധി പേർക്ക് ഹൃദയ സംബന്ധമായ രോഗങ്ങളടക്കം ഉണ്ടാകുന്ന സാഹചര്യത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

## കോവിഡ് മരണങ്ങൾ കൂടാനുണ്ടായ സാഹചര്യം

4107 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് മരണങ്ങൾ സംഭവിച്ച സംസ്ഥാനങ്ങളിൽ രണ്ടാമതാണ് കേരളം എന്നത് വസ്തുതയാണോ;

(ബി) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ കൂടാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കോവിഡ് പ്രതിരോധം പരാജയമായിരുന്നോ; എങ്കിൽ ഇതിന്റെ പശ്ചാത്തലത്തിൽ പൊതുജനാരോഗ്യരംഗത്ത് സംസ്ഥാനം കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ?

## ആരോഗ്യ സർവകലാശാലയിലെ കോഴ്സുകൾ

4108 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവകലാശാലയുടെ കീഴിൽ നടത്തുന്ന മുഴുവൻ കോഴ്സുകളുടെയും ഓരോ കോഴ്സിലെയും സീറ്റുകളുടെയും വിശദാംശങ്ങൾ ഗവൺമെന്റ്/എയ്ഡഡ്/ സഹകരണ/ സ്വാശ്രയ കോളേജുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ കോഴ്സിലും കഴിഞ്ഞ രണ്ട് അക്കാദമിക വർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ് അടിസ്ഥാനത്തിൽ ഗവൺമെന്റ്/എയ്ഡഡ്/സഹകരണ/സ്വാശ്രയ കോളേജുകൾ തിരിച്ച് ലഭ്യമാക്കാമോ?

## ഇന്റേൺഷിപ്പ് ട്രെയിനിംഗ്

4109 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.07.2021-ലെ സ.ഉ. (സാധാ) 1520/2021/ആ.കു.വ. പ്രകാരം അംഗീകൃത സ്വാശ്രയ പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് തൃശ്ശൂർ ജില്ലയിലുള്ള ഏതൊക്കെ സർക്കാർ ആശുപത്രികളിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകാനും ആശുപത്രികൾക്ക് മെച്ചപ്പെട്ട സേവനം നൽകാനും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾക്ക് ആശുപത്രി വികസനത്തിന് ഫണ്ട് കണ്ടെത്താനും സാധിക്കുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് എല്ലാ ആശുപത്രികളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ട്രെയിനിംഗ് നൽകുന്നതിന് യോഗ്യരായ ജീവനക്കാർ ഉണ്ടായിട്ടും സർക്കാർ ജീവനക്കാരായവർ ഇല്ലാത്തതിന്റെ പേരിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിരം ജീവനക്കാരില്ലാത്ത

ആശുപത്രികളിൽ ഇന്റേൺഷിപ്പ് ട്രെയിനിംഗ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ബി.ഫാം. കോഴ്സുകളിലെ ഇയർ ബാക്ക് സിസ്റ്റം

4110 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യസർവകലാശാലയ്ക്ക് കീഴിൽ നടത്തുന്ന ബി.ഫാം. കോഴ്സുകളിൽ ഇയർ ബാക്ക് സിസ്റ്റം നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഇതു കാരണം നാല് വർഷം കൊണ്ട് പൂർത്തിയാക്കേണ്ട കോഴ്സ് ആറ് വർഷം വരെ നീണ്ടുപോകുന്ന സ്ഥിതിയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ ലോണുകളെ ആശ്രയിച്ച് പഠനം നടത്തുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് ഇയർ ബാക്ക് സംവിധാനം കടുത്ത ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) നിലവിലെ ഇയർ ബാക്ക് സിസ്റ്റം പ്രകാരം ബി.ഫാം കോഴ്സിന്റെ ഓരോ വർഷത്തിലേക്കുമുള്ള പ്രവേശനത്തിന്റെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് റെഗുലർ സിസ്റ്റത്തിലേക്ക് മാറ്റിയാൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കാനാകുമോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

4111 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ പാരാമെഡിക്കൽ കോഴ്സ്

4112 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാർ ബസേലിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ പാരാമെഡിക്കൽ കോഴ്സ് ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി

4113 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ് സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഡിസ്പെൻസറികളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ആലുവ മുനിസിപ്പാലിറ്റി പരിധിയിൽ ഹോമിയോ ഡിസ്പെൻസറി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി

4114 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന നിലയിൽ ആശുപത്രിയുടെ പ്രവർത്തനം ഉറപ്പു വരുത്തുമോ; വ്യക്തമാക്കാമോ?

## പറശ്ശിനിക്കടവിൽ ആയുർവേദ മസാജ് സെന്റർ

4115 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറശ്ശിനിക്കടവിൽ ആയുർവേദ മസാജ് സെന്റർ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## കുറ്റപ്പുഴ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

4116 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റപ്പുഴ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം വേഗത്തിലാക്കുവാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പരിയാരം സർക്കാർ ആയുർവേദ കോളേജിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

4117 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ 2023-2024 വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ആയുർവേദ സർവകലാശാല സ്ഥാപിക്കുവാൻ നടപടി

4118 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) കോട്ടക്കൽ കേന്ദ്രീകരിച്ച് പ്രസ്തുത ആയുർവേദ സർവകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വനിതകൾക്കുള്ള ഷീ ലോഡ്ജുകൾ

4119 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി സുരക്ഷിത താമസസൗകര്യങ്ങൾ വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം താമസകേന്ദ്രങ്ങളുടെ വിശദാംശം ജില്ല, ഫോൺ നമ്പർ എന്നിവ സഹിതം ലഭ്യമാക്കാമോ?

## വനിതാ സംരക്ഷണത്തിനായി നൂതന പദ്ധതികൾ

4120 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സംരക്ഷണം ലക്ഷ്യമിട്ട് തപാൽ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) സ്ത്രീ സുരക്ഷയ്ക്കായി കോൾ സെന്റർ സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഇതിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ജെൻഡർ ഹെൽപ് ഡെസ്കുകളുടെയും സർവീസ് പ്രൊവൈഡിംഗ് സെന്ററുകളുടെയും പ്രവർത്തനരീതി വ്യക്തമാക്കാമോ;

(ഡി) ജെൻഡർ പാർക്കുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്രസഭയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## സംസ്ഥാന വനിതാ കമ്മീഷനിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി

4121 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷനിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; സ്ഥിരം, താൽക്കാലികം, ഡെപ്യൂട്ടേഷൻ എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വനിതാ കമ്മീഷനിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് നാളിതുവരെ വിരമിക്കൽ ആനുകൂല്യങ്ങളും പെൻഷനും അനുവദിച്ചിട്ടുള്ളത്; സർക്കാർ ഉത്തരവ് പ്രകാരം ശമ്പള സ്കെയിൽ അനുവദിച്ച് നിയമനം സ്ഥിരപ്പെടുത്തിയിട്ടുള്ളവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ഇവർക്ക് ഇ.പി.എഫ്. പെൻഷനോ പങ്കാളിത്ത പെൻഷനോ മറ്റെന്തെങ്കിലും പെൻഷൻ പദ്ധതികളോ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ യാതൊരുവിധ വരുമാനമാർഗവും ഇല്ലാതെ ജോലി നഷ്ടപ്പെട്ട് ഇറങ്ങേണ്ടി വരുന്നത് ഇവരെയും ഇവരെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളെയും ദുരിതത്തിൽ ആക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) സർക്കാർ ജീവനക്കാരായിരുന്നതുകൊണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളൊന്നും ഇവർക്ക് ലഭിക്കുന്നില്ല എന്നതും മക്കളുടെ വിവാഹം, രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സ്രോതസ്സ് ഇല്ലാതെ ഇവർ ദുരിതത്തിൽ ആകുന്നതും പരിശോധിക്കുകയുണ്ടായോ;

(ഇ) വനിതാ കമ്മീഷനിലെ ജീവനക്കാർക്ക് മറ്റ് സർക്കാർ ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടെന്ന് കേരള വനിതാ കമ്മീഷൻ ആക്ടിൽ പ്രതിപാദിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കാത്തതാണോ ഇവർക്ക് പെൻഷൻ അനുവദിക്കുന്നതിന് തടസ്സമായിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ജി) എങ്കിൽ ഇരുപത്തിയേഴ് വർഷം വരെ ജോലി ചെയ്ത പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ അങ്കണവാടികൾ</u>

4122 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ വാമനപുരം മണ്ഡലത്തിൽ എത്ര അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ; ഏതെല്ലാം ഫണ്ടുകളുപയോഗിച്ചാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(സി) പുതിയതായി കെട്ടിടം അനുവദിച്ചതോ നിർമ്മാണത്തിലിരിക്കുന്നതോ ആയ എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിലെ അങ്കണവാടികൾ</u>

4123 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ച ഒൻപത് അങ്കണവാടികളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ അങ്കണവാടിയ്ക്കും അനുവദിച്ച ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വന്തമായി ഭൂമിയുള്ള രണ്ട് അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ അങ്കണവാടികൾ

4124 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉള്ളതും എന്നാൽ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുമായ എത്ര അങ്കണവാടികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിൽ അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം അങ്കണവാടികൾക്കാണ് ധനസഹായം അനുവദിച്ചതെന്നും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; പ്രസ്തുത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ അങ്കണവാടികൾ

4125 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) അവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത എത്ര അങ്കണവാടികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും പറയാമോ?

## കാസർഗോഡ് ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ

4126 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികൾ ആക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത ജില്ലയിൽ എത്ര അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുവാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

**<u>മങ്കട നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ</u>**

4127 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം എത്രയാണെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; അതിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റുള്ളതും സ്വന്തമായി കെട്ടിടങ്ങളുള്ളതുമായ അങ്കണവാടികൾ ഏതെല്ലാം; സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ പുതിയതായി അങ്കണവാടികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിൽ സമ്പൂർണ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി</u>**

4128 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനായി 2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയ, സമ്പൂർണ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**<u>അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി</u>**

4129 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പെൻഷൻ പദ്ധതിയിലേക്കോ മറ്റ് ക്ഷേമ പദ്ധതികളിലേക്കോ ഇവരിൽ നിന്നും വിഹിതം ശേഖരിക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് ശേഖരിക്കുന്നത്;

(സി) ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ/വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ?

**<u>ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരിശോധനകൾ</u>**

4130 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് എത്ര പരിശോധനകളാണ് ഭക്ഷ്യസുരക്ഷ വകുപ്പ് നടത്തിയത്;

(ബി) പ്രസ്തുത പരിശോധനകളുമായി ബന്ധപ്പെട്ട് എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്നും എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

4131 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകളുടെ പേര് വിവരം പരസ്യപ്പെടുത്തിക്കൊണ്ട് ശക്തമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുന്ന ഹോട്ടലുകൾക്കെതിരെ നടപടി

4132 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃത്തിഹീനവും ഗുണനിലവാരമില്ലാത്തതുമായ ഭക്ഷണം നൽകുന്ന ഹോട്ടലുകൾക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർപൂട്ടിച്ചതോ പിഴ ചുമത്തിയതോ ആയ ഹോട്ടലുകൾ വീണ്ടും പ്രവർത്തിപ്പിച്ചശേഷം തെറ്റ് ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വൃത്തിയുള്ളതും ഗുണനിലവാരമുള്ളതുമായ ഭക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകുന്നതിനും അത് സ്ഥാപനത്തിൽ നിർബന്ധമായും പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഹോട്ടലുകളിൽ പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്നത് തടയുന്നതിന് നടപടി

4133 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ പാർസൽ കൊടുക്കുമ്പോൾ പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള കറിയും മറ്റ് ആഹാരപദാർത്ഥങ്ങളും പൊതിഞ്ഞുകൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ പ്രതിവിധിയായി അലുമിനിയം ഫോയിൽ പേപ്പറുകൾ ഉപയോഗിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ;

(ബി) തട്ടുകടകളിൽ പ്ലേറ്റിനുമുകളിൽ പ്ലാസ്റ്റിക് കവർ വച്ചുകൊണ്ട് ആഹാരപദാർത്ഥങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന

4134 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളിൽ വൃത്തിയില്ലാത്ത സ്ഥലത്തു ഭക്ഷണം സൂക്ഷിക്കുക, പഴകിയ ഭക്ഷണം വിൽക്കുക, ഭക്ഷണത്തിൽ നിറം ചേർക്കുക തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആരോഗ്യത്തിന് ദോഷകരമായ ഭക്ഷണം വിൽക്കുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ

4135 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത് വരെ അനുവദിച്ച സുഭിക്ഷ ഹോട്ടലുകളുടെ എണ്ണം എത്രയാണെന്ന ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ

4136 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ഒപ്പം പദ്ധതി

4137 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒപ്പം പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ എത്ര ഉപഭോക്താക്കൾക്ക് സാധനങ്ങൾ വീട്ടിൽ എത്തിച്ചു നല്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ

വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് പദ്ധതികൾ

4138 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## മാവേലിക്കര നിയോജക മണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി

4139 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## സ്മാർട്ട് പി. ഡി.എസ്. പദ്ധതി

4140 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് പി.ഡി.എസ്. പദ്ധതിയുടെ ഗുണ, ദോഷ വശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർബന്ധമായി നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങളോട് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും നടപ്പാക്കിയില്ലെങ്കിൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് കുറവ് സംഭവിക്കുമെന്ന വ്യവസ്ഥ കേന്ദ്രം നിഷ്കർഷിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സ്മാർട്ട് പി. ഡി. എസ്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതോടെ സംസ്ഥാനത്തെ കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ ആധികാരികമായി തയ്യാറാക്കിയിട്ടുള്ള റേഷൻ കാർഡ് വിവര ശേഖരത്തിന്റെ നിയന്ത്രണം കേന്ദ്ര സർക്കാരിന് ലഭ്യമാകുമോ;

(ഡി) എങ്കിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനം കൈവരിച്ച സാമൂഹിക പുരോഗതിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യം ഉൾപ്പെടെയുള്ള സാമൂഹിക ക്ഷേമാനുകൂല്യങ്ങളുടെ മേൽ കേന്ദ്ര സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ കഴിയുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## മാറാരോഗങ്ങൾ അനുഭവിക്കുന്നവരുടെ റേഷൻകാർഡ് ബി.പി.എൽ ആക്കുന്നതിനുള്ള നടപടി

4141 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ അനുഭവിക്കുന്നവരുടെ റേഷൻകാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കാറുണ്ടോ; വിശദാംശം നൽകാമോ;

(ബി) അപ്രകാരം കാർഡിന് അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്നും സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചാൽ ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, സമയപരിധി എന്നിവ അറിയിക്കാമോ?

## ഓപ്പറേഷൻ യെല്ലോ പദ്ധതി

4142 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം ഇരവിപുരം നിയോജക മണ്ഡലത്തിൽ എത്ര മുൻഗണനാ റേഷൻ കാർഡുകളാണ് അനർഹരിൽ നിന്നും പിടിച്ചെടുത്ത് അർഹരായവർക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ?

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മുൻഗണന റേഷൻ കാർഡുകൾ

4143 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഇതുവരെ വിതരണം ചെയ്ത എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകൾ ഉൾപ്പെടെയുള്ള മുൻഗണന കാർഡുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) റേഷൻ കാർഡുകൾ തരംമാറ്റുന്നതിനായി ലഭിച്ച അപേക്ഷകളിൽ അർഹരെന്ന് കണ്ടെത്തിയ എത്ര കുടുംബങ്ങൾക്കാണ് മുൻഗണന കാർഡുകൾ നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ?

## റേഷൻകാർഡ് അനുവദിക്കാൻ നടപടി

4144 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനത്തിന്റെ പ്രയോജനം അർഹരായ എല്ലാ ജനങ്ങൾക്കും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും അതുവഴി വാടകയ്ക്ക് താമസിക്കുന്നവർക്കും വഴിയോരത്ത് താമസിക്കുന്നവർക്കും റേഷൻകാർഡ് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി, റേഷൻ കാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് പൊതുവിതരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റേഷനിംഗ് മേഖലയിൽ സംസ്ഥാനം നൂറ് ശതമാനം ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതും നാണ്യവിളകളിലേക്കു കൂടുതലായി മാറിയ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യവും പരിഗണിച്ച് ജനസംഖ്യാനുസൃതമായി സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ മുൻഗണനാ പരിധിയും വിഹിതവും വർദ്ധിപ്പിച്ചു നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**റേഷൻ ഡീലർമാരുടെ പ്രശ്നങ്ങൾ**

4145 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻ വിതരണം തകരാറിലായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ ഡീലർമാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരാതിയോ നിവേദനമോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ ഡീലർമാർ സമരത്തിലാണെങ്കിൽ സമരം എത്ര ദിവസം പിന്നിട്ടുവെന്നും അവരുമായി ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിൽ അനുവദിച്ച പൊതുവിതരണ കേന്ദ്രങ്ങൾ**

4146 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ 2021 ജൂൺ മുതൽ നാളിതുവരെ പുതുതായി അനുവദിച്ച റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, മറ്റ് പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവയുടെ വിശദാംശം നൽകാമോ?

**റേഷൻ കടകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

4147 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പഴയ രീതിയിൽ, എല്ലാ റേഷൻ കടകളും എല്ലാദിവസവും രാവിലെയും വൈകുന്നേരവും പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കെ-സ്റ്റോറുകൾ

4148 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര കെ-സ്റ്റോറുകൾ അനുദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ-സ്റ്റോറുകൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

## റേഷൻകട നടത്തിപ്പിനായുള്ള ലൈസൻസ് അനുവദിക്കുന്നതിന് നടപടി

4149 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകട നടത്തിപ്പിനുള്ള ലൈസൻസിനായി അപേക്ഷ സമർപ്പിക്കേണ്ടതിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

## റേഷൻകട ഉടമകൾക്കുള്ള കുടിശിക

4150 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകട ഉടമകൾക്ക് എത്ര കോടി രൂപയുടെ കുടിശികയാണ് നൽകാനുള്ളതെന്ന് അറിയിക്കാമോ;

(ബി) റേഷൻ വ്യാപാരികൾക്ക് ഇപ്പോൾ പ്രതിമാസ വേതനമായി എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

## .തൃശ്ശൂർ ജില്ലയിൽ പുതിയ റേഷൻ കട

4151 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ കടകൾ അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## അരുവിക്കര നിയോജക മണ്ഡലത്തിൽ കെ-സ്റ്റോറുകൾ

4152 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ നിലവിലുള്ള കെ-സ്റ്റോറുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; അടുത്ത ഘട്ടത്തിൽ കെ-സ്റ്റോറുകൾ ആക്കി മാറ്റുന്നതിനായി മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കടകൾ

4153 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി എത്ര പ്രോപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയെന്നും അവയിൽ ഏതൊക്കെ അനുവദിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളിലായി തൊണ്ണൂറോളം കുടുംബങ്ങളുൾപ്പെടെ നാനൂറോളം റേഷൻ കാർഡ് ഉടമകളുള്ള മുണ്ടാനൂർ എന്ന സ്ഥലത്തെ നിവാസികൾ മൂന്ന് കിലോമീറ്ററോളം യാത്ര ചെയ്ത് നുച്യാട് എന്ന സ്ഥലത്തുള്ള റേഷൻ കടയെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മുണ്ടാനൂരിൽ പുതിയ റേഷൻ കട തുടങ്ങുന്നത് പരിഗണിക്കുമോ;

(സി) മുണ്ടാനൂരിൽ പുതിയ റേഷൻ കട അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കെ - സ്റ്റോറുകളുടെ എണ്ണം

4154 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ എത്ര കെ - സ്റ്റോറുകൾ ഉണ്ടെന്നും ആയത് ഏതെല്ലാം റേഷൻ കടകളോടനുബന്ധിച്ചാണെന്നും വ്യക്തമാക്കാമോ ?

## തിരുവമ്പാടി മണ്ഡലത്തിൽ കെ-സ്റ്റോറുകൾ

4155 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ എത്ര കെ-സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെ-സ്റ്റോറുകളിൽ വിഭാവനം ചെയ്ത സേവനങ്ങൾ എല്ലാം ലഭ്യമാവുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഇനി എവിടെയൊക്കെയാണ് കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## മാവേലി സ്റ്റോറുകൾ

4156 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിൽ പൊതുവിപണിയേക്കാൾ എത്ര ശതമാനം കുറവിലാണ് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഏതൊക്കെ സാധനങ്ങൾക്കാണ് ഇപ്പോൾ സബ്സിഡി നൽകുന്നതെന്ന് അറിയിക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സപ്ലൈകോ ഔട്ട്ലെറ്റുകളും

4157 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; അവയുടെ നഗരസഭ/പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; മണ്ഡലത്തിൽ കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) മണ്ഡലത്തിലെ ഓരോ മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും ആവശ്യാനുസരണം സബ്സിഡി സാധനങ്ങളുടെ സ്റ്റോക്കില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യാനുസരണം സാധങ്ങൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

## നെല്ല് സംഭരണം

4158 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തിൽ സംസ്ഥാനത്ത് കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണ്; ആയതിന്റെ വില കർഷകർക്ക് പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളാണ് പ്രസ്തുത കാലയളവിൽ നെല്ല് സംഭരണത്തിൽ പങ്കെടുത്തത്; കർഷകർക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) 2024 വർഷം കേന്ദ്രത്തിൽ നിന്ന് നെല്ല് സംഭരണത്തിനായി എത്ര തുക സംസ്ഥാനത്തിന് ലഭിച്ചു എന്നറിയിക്കാമോ; പ്രസ്തുത തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തെ നെല്ല് സംഭരണത്തിലെ മുഴുവൻ തുകയും കർഷകർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേർക്കാണ് തുക ലഭിക്കാനുള്ളത്; എത്ര തുകയാണ് ലഭിക്കാനുള്ളത്; വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിൽ നിന്നും സംഭരിച്ച നെല്ല്

4159 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ഒന്നാം വിളയിൽ നിന്നും രണ്ടാം വിളയിൽ നിന്നുമായി പാലക്കാട് ജില്ലയിൽ നിന്നും എത്ര ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ ഒന്നാം വിളയിൽ നിന്നും രണ്ടാം വിളയിൽ നിന്നുമായി നെല്ല് സംഭരിച്ചതിന്റെയടിസ്ഥാനത്തിൽ എത്ര കർഷകർക്ക് എത്ര തുകയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

## 2024-25 വർഷത്തെ ഒന്നാം വിള നെല്ല് സംഭരണം

4160 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ഒന്നാം വിള നെല്ല് സംഭരിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഒന്നാം വിള നെല്ല് സംഭരിക്കുവാൻ മില്ലുടമകളുമായും തുക കർഷകർക്ക് വിതരണം ചെയ്യുന്നതിന് ബാങ്കുകളുമായും ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സംഭരിച്ച നെല്ലിന്റെ തുക കേരള ബാങ്ക് മുഖാന്തിരം വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## നെല്ലിന്റെ സംഭരണ വില

4161 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില നൽകാതെ സപ്ലൈകോ നൽകുന്ന പാഡി റസീറ്റ് ഷീറ്റിനെ ആധാരമാക്കി കർഷകരുടെ അക്കൗണ്ടിലേക്ക് ബാങ്കുകൾ തുക അനുവദിക്കുന്ന രീതി കർഷകരെ പ്രതിസന്ധിയിലാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) നെല്ലുസംഭരണത്തിലെ വായ്പാകെണിയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി സപ്ലൈകോ നേരിട്ട് പണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സപ്ലൈകോയുടെ നെല്ല് സംഭരണം

4162 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും 2016 മുതൽ നാളിതുവരെ ഓരോ സീസണിലും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവ് എത്ര വീതം ആണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ സീസണിലും സംസ്ഥാനത്തെ നെൽ കർഷകർക്ക് അനുവദിച്ച താങ്ങുവില എത്ര രൂപ വീതമായിരുന്നു; അതിന്റെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് വിപണനം ചെയ്യുന്നതിനായി തുടർന്നുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) 2016 മുതൽ നാളിതുവരെ ഓരോ സീസണിലും സപ്ലൈകോ നെല്ലുകർഷകരിൽ നിന്നും സംഭരിച്ച നെല്ല് വിറ്റ വില, സംഭരണ ചെലവ്, വിതരണ ചെലവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഇ) സപ്ലൈകോ സംഭരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നെൽകൃഷി കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഏതൊക്കെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അപ്രകാരം ഒരു നിഗമനത്തിൽ എത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## ഡയറക്ട് സെല്ലിംഗ് ബിസിനസ്സ്

4163 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നിയമപരമല്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത ബിസിനസ്സ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) നിയമപരമായി ഡയറക്ട് സെല്ലിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിയമപരിരക്ഷയാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) നിയമപരമായി പ്രസ്തുത ബിസിനസ്സ് നടത്തുന്ന കമ്പനിയിൽ അംഗമായ കൺസൽട്ടന്റുമാർക്ക് ഏതൊക്കെ തരത്തിലുള്ള പ്രോത്സാഹനങ്ങളും മറ്റ് സംരക്ഷണങ്ങളും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾ

4164 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ്, 2018 പ്രകാരം കൺട്രോളർ ഓഫ് ലീഗൽ മെട്രോളജി തസ്തികയിലെ നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കു നടത്തിയ നിയമനങ്ങളിൽ കേരള ലീഗൽ മെട്രോളജി സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ്, 2018-ലെ റൂൾ 3, 4 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## അളവുതൂക്ക നിയമലംഘനം തടയുന്നതിന് സ്വീകരിച്ച നടപടികൾ

4165 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ അളവുതൂക്ക നിയമ ലംഘനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പരിശോധനകളുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര പരിശോധനകൾ നടത്തിയെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) അളവുതൂക്ക തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

**ചൂണ്ടൽ പഞ്ചായത്തിലെ ചോട്ടിലപ്പാറ പാലം നിർമ്മാണം**

4166 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ ചോട്ടിലപ്പാറ പാലം നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപ അനുവദിച്ചു;

(സി) പ്രസ്തുത പാലം നിർമ്മാണത്തിനുള്ള കരാർ വച്ച തീയതി, പണി ആരംഭിച്ചതെന്ന്, എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ?

**ഭൂരഹിത ഭവനരഹിത പദ്ധതി**

4167 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിലെ ഭൂരഹിത ഭവന രഹിത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം വൈപ്പിൻ മണ്ഡലത്തിൽ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലൈഫ് പദ്ധതി ആരംഭിച്ചത് മുതലുള്ള വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭവനം ലഭിച്ചവർ, എഗ്രിമെന്റ് വെച്ചവർ, ഭവനം ലഭ്യമാകേണ്ടവർ, സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർ എന്നിവരുടെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇവർക്ക് വീട് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി എന്തെല്ലാം; മറ്റു സ്ഥലങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും പൂർത്തിയായിട്ടുള്ളതുമായ ഫ്ലാറ്റുകളിൽ ഇവർക്ക് വീട് ലഭ്യമാക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ?

**റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

4168 **ശ്രീ മാത്യൂ ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തിരുവല്ല മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കാമോ?

## <u>ഇരിക്കൂർ മണ്ഡലത്തിലെ സി. എം. എൽ. ആർ. ആർ. പി. പദ്ധതി</u>

4169 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ തദ്ദേശ റോഡ് നവീകരണത്തിനുള്ള സി. എം. എൽ. ആർ. ആർ. പി. പദ്ധതി പ്രകാരം പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റോഡുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ?

## <u>തെളിനീരൊഴുകും നവകേരളം പദ്ധതി</u>

4170 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജലത്തിന്റെ ഗുണമേന്മ പരിശോധിച്ച് കളർ കോഡിംഗ് ഏർപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ജലസ്രോതസ്സുകളിലെ ഖര, ദ്രവ മാലിന്യത്തിന്റെ തോത് മനസ്സിലാക്കി മലിനീകരണം തടയുന്നതിനാവശ്യമായ പദ്ധതികൾ തയാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജല സ്രോതസ്സുകളെ മാലിന്യ മുക്തമാക്കിയെന്നും ഇതിനായി എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ; തലസ്ഥാനത്തെ പാർവതി പുത്തനാർ, ആമയിഴഞ്ചാൻ തോട് എന്നിവ മാലിന്യമുക്തമാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>തദ്ദേശസ്വയംഭരണ വകുപ്പിലെ അക്കൗണ്ടന്റ് തസ്തികയിലെ നിയമനം</u>

4171 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ, പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിന്നും വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റു സർവീസ് ആനുകൂല്യങ്ങൾ എന്നിവ എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ ഏകീകൃത പൊതു സർവീസും ഇന്റർ ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിലുള്ള വ്യത്യസ്ത പ്രൊവിഡന്റ് ഫണ്ട്

അക്കൗണ്ടുകൾ ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പ് ധനകാര്യ വകുപ്പിന് നൽകിയ ഇ.ആർ.എ.3/84/2022-ത.സ്വ.ഭ.വ. നമ്പർ ഫയലിന്മേൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനുണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ഇ) 2024 ൽ സൃഷ്ടിച്ച 93 അക്കൗണ്ടന്റ് തസ്തികയിലെ നിയമനം ഏത് രീതിയിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കാമോ; പ്രസ്തുത സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) മുനിസിപ്പൽ കോമൺ സർവ്വീസ് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നൽകാമോ?

## കുടുംബശ്രീ ഹോം ഷോപ്പ് പദ്ധതി

4172 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉല്പന്നങ്ങൾ വീട്ടുപടിക്കലെത്തിക്കുന്ന ഹോം ഷോപ്പ് പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വനിതകൾക്ക് ജോലിയും സ്ഥിര വരുമാനവും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്; എത്ര ഹോം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) കുടുംബശ്രീ ഹോം ഷോപ്പ് ഓണർമാർക്കുവേണ്ടി എന്തെങ്കിലും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സാമൂഹ്യ സുരക്ഷ പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി

4173 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് ചികിത്സാ സഹായം

4174 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ രോഗബാധിതരായാൽ അവർക്ക് ചികിത്സാ സഹായം നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലെ ഒഴിവുകൾ

4175 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനിയർ (സിവിൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ടും സ്ഥാനക്കയറ്റം വഴിയും നികത്തേണ്ട ഒഴിവുകൾ എത്ര വീതമെന്ന് അറിയിക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റൻറ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് പ്രവേശിച്ചവരിൽ എത്ര പേർ പ്രസ്തുത തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ നിന്നും 2024 മെയ് മാസം വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; 2024 മെയ് മാസം നടന്ന വിരമിക്കൽ വഴി ഡിഗ്രി ക്വാട്ടയിൽ ഉണ്ടാവാൻ പോകുന്ന ഒഴിവുകൾ എത്ര; പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി

4176 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വിശ്രമ കേന്ദ്രങ്ങളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

## ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

4177 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പണിപൂർത്തിയാക്കിയ എത്ര കെട്ടിടങ്ങളുണ്ടെന്ന വിവരം വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടങ്ങളിൽ എത്രയെണ്ണം ക്രമവൽക്കരിച്ച് നൽകിയെന്ന വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനായി നിലവിൽ സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുന്ന ഉത്തരവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ചതിലൂടെ ലഭിച്ച വരുമാനം എത്രയാണെന്ന് വിശദമാക്കാമോ?

## തൊഴിൽ നികുതിയുടെ ഘടന

4178 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചുമത്തുന്ന തൊഴിൽ നികുതിയുടെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന നികുതി ഘടന എന്നാണ് നടപ്പാക്കിയത്;

(സി) പ്രസ്തുത നികുതി ഘടന പരിഷ്കരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എൻജിനീയറിംഗ് വിഭാഗങ്ങളിലെ ഒഴിവുകൾ

4179 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എൻജിനീയറിംഗ് വിഭാഗങ്ങളിലായി ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നതെന്നാണെന്നും ഇവ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കാമോ?

## ഉമ്മളത്തൂർ-പാലാഴി റോഡ് വീതി കൂട്ടുന്നത്

4180 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ കോർപ്പറേഷൻ അധീനതയിലുള്ള ഉമ്മളത്തൂർ-പാലാഴി റോഡ് വീതി കൂട്ടുന്നതിനാവശ്യമായ സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ആയതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ

4181 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിദരിദ്രരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) ഇതുവരെ കണ്ടെത്തിയവരുടെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ

4182 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ; കൂടുതൽ പഞ്ചായത്തുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;വിശദാംശം നൽകുമോ?

## വിമാനത്താവളത്തിന്റെ പരിസര പ്രദേശത്ത് വീട് നിർമ്മിക്കുന്നതിന് നഗരസഭയുടെ എൻ.ഒ.സി.

4183 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ പരിസര പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്ക് കോഴിക്കോട് വിമാനത്താവള അധികൃതരുടെ നിരാക്ഷേപ പത്രം ഹാജരാക്കാത്തത് കാരണം 2021 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ കൊണ്ടോട്ടി നഗരസഭയിൽ തീർപ്പാകാതെ കിടക്കുന്നുണ്ട് എന്നും എത്ര അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ലൈഫ് വീട്, പട്ടികജാതി നഗറിലെ വീടുകൾ എന്നിവ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ ഈ വിഭാഗങ്ങളിൽ നിന്നും എത്ര അപേക്ഷകളാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) വിമാനത്താവളത്തിലെ പരിസരപ്രദേശത്ത് വീടുകളുടെ നിർമ്മാണ അനുമതിക്ക് ഇത്തരം എൻ.ഒ.സി. നിർബന്ധമാണ് എന്നതിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വിമാനത്താവളത്തിന് വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഇലവൻ വൺ നോട്ടിഫിക്കേഷൻ (11(1)) റവന്യൂ വകുപ്പ് ഇറക്കിയിട്ടില്ലെങ്കിൽ പ്രസ്തുത ഭൂമിയിലെ വീട് നിർമ്മാണത്തിന് അനുമതി നൽകാതിരിക്കാൻ മുൻസിപ്പാലിറ്റിക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മാങ്കാവ് - മേത്തോട്ട്താഴം റോഡ് വികസനം

4184 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മാങ്കാവ് - മേത്തോട്ട്താഴം റോഡ് വീതികൂട്ടാൻ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുപ്പിനുള്ള ഭരണാനുമതി ലഭ്യമായിട്ടുള്ളതിനാൽ തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലവിൽ ഭരണാനുമതി ലഭിച്ച 23 കോടിയുടെ തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർവ്വഹണ ചുമതലയുള്ള പ്രവൃത്തികൾ

4185 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തുകയും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർവഹണ ചുമതലയുള്ളതുമായ, ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

**എടപ്പാൾ പഞ്ചായത്തിലെ പൂക്കരത്തറ -ഒളമ്പക്കടവ് റോഡിന്റെ പ്രവൃത്തി**

4186 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ എടപ്പാൾ പഞ്ചായത്തിലെ പൂക്കരത്തറ -ഒളമ്പക്കടവ് ഗ്രാമീണ റോഡിന്റെ പ്രവൃത്തിക്ക് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അനുവദിച്ച തുക എത്ര ; ഇതിന്റെ പ്രവൃത്തി ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ?

**കാട്ടാക്കട മണ്ഡലത്തിലെ എം.എൽ.എ. എസ്.ഡി.എഫ്.**

4187 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2024 മെയ് മാസം വരെ എം.എൽ.എ. എസ്.ഡി.എഫ്. മുഖേന അനുമതി ലഭ്യമായതിൽ ഇനിയും പൂർത്തിയാക്കാത്തതും നടപ്പിലാക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

**ബിൽഡിംഗ് പെർമിറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നവരുടെ എണ്ണം**

4188 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായി ബിൽഡിംഗ് പെർമിറ്റ് ഫീസ്, കെട്ടിട നികുതി എന്നിവ കൂട്ടിയത് മൂലം ബിൽഡിംഗ് പെർമിറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നവരുടെ എണ്ണം കുറഞ്ഞിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഫീസ് വർദ്ധനവ് വരുത്തിയ ശേഷമുള്ള മാസങ്ങളിലും, കഴിഞ്ഞവർഷം ഇതേ മാസങ്ങളിലും സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ കണക്ക് ലഭ്യമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ**

4189 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തുകയും തദ്ദേശ സ്വയംഭരണ വകുപ്പിന് നിർവ്വഹണ ചുമതലയുള്ളതുമായ, ഒറ്റപ്പാലം മണ്ഡലത്തിലെ

പ്രവൃത്തികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; വിശദ വിവരം ലഭ്യമാക്കാമോ?

## നവകേരള കർമ്മ പദ്ധതി 2

4190 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം കർമ്മ പദ്ധതി 2-ന് കീഴിൽ നടപ്പിലാക്കി വരുന്ന സാംക്രമിക രോഗങ്ങളുടെ സ്ക്രീനിംഗ് പദ്ധതിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

## കിലയിലെ താത്കാലിക നിയമനങ്ങൾ

4191 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലും (കില) അനുബന്ധ സ്ഥാപനങ്ങളിലും കരാർ നിയമനപ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിയമന നടപടിക്രമം വെളിപ്പെടുത്തുമോ;

(ബി) ഇവർ എത്ര വർഷമായി പ്രസ്തുത തസ്തികയിൽ തുടരുന്നു; സംവരണക്രമം പാലിച്ചാണോ പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത്; സ്ഥിരം തസ്തികയിൽ കരാർ വഴി നിയമിക്കപ്പെട്ട ജീവനക്കാർ ആരൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലും അനുബന്ധ സ്ഥാപനങ്ങളിലും ഏകീകൃത പൊതു സർവീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ട എതെങ്കിലും തസ്തികയിൽ കരാർ നിയമനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലും അനുബന്ധ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കില ഗവേണിംഗ് കൗൺസിൽ തീരുമാനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് അറിയിക്കുമോ;

(ഇ) കിലയിൽ താത്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ ജാതി/ ഭിന്നശേഷി സംവരണം പാലിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി. എം. ജി. എസ്. വൈ പദ്ധതി

4192 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ പ്രവൃത്തി പുരോഗതിയും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## 'ജീവൻ ദീപം ഒരുമ' പദ്ധതി

4193 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്കായുള്ള 'ജീവൻ ദീപം ഒരുമ' പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ?

## <u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>

4194 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ നിന്ന് അതിദരിദ്രരായ ഒരാളും പുറത്താകുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിദരിദ്രരുടെ പട്ടിക തയ്യാറാക്കൽ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി പ്രസ്തുത കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

## <u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കാൻ അനുമതി</u>

4195 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ,അർദ്ധ സർക്കാർ,സ്വകാര്യ സ്കൂൾ കോമ്പൗണ്ടുകളിൽ വീണ്ടും അധിക നിർമ്മാണം നടത്തുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂർ പഞ്ചായത്ത് പരിധിയിലുള്ള ഒഴുകൂർ ഗവണ്മെന്റ് യു.പി. സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023 ലെ ത.സ്വ.ഭ.വ/പി.ഡി./57827/2023-എ.ആർ.1 നമ്പർ കത്തിന്റെയും ജോയിന്റ് ഡയറക്ടറുടെ ത.സ്വ.ഭ.വ./ജെ.ഡി./എം.പി.എം./7078/2023-എഫ്4 നമ്പർ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## ഇംപാക്ട് കേരള കമ്പനി

4196 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇംപാക്ട് കേരള കമ്പനി മുഖേന പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്പനി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളുടെയും വികസന പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ?

## കെട്ടിട നിർമ്മാണ പെർമിറ്റ്

4197 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് ആപ്പിലൂടെയാണോ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആപ്പിലൂടെയല്ലാതെ മറ്റേതെല്ലാം മാർഗ്ഗങ്ങളിലൂടെ കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് നൽകുന്ന നടപടിക്രമങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷ നൽകിയാൽ പരമാവധി എത്ര ദിവസത്തിനകം പെർമിറ്റ് നൽകണമെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) നിശ്ചിത കാലാവധിയ്ക്കകം പെർമിറ്റ് നൽകിയിട്ടില്ലെങ്കിൽ കെട്ടിട ഉടമയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിന് അനുമതിയുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) നിശ്ചിത കാലാവധിയ്ക്കകം പെർമിറ്റ് നൽകിയിട്ടില്ലെങ്കിൽ കെട്ടിട ഉടമയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) മതിയായ കാരണങ്ങളില്ലാതെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് വൈകിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഇപ്രകാരം ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം ബഡ്സ് സ്കൂൾ

4198 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പനങ്ങാട് ആധുനിക ശ്മശാനം

4199 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ആധുനിക ശ്മശാനത്തിന് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. ചെയ്തിട്ടുള്ളത് ആരാണ്; വിശദമാക്കാമോ;

(ബി) പനങ്ങാട് ഗ്രാമപഞ്ചായത്തിലെ ആധുനിക വാതക ശ്മശാനത്തിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## <u>തദ്ദേശസ്വയംഭരണ വകുപ്പിലെ ഗ്രേഡ് 1 ഓവർസീയർ സിവിൽ തസ്തികയിലെ നിയമനങ്ങൾ</u>

4200 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് I ഓവർസീയർ സിവിൽ തസ്തികയിൽ നിന്ന് രണ്ട് വർഷത്തിലധികമായി പ്രൊമോഷൻ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ ലഭ്യമാക്കാമോ; പ്രസ്തുത പ്രൊമോഷൻ നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ;

(ബി) ഗ്രേഡ് 1 ഓവർസീയർ സിവിൽ തസ്തികയിൽ നിന്ന് താത്ക്കാലികമായി പ്രൊമോഷൻ നൽകാനും അതിനുശേഷം ഈ തസ്തികയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ ഗ്രേഡ് I ഓവർസീയർ നിലവിൽ എത്ര തസ്തികയുണ്ടെന്നും ഈ തസ്തികയിൽ എത്ര പേര് ജോലി ചെയ്യുന്നുണ്ടെന്നും ജോലി ചെയ്യുന്നവരിൽ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും പ്രവേശിച്ച എത്ര പേരുണ്ടെന്നും അറിയിക്കാമോ;

(ഡി) ഈ വകുപ്പിൽ ഗ്രേഡ് I ഓവർസീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നികത്തേണ്ടതും പ്രൊമോഷൻ വഴി നികത്തേണ്ടതുമായ എത്ര ഒഴിവുകൾ വീതമാണെന്ന് വ്യക്തമാക്കാമോ;

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഗ്രേഡ് I ഓവർസീയർ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് പ്രവേശിച്ചവവരിൽ എത്ര പേർ ടി തസ്തികയിൽ നിന്നും അതിന് മുകളിലുള്ള തസ്തികയിൽ നിന്നും 2024 മെയ് മാസം വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടത്തിയ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>സി.ആർ. ഇസഡ് സോൺ</u>

4201 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശവാസികൾ സി.ആർ.ഇസഡ്. ന്റെ ഭാഗമായി വിവിധങ്ങളായ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്താകമാനം സി.ആർ. ഇസഡ്. ന്റെ ഭാഗമായി എത്ര കെട്ടിടങ്ങൾക്ക് നമ്പർ നൽകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതായി ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്

4202 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കൃത്യമായി സംസ്ഥാന ലൈബ്രറി കൗൺസിലിന് കൈമാറാറുണ്ടോ;

(ബി) ഈ ഇനത്തിലുള്ള തുക പ്രസ്തുത കൗൺസിലിന് കൈമാറുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സെസ്സ് കൃത്യമായി പ്രസ്തുത കൗൺസിലിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

## തെരുവ് നായ ശല്യം ഒഴിവാക്കാൻ നടപടി

4203 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന തെരുവ് നായ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) 2016 മുതൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള തെരുവ് നായ്ക്കളുടെ ആക്രമണം സംബന്ധിച്ച വിശദാംശം വർഷം, ആക്രമിക്കപ്പെട്ടവരുടെ എണ്ണം, മരണപ്പെട്ടവരുടെ എണ്ണം എന്നിങ്ങനെ തരംതിരിച്ച് നൽകാമോ;

(സി) തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ ഇപ്പോൾ സ്വീകരിച്ച് വരുന്ന നടപടികൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന് തടസ്സമാകുന്ന കാരണങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

## തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ നടപടി

4204 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മെയ് മാസം 31 വരെ പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നീ തസ്തികകളിൽ നൂറിലധികം ഒഴിവുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി പ്രമോഷൻ കമ്മിറ്റി അംഗീകാരം നൽകിയ 2024 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ വിരമിക്കലിന് വിധേയമായി ഒഴിവുണ്ടാകുമെന്ന് മുൻകൂട്ടി അറിഞ്ഞിട്ടും സെലക്ട് ലിസ്റ്റ് തയ്യാറാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികകൾ ഒഴിവായിക്കിടക്കുന്നത് വാർഡ് വിഭജനം, വോട്ടർ പട്ടിക പുതുക്കൽ തുടങ്ങിയ സുപ്രധാന നടപടിക്രമങ്ങളെ സാരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് സ്ഥലം കണ്ടെത്തൽ</u>

4205 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.ബസ്സ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഇളംമ്പള്ളൂർ, കുണ്ടറ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകളുടെ പരിശോധന</u>

4206 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയലുകൾ പരിശോധിക്കുന്നതിന് ഏതൊക്കെ വകുപ്പുകൾക്ക്/ വിഭാഗങ്ങൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്നും ഓരോ വകുപ്പിനേയും/വിഭാഗത്തേയും ഏതൊക്കെ തരം ഫയലുകൾ പരിശോധിക്കാനാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഏതൊക്കെ തരം ഫയലുകൾ പരിശോധിക്കാനാണ് ഇന്റേണൽ വിജിലൻസ്, ടൗൺ പ്ലാനിംഗ് വിജിലൻസ് എന്നീ വിഭാഗങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ ഏതൊക്കെ തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത വിഭാഗത്തിൽ ആരോഗ്യ, സാങ്കേതിക, ടൗൺ പ്ലാനിംഗ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെകൂടി ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാൻ നടപടികൾ</u>

4207 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മൂന്നാം ഘട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മാലിന്യ സംസ്കരണം നടത്തുന്നതിനാവശ്യമായ എന്തൊക്കെ സംവിധാനങ്ങളാണ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഹരിതമിത്രം ആപ്പ് ആലപ്പുഴ മണ്ഡലത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ സീറോ വേസ്റ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹരിതകർമ്മ സേന ബ്രാൻഡിംഗ്, ഹരിത സംരംഭങ്ങൾ ആരംഭിക്കുക എന്നിവ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## കെ-സ്മാർട്ട് പദ്ധതി

4208 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് പദ്ധതി വഴി എത്ര അപേക്ഷകൾ ഓൺലൈനായി ലഭിച്ചിട്ടുണ്ട്; അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി ഫീസിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഹയർഗ്രേഡ്

4209 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകാറുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ ആകെ അനുവദിച്ചിട്ടുള്ള പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് അവസാനം ഇറക്കിയ ഉത്തരവ് എന്നാണെന്നറിയിക്കാമോ; പ്രസ്തുത ഉത്തരവിൽ എത്രപേർക്കാണ് ഹയർ ഗ്രേഡ് നൽകിയതെന്നും സീനിയോറിറ്റി ലിസ്റ്റ് പ്രകാരം എത്രാമത്തെ ആൾക്കുവരെ ഹയർ ഗ്രേഡ് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) റേഷ്യോ അടിസ്ഥാനമാക്കി നിലവിൽ എത്ര പേർക്ക് ഹയർ ഗ്രേഡ് നൽകാനുണ്ടെന്നും അതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എന്ന് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ടേക്ക് എ ബ്രേക്ക് പദ്ധതി

4210 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാർക്ക് ഏറ്റവും സമീപത്തെ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ എവിടെയാണെന്ന് ഓൺലൈനിലൂടെ മനസ്സിലാക്കാൻ കഴിയുന്നതിനുള്ള സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

4211 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പഞ്ചായത്ത് അംഗങ്ങളുടെ പൂരിപ്പിച്ച അപേക്ഷ വാങ്ങുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടും പ്രസ്തുത പദ്ധതി നടപ്പാക്കാനുണ്ടായ കാലതാമസം എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത ആശ്വാസ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെട്ടിട നിർമ്മാണ നികുതി

4212 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത സ്ഥാപനങ്ങൾ, മദ്രസകൾ, മതപഠനശാലകൾ എന്നിവയ്ക്ക് കെട്ടിട നിർമ്മാണ ഫീസിലും നികുതിയിലും ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവുകൾ/സർക്കുലറുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിൽ നികുതിയിളവുകളും കെട്ടിട നിർമ്മാണ ഫീസ് ഇളവുകളും നൽകുന്നത് ഏത് തരത്തിലുള്ള കെട്ടിടങ്ങൾക്കാണെന്ന് വിശദീകരിക്കാമോ?

## തദ്ദേശസ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എൻജിനിയർ തസ്തികയിലെ നിയമനം

4213 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എൻജിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി

4214 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികളിൽ ഓരോന്നിനും എത്ര മാസത്തെ കുടിശികയാണ് നിലവിലുള്ളത്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) കുടിശിക മുഴുവൻ വിതരണം ചെയ്യുന്നതിന് ഓരോ പെൻഷൻ പദ്ധതിയ്ക്കും എത്ര തുക വീതം വേണ്ടിവരുമെന്നും കുടിശിക വിതരണത്തിന് മാത്രമായി ആകെ എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(സി) ഓരോ പെൻഷൻ വിതരണത്തിനുമായി നടപ്പു സാമ്പത്തിക വർഷം എത്ര തുകയാണ് വേണ്ടിവരുന്നത്; ഈ തുക ഏതെല്ലാം രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഗ്രാമപഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തിക

4215 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രതിപാദിക്കും പ്രകാരം 6 -ൽ കൂടുതൽ ക്ലാർക്കുമാർ ഉണ്ടായിട്ടും സൂപ്പർവൈസറി തസ്തികയായ ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിക്കാത്ത/ നിലവിലില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള ഹെഡ്ക്ലാർക്ക് തസ്തിക പരിവർത്തനം ചെയ്ത് ജൂനിയർ സൂപ്രണ്ട് തസ്തിക ആക്കുന്നതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സമീപ കാലത്ത് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും, ഗ്രാമപഞ്ചായത്തുകളുടെ ദൈനം ദിന ഭരണ നിർവ്വഹണ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതി അടക്കമുള്ള വിവിധ സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതികളും ഫലപ്രദമായി ഏകോപിക്കാൻ സാധിക്കുന്ന രീതിയിൽ, പ്രസ്തുത തസ്തികകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ഹെഡ്ക്ലർക്ക് തസ്തികകൾ പരിവർത്തനം ചെയ്ത് ജൂനിയർ സൂപ്രണ്ട് തസ്തികകൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

4216 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലും വിവിധ ഗ്രാമ പഞ്ചായത്തുകളിലും ലൈഫ് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വസ്തുവും വീടും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പരവൂർ നഗരസഭയിലെയും ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലേയും പ്രസ്തുത കുടുംബങ്ങളുടെ എണ്ണം വേർതിരിച്ച് അറിയിക്കാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ നഗരസഭയിലും ആറ് ഗ്രാമ പഞ്ചായത്തുകളിലുമായി നിലവിൽ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി മാത്രം എത്ര അപേക്ഷകരുണ്ടെന്നും, ഭൂരഹിതർ, ഭവന രഹിതർ എന്നിങ്ങനെ എത്ര അപേക്ഷകരുണ്ടെന്നുമുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

## <u>ലൈഫ് ഭവന നിർമ്മാണ പദ്ധതി</u>

4217 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020-ൽ അപേക്ഷ ക്ഷണിച്ച ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നുമുള്ള വിവരം പട്ടികജാതി -പട്ടികവർഗ - ജനറൽ വിഭാഗം തിരിച്ച് നൽകുമോ;

(ബി) ലൈഫ് 2020-ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഹഡ്കോ ലോൺ വിഹിതം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ലോണിനു പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കരമന- കളിയിക്കാവിള റോഡ് നിർമ്മാണം</u>

4218 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള റോഡിൽ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള റോഡ് നിർമ്മാണത്തിന് സ്ഥലം നൽകിയവർക്ക് ബാക്കിവരുന്ന അര സെന്റ്, ഒരു സെന്റ്, രണ്ട് സെന്റ്, മൂന്ന് സെന്റ് സ്ഥലത്ത് കടകളോ വീടുകളോ നിർമ്മിക്കുവാൻ ചട്ടങ്ങളിൽ ഇളവു നൽകിക്കൊണ്ട് എന്തെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള മേൽ നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## <u>പെർമിറ്റിനു വിരുദ്ധമായി രൂപമാറ്റം വരുത്തിയ കോമേഴ്സ്യൽ കെട്ടിടങ്ങൾ</u>

4219 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കൊമേഴ്സ്യൽ കെട്ടിടങ്ങൾ പെർമിറ്റിന് വിരുദ്ധമായി രൂപമാറ്റം വരുത്തി പൂർത്തിയാക്കിയത് ക്രമവത്കരിക്കപ്പെടാതെ ടി കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കും അനധികൃത കെട്ടിടങ്ങൾക്കും എതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ രൂപമാറ്റം വരുത്തി കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ

ഇത്തരത്തിൽ നടത്തിവരുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ആരോഗ്യ ഉപകേന്ദ്രം

4220 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ കേന്ദ്ര ഫണ്ടിൽ നിന്നും പുതുതായി അനുവദിച്ചിട്ടുള്ള ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ആയതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകാമോ?

### മാവേലിക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

4221 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം മുതൽ മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുവാൻ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### നിലമ്പൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

4222 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈഫ് ഭവന പദ്ധതിയുടെ ആരംഭഘട്ടം മുതൽ പദ്ധതിയിലേക്ക് ആകെ എത്ര അപേക്ഷകളാണ് ഉണ്ടായിരുന്നതെന്ന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭ എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയിൽ പ്രസ്തുത മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2021 ഏപ്രിൽ 1 ന് ശേഷം നാളിതുവരെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭ എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഇതിനായി ചെലവഴിച്ച തുകയും ലഭിച്ച അപേക്ഷകൾ പൂർണ്ണമായും പരിഗണിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ലൈഫ് ഭവന പദ്ധതിയിൽ നിലമ്പൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്ന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭ എന്നിവ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ലൈഫ് പദ്ധതി അപേക്ഷകളിൽ ഇനിയും വീടുകൾ അനുവദിക്കാനുള്ളതെന്നും ഓരോന്നിലും എത്ര അപേക്ഷകൾ ഇനിയും പരിഗണിക്കാനുണ്ടെന്നുമുള്ള വിവരം ഗ്രാമപഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലാ പഞ്ചായത്ത് കൺസൾട്ടൻസി പ്രോജക്ടിന് ചട്ട വിരുദ്ധമായി രൂപ അനുവദിച്ചതിനെതിരെ നടപടി

4223 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാപഞ്ചായത്ത്, എത്തിക്സ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കാത്ത കൺസൾട്ടൻസി പ്രോജക്ടിന് 2022-23 സാമ്പത്തിക വർഷത്തിൽ ചട്ട വിരുദ്ധമായി നാല് ലക്ഷം രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പൊതുപണം ദുർവിനിയോഗം ചെയ്തവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

4224 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ കുറവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിനായി വിവിധ ധനസ്രോതസ്സുകൾ സംയോജിപ്പിച്ച് പദ്ധതി രൂപീകരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ

4225 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ എത്രപേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത്, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം

4226 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഉടമസ്ഥാവകാശം

ഗ്രാമവികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് സ്ഥലം വിട്ടുനൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

4227 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിന്റെ വിവിധ പഞ്ചായത്തുകളിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ജനപ്രതിനിധികളെ ഉൾപ്പെടെ പങ്കെടുപ്പിച്ച് അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

**ഹരിപ്പാട് മണ്ഡലത്തിലെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി**

4228 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി, റീബിൽഡ് കേരള പദ്ധതി, പി.എം.ജി.എസ്. വൈ. എന്നീ പദ്ധതികൾ പ്രകാരം നടക്കുന്ന വിവിധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**പി.എച്ച്.സി.-ചേറ്റുവയൽ-മുണ്ടിയോട്ട് റോഡ് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

4229 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിലെ ശോചനീയാവസ്ഥയിലുള്ള പി.എച്ച്.സി.-ചേറ്റുവയൽ-മുണ്ടിയോട്ട് റോഡ് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**റീസൈക്ലിങ് വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടപടി**

4230 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേന മുഖേനയും അല്ലാതെയും ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് റീസൈക്ലിങ് വ്യവസായം ആരംഭിക്കാനുള്ള പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ശേഖരിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ ജൈവവളങ്ങളായി മാറ്റുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; അതിന് സന്നദ്ധരാകുന്ന സ്വകാര്യസംരംഭകർക്ക് ആവശ്യമായ സഹായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ നടപടി

4231 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്തുപറമ്പ് ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ പൂത്തൂർ കുടിവെള്ള പദ്ധതിയ്ക്കായി ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിരുന്നത് ഭേദഗതി വരുത്തി 3.09.2020-ലെ ഉത്തരവ് 6270/2020 പ്രകാരം പത്ത് മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ തുക വകമാറ്റിയിരുന്നെങ്കിലും ആയത് ഇതേവരെയും നടപ്പിലാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 03.11.2020-ലെ സ.ഉ.(സാധാ.) നം.6270/2020/ധന ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കാനുള്ള പ്രത്യേകാനുമതി നൽകിയിട്ടും ഭരണാനുമതി നൽകുവാനുള്ള നടപടികൾ നീണ്ടുപോകുന്നത് പരിശോധിക്കുമോ ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകാൻ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്ര മൈതാനത്ത് റോഡ് നിർമ്മാണം

4232 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ (ബജറ്റ്-കെ) 7438/2023 ഉത്തരവ് പ്രകാരം 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ചാലാട് ശ്രീ ധർമ്മശാസ്താ ക്ഷേത്ര മൈതാനത്ത് റോഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എടുക്കുന്നതിന് കണ്ണൂർ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നോ; ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് എടുക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പഞ്ചായത്ത് വിഭജനവും പെർമിറ്റ് ഫീസും

4233 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് പഞ്ചായത്തിനെയും തൃക്കലങ്ങോട് പഞ്ചായത്തിനെയും വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പുതുതായി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വാർഡ് വിഭജനം നടത്തുന്നത്; വിശദമാക്കാമോ;

(സി) പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് പെർമിറ്റ് ഫീസിൽ ഇളവ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ, ബി.പി.എൽ., മുൻഗണന കാർഡ് ഉള്ളവർ എന്നിവർക്ക് വീടുകൾക്കുള്ള പെർമിറ്റ് ഫീസ് ഇളവ് നൽകുന്നതിനോ സൗജന്യമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ ബെദ്രംപള്ള-ബന-ബലതകല്ല്-പട്ള്ളതല റോഡ് പ്രവൃത്തി

4234 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെട്ട മഞ്ചേശ്വരം മണ്ഡലത്തിലെ എൻമകജെ പഞ്ചായത്തിലെ ബെദ്രംപള്ള-ബന-ബലതകല്ല്-പട്ള്ളതല റോഡ് പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്യാപ് ഫണ്ട്

4235 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം ജീവനക്കാരുടെ ശമ്പളം മുടങ്ങിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്തിൽ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിന്ന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ കത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തനത് വരുമാനത്തിന്റെയും ജനറൽ പർപ്പസ് ഗ്രാന്റിന്റെയും കുറവ് കാരണം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്യാപ്പ് ഫണ്ട് കൃത്യമായി വിതരണം ചെയ്യുന്നുണ്ടോയെന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ;

(ഡി) ചെറുതന പഞ്ചായത്ത് ഗ്യാപ്പ് ഫണ്ടായി എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നതെന്നും എത്ര തുക അനുവദിച്ചുവെന്നും ശേഷിക്കുന്ന ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് ഭൂമിയുടെ വിവരങ്ങൾ

4236 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള കൊടിഞ്ഞി ഇരുകുളം ഭൂമിയുമായി ബന്ധപ്പെട്ടുള്ള ഏതെല്ലാം കോടതി ഉത്തരവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോടതി ഉത്തരവുകൾ ഓരോന്നിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഈ ഭൂമി നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഏത് ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലോ ഏതെങ്കിലും വ്യക്തികളുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിലോ പഞ്ചായത്ത് ഭരണസമിതി എന്തെങ്കിലും തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

## തവനൂർ പഞ്ചായത്തിലെ കടകശ്ശേരി മുവാങ്കര ഗ്രാമീണ റോഡ് പ്രവൃത്തി

4237 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ പഞ്ചായത്തിലെ കടകശ്ശേരി മുവാങ്കര ഗ്രാമീണ റോഡിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## പകരനെല്ലൂർ സ്റ്റേഡിയം നിർമ്മാണം

4238 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ പകരനെല്ലൂർ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി

4239 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി ലൈഫ് പദ്ധതി പ്രകാരം നൽകിയ വീടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുള്ളതും, ഇനി പൂർത്തീകരിക്കാനുള്ളതും, എഗ്രിമെന്റ് വച്ചിട്ടുള്ളതുമായ വീടുകളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(സി) ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്തവരെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹെൽത്ത് സെന്ററിന് വാഹനം

4240 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ ഹെൽത്ത് സെന്ററിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; വാഹനം വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ഹരിത കർമ്മസേനയുടെ മാലിന്യനിർമാർജനം

4241 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേന വീടുകളിൽ നിന്ന് ഏത് തരത്തിലുള്ള മാലിന്യങ്ങളാണ് നീക്കം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മാലിന്യം നീക്കം ചെയ്യുന്നതിനായി വീടുകളിൽ നിന്ന് ഹരിതകർമ്മസേന പിരിക്കുന്ന ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനമായിട്ടാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വീടുകളിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ പ്രതിഫലം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) വീടുകളിൽ നിന്ന് പ്രതിമാസം മാലിന്യ നിർമാർജ്ജനം നടത്തേണ്ട ഹരിതകർമ്മസേന രണ്ടോ അതിലധികമോ മാസത്തെ ഇടവേളയ്ക്ക് ശേഷമാണ് മാലിന്യ നിർമാർജനത്തിന് എത്തിച്ചേരുന്നതെങ്കിൽ അക്കാലയളവിലെ സേവന ഫീസ് പൂർണ്ണമായും അവർക്ക് നൽകേണ്ടതുണ്ടോ;

(ഇ) അജൈവ മാലിന്യങ്ങൾ ലഭ്യമല്ലാത്ത വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് ഫീസ് പിരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(എഫ്) ഹരിതകർമ്മസേന നിർവഹിക്കുന്ന മാലിന്യ നിർമാർജനത്തിന്റെ ഫീസ് ഇനത്തിലും ശേഖരിക്കപ്പെട്ട അജൈവമാലിന്യങ്ങൾ വിപണനം ചെയ്ത ഇനത്തിലും കേരളത്തിലെ പഞ്ചായത്തുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(ജി) ഹരിതകർമ്മസേന നിർവഹിക്കുന്ന മാലിന്യനിർമാർജനത്തിന്റെ ഫീസിനത്തിലും അജൈവമാലിന്യങ്ങൾ വിപണനം ചെയ്ത ഇനത്തിലും കേരളത്തിലെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടെ വിവരം പ്രത്യേകം ലഭ്യമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിൽ പള്ളിച്ചൽ പഞ്ചായത്തിന് പുതിയ കെട്ടിടം

4242 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ പള്ളിച്ചൽ പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള 2021-2022 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ?

**ചേകന്നൂർ-വട്ടംകുളം റോഡ് നവീകരണം**

4243 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ വട്ടംകുളം പഞ്ചായത്തിലെ ചേകന്നൂർ-വട്ടംകുളം ഗ്രാമീണ റോഡിന്റെ നവീകരണത്തിന് 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**മയ്യിൽ ഗ്രാമ പഞ്ചായത്തിലെ മുല്ലക്കൊടി അംബേദ്കർ ഗ്രാമം പദ്ധതി**

4244 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവഹണം ഏൽപ്പിച്ച, മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുല്ലക്കൊടി അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവഹണം ഏറ്റെടുക്കാൻ സാധിക്കില്ല എന്ന് രേഖാമൂലം അറിയിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ഉദ്യോഗസ്ഥരുടെ നടപടി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നുള്ള വീഴ്ചയായി കണക്കാക്കി നടപടികൾ സ്വീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി മയ്യിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം തന്നെ നിർവഹിക്കുന്നതിന് നിർദേശം നൽകാമോ?

**നാദാപുരം നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ**

4245 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാദാപുരം മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. (പ്രധാൻമന്ത്രി ഗ്രാം സഡക്ക് യോജന) പദ്ധതി മുഖാന്തിരം നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്ന് പ്രവൃത്തികളുടെ പേരും പഞ്ചായത്തും തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

4246 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

## നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള ഭൂമികൾ

4247 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമികളുടെ വിശദവിവരങ്ങൾ ഇനവും അളവുകളും തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ കുളം എന്ന ഇനത്തിൽ രേഖപ്പെടുത്തിയവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്ക് വേണ്ടിയോ പതിച്ച് നൽകുകയോ തരം മാറ്റി നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയിൽ പൊതു തോടുകൾ എന്ന ഇനത്തിൽപ്പെടുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## വൈക്കം മുനിസിപ്പാലിറ്റിയിൽ വിധവാ പെൻഷൻ വാങ്ങുന്നവർ

4248 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മുനിസിപ്പാലിറ്റിയിൽ വിധവാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ വിവരം വിശദമാക്കാമോ;

(ബി) പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്റെ പേരിൽ വൈക്കം മുനിസിപ്പാലിറ്റിയിൽ എത്രപേരുടെ പെൻഷൻ തടഞ്ഞുവച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും എത്രപേർക്ക് ഇനിയും പെൻഷൻ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ പെൻഷൻ തടഞ്ഞുവയ്ക്കുകയും പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്ത ശ്രീമതി ആബിദ, വാര്യം പറമ്പിലിന് പെൻഷൻ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

## ആന്തൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണം

4249 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്തൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ലൈഫ് ഫ്ലാറ്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നികത്തുന്നതിന് നടപടി**

4250 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവ് നികത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കൊച്ചി മെട്രോപൊളിറ്റൻ അതോറിറ്റി സ്ഥാപിക്കാൻ നടപടി**

4251 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിന്റെ സമഗ്ര വികസനത്തിനായി മെട്രോപൊളിറ്റൻ അതോറിറ്റി സ്ഥാപിക്കാൻ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയുടേതായി ഏതൊക്കെ പ്രദേശങ്ങളാണ് ഇതിന്റെ ഭാഗമാവുകയെന്നും പ്രസ്തുത പദ്ധതി എന്നാണ് നിലവിൽ വരുന്നതെന്നും വിശദമാക്കാമോ;

(സി) മെട്രോപൊളിറ്റൻ അതോറിറ്റി സ്ഥാപിക്കൽ പദ്ധതിയുടെ ഭാഗമായി ഏത് രീതിയിലുള്ള അഡ്മിനിസ്ട്രേഷൻ സിസ്റ്റം ആണ് നിലവിൽ വരികയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത അതോറിറ്റി സ്ഥാപിക്കുന്നതോടുകൂടി കൊച്ചി കോർപ്പറേഷൻ, ജി.സി.ഡി.എ., ജിഡ തുടങ്ങിയവയുടെ പ്രസക്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**വാഹന പാർക്കിംഗിന് അംഗീകരിച്ച പദ്ധതികൾ**

4252 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ വാഹന പാർക്കിംഗിന് അംഗീകരിച്ച ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ നഗരസഭയിലെ സ്റ്റാഫ് പാറ്റേൺ

4253 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് ഉത്തരവ് ഇറക്കിയതെന്ന് അറിയിക്കാമോ;

(ബി) ഒന്നാം ഗ്രേഡ് നഗരസഭകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പയ്യന്നൂർ നഗരസഭയിൽ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പുതിയ തസ്തിക അനുവദിക്കൽ പ്രായോഗികമല്ലെങ്കിൽ ജോലി ഭാരത്തിന്റേയും വാർഡുകളുടെ എണ്ണവും മാനദണ്ഡമാക്കി വിവിധ നഗരസഭകളിലെ തസ്തികകൾ പുനക്രമീകരണം നടത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് പദ്ധതി

4254 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണ്; ഓരോ റോഡിന്റെയും നിർമ്മാണപ്രവൃത്തികൾ എപ്പോൾ ആരംഭിച്ചുവെന്നും നിർവ്വഹണ ഏജൻസി ആരാണെന്നും അറിയിക്കാമോ;

(ബി) കരാർ പ്രകാരം പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ട കാലാവധി എന്നായിരുന്നുവെന്നും കാലാവധി എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; നിലവിൽ ഓരോ റോഡിന്റെയും നിർമ്മാണ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

## സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി റോഡുകളുടെ നിർമ്മാണം

4255 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി മന്ദഗതിയിൽ നടക്കുന്ന റോഡ് നവീകരണം ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടക്കുന്ന റോഡുകളുടെ വിശദാംശം, നിർമ്മാണം പൂർത്തിയാക്കുമ്പോൾ പ്രസ്തുത റോഡുകൾക്ക് വരുന്ന മാറ്റങ്ങൾ, അത് വഴി ജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; നിർമ്മാണത്തിലുള്ള മുഴുവൻ റോഡുകളുടെ ആകെ അടങ്കൽ തുക എത്രയാണ്; അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി തിരുവനന്തപുരം നഗരത്തിൽ റോഡുകൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കിലയിലെ നിയമനങ്ങൾ</u>**

4256 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയുടെ പുതിയ എച്ച്.ആർ. പോളിസി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പോളിസി എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോളിസി നിലവിൽ വരുന്നതിന് മുമ്പ് പോളിസിയിൽ പറയുന്ന ഏതെങ്കിലും തസ്തികയിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയോ നിയമനം നടത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയ്ക്ക് നിയമസാധുതയുണ്ടോ;

(സി) 2023 ജനുവരി മുതൽ നാളിതുവരെ കിലയിൽ സ്ഥിരം, കരാർ, ദിവസ വേതനം എന്നീ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച രേഖകൾ നൽകാമോ;

(ഡി) കിലയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വാർഷിക ഇൻക്രിമെന്റ് നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ കരാറടിസ്ഥാനത്തിലുള്ളവരിൽ ആർക്കൊക്കെ വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടുണ്ട്; അവയുടെ രേഖകൾ നൽകാമോ;

(ഇ) കിലയിൽ കരാർ, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ പകർപ്പ് നൽകാമോ;

(എഫ്) കിലയിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; അതിന്റെ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

**<u>വനിതാ ജീവനക്കാർക്ക് ഡ്യൂട്ടി സമയക്രമം നിശ്ചയിക്കാൻ നടപടി</u>**

4257 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാരുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) വനിതാ ജീവനക്കാർക്ക് ഡ്യൂട്ടി സമയക്രമം എത്ര മണിക്കൂറായിട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പോലീസ് വകുപ്പിലെ പോലെ തന്നെ എക്സൈസ് വകുപ്പിലും വനിതാ ജീവനക്കാർക്ക് ഡ്യൂട്ടി സമയക്രമം നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ ബീവറേജ് ഔട്ട്ലറ്റ്</u>**

4258 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണം,

എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ ബീവറേജ് ഔട്ട്‌ലറ്റ് ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഔട്ട്‌ലറ്റ് നല്ല വരുമാനം ഉണ്ടായിട്ടും പ്രവർത്തനം ആരംഭിച്ച ഉടൻ തന്നെ അടച്ചുപൂട്ടുവാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) ബീവറേജ് ഔട്ട്‌ലറ്റ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഉടമയ്ക്ക് എതിർപ്പ് ഇല്ലാതിരുന്നിട്ടും അടച്ചുപൂട്ടിയ പ്രസ്തുത ഔട്ട്‌ലറ്റ് വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്നിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

4259 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് കൂടുതലായി നടപ്പാക്കുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാലയങ്ങളിലും പരിസരങ്ങളിലും കർശന പരിശോധന വ്യാപകമാക്കുന്നതിനും യോദ്ധാവ് ഉൾപ്പടെയുള്ള പദ്ധതികൾ കൂടുതൽ സ്കൂളുകളിൽ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>ലഹരിയുടെ ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ</u>

4260 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കളുടെ ഭവിഷത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അത് സംബന്ധിച്ച് പരാതി നൽകുന്ന വ്യക്തികളുടെ വിവരങ്ങൾ രഹസ്യമാക്കി വച്ചുകൊണ്ട് അന്വേഷണം നടത്തുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ നടപടിക്രമം വിശദമാക്കാമോ?

## <u>സ്കൂൾ പരിസരത്ത് ലഹരി വില്പന തടയാൻ നടപടി</u>

4261 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിന് വേണ്ടി എക്സൈസ് വകുപ്പ് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് മാഫിയകൾ ഉൾപ്പെടെ ലഹരി വില്പന നടത്തുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് എക്സൈസ് വകുപ്പിനെ

അറിയിക്കുന്നതിന് വേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>ആദിവാസി, തീരദേശ മേഖലകളിലെ ലഹരിവർജ്ജന പ്രവർത്തനങ്ങൾ</u>**

4262 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി ആദിവാസി, തീരദേശ മേഖലകൾ കേന്ദ്രീകരിച്ച് യുവജനങ്ങൾക്കായി നടത്തി വരുന്ന ബോധവല്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി മേഖലയിൽ ലഹരിയ്ക്ക് അടിമപ്പെട്ട് പഠനം ഉപേക്ഷിക്കപ്പെട്ട വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) ലഹരിവർജ്ജനവുമായി ബന്ധപ്പെട്ട് ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നടത്തുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

**<u>ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ</u>**

4263 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിനെതിരെയുള്ള സന്ദേശം യുവജനങ്ങളിൽ എത്തിക്കുന്നതിനായി ഗോൾചലഞ്ച് എന്ന പേരിൽ നടത്തിയ പ്രചാരണ പരിപാടിയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ യുവജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ കാമ്പയ്നിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾക്കൊള്ളിക്കുന്നതിനും പ്രസ്തുത പ്രചരണ പരിപാടികൾ വിദ്യാലയങ്ങളിലേയ്ക്കും കലാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

(ഡി) ലഹരി വിരുദ്ധ കാമ്പയ്ൻ വിഷയമാക്കിക്കൊണ്ടുള്ള കലാരൂപങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്ന മികച്ച സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക പുരസ്കാരങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദ് ചെയ്യുവാൻ നടപടി

4264 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ ക്ലബ്ബുകൾക്ക് അനുവദിച്ചിട്ടുള്ള ബാർ ലൈസൻസുകൾ ഘട്ടംഘട്ടമായി റദ്ദ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിൽ എത്ര ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്;

(സി) പുതിയ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളിലെ പുതിയ ഹോട്ടലുകൾക്ക് ബാർ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ടൂറിസം വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരിന് ലഭിച്ച എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിശോധിച്ചുവരുന്നത് എന്ന് വിശദമാക്കാമോ;

(ഇ) ലൈസൻസ് നൽകിയ ഹോട്ടലുകൾക്കും ക്ലബ്ബുകൾക്കും മദ്യവില്പനയ്ക്ക് പരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യ ഉല്പാദന കമ്പനികൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും മദ്യ ഉല്പാദന കമ്പനി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

## എൻ.ഡി.പി.എസ്. കേസുകൾ

4265 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ശിക്ഷ വിധിച്ച എത്ര എൻ.ഡി.പി.എസ്. കേസുകളിൽ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ട്; എത്ര കേസുകളിൽ ഉത്തരവ് വന്നിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഉത്തരവ് വന്ന കേസുകളിൽ എത്ര കേസുകളിൽ കീഴ്ക്കോടതി വിധി ശരിവച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ വിട്ടയച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രതികളെ ഹൈക്കോടതി വിട്ടയച്ച എത്ര കേസുകളിൽ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ലഹരി ഉപയോഗം തടയാൻ നടപടി

4266 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലും തീരദേശമേഖലയിലും യുവാക്കൾ ലഹരി ഉപയോഗത്തിൽ എത്തിപ്പെടാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലകളിലെ യുവാക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടാതെ മറ്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**പാപ്പിനിശ്ശേരി എക്സൈസ് റേയ്ഞ്ച് ഓഫീസിന് സ്വന്തം കെട്ടിടം**

4267 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി എക്സൈസ് റേയ്ഞ്ച് ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ ജില്ലാഭാരവാഹികളുടെ പരാതി**

4268 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പ് സമയത്ത് പണം നൽകാത്ത ബാറുടമകളുടെ പേരിൽ അനധികൃതമായി എക്സൈസ് കേസെടുക്കുന്നു എന്ന ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസോസിയേഷൻ ജില്ലാഭാരവാഹികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(സി) ഈ പരാതിയിൽ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ഉണർവ് പദ്ധതി**

4269 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കുന്ന ഉണർവ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഉണർവ് പദ്ധതിയോടനുബന്ധിച്ച് കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക

സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഉണർവ് പദ്ധതി ഫലപ്രദമാണെങ്കിൽ കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കാസർഗോട് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ നടപടി**

4270 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് ഭരണാനുമതി ലഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) വർഷങ്ങൾക്ക് മുമ്പാണ് ഭരണാനുമതി ലഭിച്ചതെങ്കിൽ നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നത് എവിടെയാണെന്നും അതിനാവശ്യമായ ഭൂമി ലഭ്യമായതെങ്ങനെയെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തർക്കം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ അതോ പരിഹരിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ?

**വിമുക്തി മിഷൻ**

4271 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിമുക്തി മിഷന് കീഴിലെ ഡി അഡിക്ഷൻ സെന്ററുകൾ മുഖേന എത്ര പേർക്ക് ചികിത്സ നൽകിയിട്ടുണ്ട്;

(ബി) പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾ ഇപ്രകാരം ചികിത്സ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
21-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].